
അധികാരം ജനങ്ങളിലേക്ക്

# ഒൻപതാം പദ്ധതി ജനകീയ പദ്ധതി.

## തൊളിക്കോട് ഗ്രാമ പഞ്ചായത്ത്.



# സമഗ്രവികസന റിപ്പോർട്ട്

## 1996 – 1997

*" ഗ്രാമസഭകളിൽ നിന്നും പൊന്തിവന്ന*
*അഭിപ്രായങ്ങൾ നിർദ്ദേശങ്ങൾ*
*പഠനപര്യടനകണ്ടെത്തലുകൾ*
*കുടുംബ സർവ്വേ കണക്കുകൾ*
*വിഭവശേഖരണ വെളിപ്പെടുത്തലുകൽ*
*വിവിധ വകുപ്പു മേധാവികളുടെ റിപ്പോർട്ടുകൾ"*


*ഇവയുടെ വെളിച്ചത്തിൽ*
*പഞ്ചായത്തുതല ആസൂത്രണ സമിതി പ്രവർത്തകർ*
*വസ്തുനിഷഠമായി തയ്യാറാക്കിയ*
*ഈ ഗ്രാമ പഞ്ചായത്തിന്റെ*
*സമഗ്ര വികസന റിപ്പോർട്ട്*
*നിങ്ങളുടെ നിർദ്ദേശങ്ങൾക്കും*
*അംഗീകാരത്തിനുമായി*
*സമർപ്പിക്കട്ടെ!!!*

***തൊളിക്കോട് ഗ്രാമപഞ്ചായത്തു സമിതി.***


ഗാന്ധിജിയുടെ ചിത്രം

*"രാഷ്ട്രത്തിന്റെ സ്വത്ത് ഗ്രാമീണ ജനതയാണ്*
*ഗ്രാമത്തിന്റെ വികസനമാണ് യഥാർത്ഥ വികസനം*
*ഗ്രാമസ്വരാജ് ആണ് എന്റെ ലക്ഷ്യം"*

മഹാത്മാ ഗാന്ധി.



## നിലവിലുള്ള ഭരണ സമിതി അംഗങ്ങൾ





പ്രസിഡന്റ്

**ശോഭനാജോർജ്**



വൈസ് പ്രസിഡന്റ്

**എ. ഷീഹാബ്ദീൻ**

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

**പി. പുഷ്പാംഗദൻ**

### അംഗങ്ങൾ




**പി. അശോകൻ**
മെമ്പർ



**കെ. പങ്കജാക്ഷൻ**
മെമ്പർ



**വി. അംബികാകുമാരി**
മെമ്പർ



**എൻ.എം. സാലി**
മെമ്പർ



കെ. വാഹിദാബീവി
മെമ്പർ



എൻ. ശശിധരൻ നായർ
മെമ്പർ



ബി. സുലോചന
മെമ്പർ

## **നന്ദി ** ഹൃദയപൂർവ്വം ...........

വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്ന് വന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച്
ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വേണ്ടി
ചുരുങ്ങിയ പരിമിതികൾക്കുള്ളിൽ ഈ ഗ്രാമ പഞ്ചായത്തു സമിതിയുമായി
ഒത്തുചേർന്ന് പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥാനുദ്യോഗസ്ഥർക്കും
നിസ്സീമമായ നന്ദി രേഖപ്പെടുത്തട്ടെ

വിനയപൂർവ്വം

**ശോഭനാ ജോർജ്**
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

## * * * പണിപ്പുരയിൽ * * *

**എൻ. ഗോപാലകൃഷ്ണന്**
(റിസോഴ്സ് പേഴ്സൺസ് ബ്ലോക്ക് പഞ്ചായത്ത് കൺവീനർ)

**അഡ്വ: ഉവൈസ്ഖാൻ**
(റിസോഴ്സ് പേഴ്സൺ തൊളിക്കോട് പഞ്ചായത്ത് കൺവീനർ)

**K.N കൃഷ്ണൻ കുട്ടി**
(ജീവനക്കാരുടെ സമിതി ചെയർമാൻ)

**C.G പ്രസാദ്**
(കൺവീനർ: ജീവനക്കാരുടെ സമിതി.

**മാങ്കാട് സുകുമാരൻ (DRP)**

**എ. അബ്ദുൽ ഖരീം (DRP)**

**മറ്റ് DRP മാർ, LRPമാർ**

വിവിധ വകുപ്പ് ഉദ്യോഗസ്ഥർ,
സാമൂഹ്യ പ്രവർത്തകർ, എന്നിവർ


**പഞ്ചായത്ത് ഓഫീസ് ജീവനക്കാർ**

1. ഏലിയാമ്മ ചാക്കോ – സെക്രട്ടറി
2. പി. ഗോപിനാഥൻ നായർ – ഹെഡ് ക്ലാർക്ക്
3. എ. പുരുഷോത്തമൻ } യു.ഡി.ക്ലാർക്ക്മാർ
4. പി.ലളിത }
5. എസ്സ്. രാധാകൃഷ്ണ കമ്മത്ത് } എൽ.ഡി ക്ലാർക്ക്മാർ
6. എ. ഷാജഹാൻ }
7. ഐ. അബ്ദുൽ സലിം – പ്യൂൺ
8. എം.യുസഫ് കുഞ്ഞ് – പാർടൈം സ്വീപ്പർ
9. എ. ഉമൈഫ – ഡെയിലി വേജസ്സ്


# റിപ്പോർട്ടിനാധാരമാക്കിയ രേഖകൾ

1. വിശേഷാൽ ഗ്രാമസഭാ റിപ്പോർട്ടുകൾ
2. ദ്വിതീയ വിവരശേഖരം
3. പഠന പര്യടന റിപ്പോർട്ട്
4. വിഭവഭൂപടം
5. സ്ഥാപനമേധാവികളുടെ റിപ്പോർട്ട്കൾ
6. കുടുംബസർവ്വേ
7. പൗരപ്രമുഖരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും.

പഞ്ചായത്ത് പടം
വാർഡ്തിരിച്ച്



# പഠനപര്യടനചിത്രം




മൊത്തം = 11,800 M = 11.800 KM

പഠനാപര്യടന ചിത്രം

## പഠനാപര്യടനം.




| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി. | ചെറിയകുന്നും, ചരിവും. | കുന്നിലേക്ക് കയറ്റം | താഴ്‌വര. | ചെറിയകുന്നും സമതലങ്ങളും. | | സമതലം | കുന്നിൽ നിന്നുള്ള ഇറക്കം | കുന്നിലേക്കുള്ള കയറ്റം. | കുന്ന്. |
| മൺതരം. | കരിമണ്ണ് കളിമണ്ണ് | വനമണ്ണ് പാറക്കൂട്ടം | വനമണ്ണ് | വനമണ്ണ് | കളിമണ്ണ് | കരിമണ്ണ് കളിമണ്ണ് | കരിമണ്ണ് | കരിമണ്ണ് | കരിമണ്ണ് പാറക്കൂട്ടം. |
| സസ്യാവരണം | തെങ്ങ്, റബ്ബർ വാഴ, മരച്ചീനി | റബ്ബർ കുറ്റിച്ചെടികൾ | യൂക്കാലി, അക്കേഷ്യ, പ്ലാന്റേഷൻ. | | റബ്ബർ. | തെങ്ങ്, റബ്ബർ വാഴ, മരച്ചീനി | റബ്ബർ തെങ്ങ്, വാഴ മരച്ചീനി. | റബ്ബർ തെങ്ങ്. | റബ്ബർ തെങ്ങ്. |
| പരിസ്ഥിതി പ്രശ്നം. | വരൾച്ച. | മണ്ണൊലിപ്പ് | വരൾച്ച | നെൽപാടം നികത്തുന്നു. | നെൽപാടം നികത്തുന്നു. | വരൾച്ച | മണ്ണൊലിപ്പ്. | മണ്ണൊലിപ്പ് | വരൾച്ച. |

ഇതളുകളിലൂടെ .....

1. ആമുഖം, ചരിത്ര പശ്ചാത്തലം
2. കൃഷി, മണ്ണുസംരക്ഷണം, ജലസേചനം
3. മൃഗസംരക്ഷണം, മത്സ്യബന്ധനം
4. കുടിവെള്ളം, പൊതുജനാരോഗ്യം
5. ഊർജ്ജവും, ഗതാഗതവും
6. വിദ്യാഭ്യാസം
7. സംസ്ക്കാരം
8. വ്യവസായം
9. സഹകരണം
10. വനിതാക്ഷേമം
11. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
12. ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
13. വിഭവസമാഹരണം
14. ഇതരമേഖലകൾ
15. ഉപസംഹാരം

# 1 ആമുഖം

**ജനകീയ ആസ്ത്രൂണ പ്രസ്ഥാനം എന്ത്? എന്തിന്?**

"ഒരു വിഷയത്തിൽ പരിശോധിക്കേണ്ട അംശങ്ങൾ ഏതെല്ലാം എന്ന് ആലോച്ചിച്ച് നിശ്ചയിച്ച് കുറിച്ചു വയ്ക്കുന്നതിന് വിഷയവിശകലനം "എന്നും"വിശകലനം ചെയ്ത് സംഗ്രഹിച്ച കുറിപ്പുകളെ തരം തിരിച്ച് ക്രമപ്പെടുത്തി എഴുതുന്നതിനെ ആസ്ത്രൂണം എന്നും പറയാം."ഇന്ത്യയിൽ കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികളും വിഷയവിശകലനം ചെയ്ത് നടപ്പിലാക്കിയത് കേന്ദ്രസംസ്ഥാനപ്ലാനിംഗ് ബോർഡിന്റെ നാല് ചുവരുകൾക്കുള്ളിൽ ഒതുക്കി നിർത്തി ക്കൊണ്ടായിരുന്നു.പ്രശ്നങ്ങളുടെ യാഥാർത്ഥ്യം പൂർണ്ണമായും കണ്ടറിഞ്ഞിട്ടായിരുന്നില്ല ഈ പദ്ധതികൾക്ക് രൂപകല്പന നല്കിയത്. അതിനുള്ള സാധ്യതകളും പരിമിതമായിരുന്നു. അതുകൊണ്ടുതന്നെ കാർഷിക വ്യാവസായിക മേഖലകളിലെന്നല്ല സമസ്ത വികസന മേഖകളിലും ഉദ്ദിഷ്ടഫലംനേടിയെടുക്കാൻ നമുക്ക് കഴിയാതെ പോയി. ഭരണകർത്താക്കളുടേയോ വകുപ്പ് ഉദ്ധ്യോഗസ്ഥൻമാരുടേയോ അനാസ്ഥാകൊണ്ടല്ല ഈ പിഴവ് സംഭവിച്ചതെന്ന് വസ്തുതകൾ പരിശോധിക്കുമ്പോൾ വ്യക്തമാകും.

"ജനകീയ പദ്ധതി " യെന്നാൽ ജനങ്ങളെ സംബന്ധിച്ച കർമ്മക്രമം എന്നാണർത്ഥം. ഈ കർമ്മക്രമം പൂർത്തീകരിക്കാൻ ജനപങ്കാളിത്തം ഉണ്ടെങ്കിൽ മാത്രമേ സാദ്ധ്യമാവുകയുള്ളു. ഇതിനാകട്ടേ നിലവിലുള്ള ആസൂത്രണപ്രവർത്തനങ്ങൾ പര്യാപ്തമല്ലതാനും. ഈ സാഹചര്യത്തിലാണ് ആസൂത്രണം മുകളിൽ നിന്ന് താഴേക്ക് എന്നതിനു പകരം താഴേ നിന്ന് മുകളിലേക്ക് എന്ന യഥാർത്ഥ സമീപനത്തിന് ഒൻപതാം പദ്ധചിയിൽ ഊന്നൽ നൽക്കുന്നത്. എട്ടു പഞ്ചലത്സരപദ്ധതികൾ നടപ്പിലാക്കിയതിലൂടെ എടുത്തു പറയാവുന്ന ധാരാളം നേട്ടങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഉത്പാദനം വേണ്ടിടത്ത് വേണ്ടതുപോലെ ക്രമീകരിക്കാൻ കഴിയാതെ പോയി. ഉല്പാദനവർദ്ധമവിനോടെപ്പമുള്ള ഈ ക്രമീകരണമാണ് ഒൻപതാം പദ്ധതിയിലെ ഏറ്റവും പ്രധാനമായ ലക്ഷ്യം. ഇന്ത്യ സ്വാതന്ത്യലബ്ധിക്ക് ശേഷവും അതിനു മുൻപും ഭിന്നിപ്പിച്ച് ഭരിക്കൽ എന്ന രാഷ്ട്രീയ സങ്കുചിത തന്ത്രത്തിന് വിധേയമാകേണ്ടി വന്ന രാജ്യമാണ്. യഥാർത്ഥ വികസന സംസ്കാരത്തിന് പോറലേൽക്കേണ്ടി വന്നത് ഈ രാഷ്ട്രീയതന്ത്രത്തിന്റെ സ്വാധീനവലയത്തിൽ നിന്നും രാജ്യത്തേയും രാജ്യത്തിലെ ജനങ്ങളേയും കരകയറ്റേണ്ടത് സമൂഹത്തിന്റെ നിലനില്പും വളർച്ചയും ആഗ്രഹിക്കുന്ന ഏതൊരു പൗരന്റെയും കടമയാണ്. ഈ സന്ദർഭത്തിലാണ് കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായ വികസനസംസ്ക്കാരത്തിന്റെ പ്രാധാന്യം ഊന്നി പറയേണ്ടി വരുന്നത്. ദാർശനികവും പ്രത്യയശാസ്ത്രപരവുമായ അഭിപ്രായവ്യത്യാസങ്ങൾ മറന്ന് എല്ലാ രാഷ്ട്രീയപാർട്ടികളും സന്നദ്ധസംഘടനകളും ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിച്ചെങ്കിൽ മാത്രമേ വികസന ലക്ഷ്യം സാദ്ധ്യമാവുകയുള്ളു. ഒൻപതാം പദ്ധതിയുടെ നടത്തിപ്പ് കേരളസർക്കാർ ഈ ആശയത്തിന്റെ പരിപൂർണ്ണത ഉൾക്കൊണ്ടു കൊണ്ടാണ് നിർവഹിക്കാൻ ഉദ്ദേശിക്കുന്നത്. അതിനായി രൂപീകരിച്ചിട്ടുള്ളതാണ് ജനകീയാസൂത്രണപ്രസ്ഥാനം.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ നിയന്ത്രണ നിർവഹണത്തോടെ നടത്തിയെടുക്കുന്നത് നിലവിലുള്ള നിരവധി പ്രശ്നങ്ങൾ പരിഹാരം കാണാനാണ്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തി സ്ഥിരമായി നിലനിർത്തുന്ന അവസ്ഥയെയാണ് വികസനം എന്ന് പറയുന്നത്. ഒരു ന്യൂനപക്ഷത്തിന്റെ ധനികവത്ക്കരണത്തിലേക്കും ഭൂരിപക്ഷത്തിന്റെ ദരിദ്രവത്ക്കരണത്തിലേക്കും നയിക്കുന്നത് വികസനമാവില്ല. ഉല്പാദനം മാത്രമല്ല അതിന്റെ നീതിപൂർവ്വകമായ വിതരണവും വികസനത്തിന് അനുപേക്ഷണീയമാണ്. താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണമേന്മനേടാൻ കഴിഞ്ഞസംസ്ഥാനമാണ് കേരളം. പൊതു വിദ്യാഭ്യാസവും, ആരോഗ്യവും, ഭൂപരിഷ്ക്കരണ നടപടികളും സംഘടിത മേഖലയിലെ ട്രേഡുയൂണിയൻ പ്രസ്ഥാനങ്ങളും സർക്കാർതലത്തിലും അല്ലാതേയും നല്കിയ സംഭാവനകളുമാണ് കേരളത്തിലെ ജീവിതഗുണമേന്മക്ക് ആക്കം കൂട്ടിയത്.

സമസ്തമേഖലയിലുണ്ടായിട്ടുള്ള ഗുണ നിലവാരതകർച്ച വികസന പ്രവർത്തനങ്ങൾക്ക് ശക്തമായ ഒരു വെല്ലു വിളിയായി നില്ക്കുകയാണ്. കാർഷികവ്യവസായികമേഖലകളിലും സേവന ക്ഷേമമേഖലകളിലും മാത്രമല്ല മനുഷ്യന്റെ സാമൂഹിക സാംസ്ക്കാരിക മണ്ഡലത്തിൽ പോലും നിലനിൽക്കേണ്ട ഗുണനിലവാരം തകർന്നടിഞ്ഞിരിക്കയാണ്. ഉല്പാദനമേഖലയിൽ വളർന്നു വന്നിട്ടുള്ള മുരടിപ്പ് ഇതിന്റെ പ്രത്യാഘാതമായി ഉണ്ടായതാണെന്ന് പറയാം. ഉല്പാദനക്ഷമത നിരവധി കാരണങ്ങൾ കൊണ്ട് കുറഞ്ഞത് കൃഷിയെ അനാകർഷകമാക്കി മാറ്റി. 1970 കളുടെ മദ്ധ്യം മുതൽ ഒരു ദശാബ്ദകാലത്തിലേറെ കാർഷികോല്പാദനത്തിൽ വർദ്ധനവേ ഉണ്ടായിട്ടില്ല. വൈദ്യുതിക്ഷാമം നിലവിലുള്ള വ്യവസായങ്ങൾക്കുപോലും ഭീഷണിയായിത്തീർന്നു. തൊഴിലെടുക്കാൻ കഴിവും സന്നദ്ധതയുമുള്ള വരിൽ അഞ്ചിലൊന്ന് പേർക്ക് തൊഴിലവസരങ്ങളില്ല. കേരളത്തിന്റെ പ്രതിശീർഷപദ്ധതി ചിലവ് അഖിലേന്ത്യാശരാശരിയേക്കാൾ താഴെയാണ്. പരിസ്ഥിതി പ്രശ്നങ്ങൾ വികസന മേഖലയിൽ വലിയ ഭീഷണിയായിതീർന്നിരിക്കുന്നു. പ്രശ്നങ്ങൾ പരിഹരിക്കാനുള്ള സർക്കാരിന്റെ കഴിവാകട്ടെ ദൈനംദിനം കുറഞ്ഞുവരികയാണ്. ഗൾഫ് മലയാളികളിൽ നിന്നുള്ള വരുമാനത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാനത്തെ ഉല്പാദനമേഖലക്ക് പ്രയോജനപ്പെടു

ത്താൻ കഴിയുന്നില്ല. ഈ നില തുടർന്നാൽ വൈദേശി കമേധാവികളുടെ സഹായഹസ്തങ്ങൾക്ക് വിധേയമായിട്ടല്ലാതെ ഒരിഞ്ച് പോലും നമുക്ക് മുന്നോട്ട് പോകാനാവില്ല. മുൻകാലഅനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിച്ച് പുതിയൊരു പ്രവർത്തന ശൈലി സുസജ്ജമാക്കിയാലേ നമുക്ക് നിലനിൽക്കാനാകൂ.

ദാരിദ്ര്യവും ദാരിദ്ര്യജന്യരോഗങ്ങളും മുൻകാലങ്ങളെ അപേക്ഷിച്ച് കുറഞ്ഞിട്ടുണ്ട് എന്ന് പറയാനാവില്ല. ആദിവാസികൾ, പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നവർ തുടങ്ങി സമൂഹത്തിലെ ഗണ്യമായ ഒരു ജനവിഭാഗം ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്നും മോചിതമായിട്ടില്ല. ജനസംഖ്യയിൽ 50% ലേറെയുള്ള സ്ത്രീകളുടെ സ്ഥിതിയാകട്ടെ അങ്ങേയറ്റം നിരാശാജനകമാണ്. രാജ്യത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളിൽ കടന്നുകൂടിയിട്ടുള്ള അടിമബോധം മാറ്റിയെടുത്തേ കഴിയൂ. സമത്വവും സ്വാതന്ത്ര്യബോധവും ഉൾക്കൊള്ളുന്നവരും അഭിമാനബോധത്തോടെ നട്ടെല്ലുനിവർത്തിനിന്ന് പ്രതികരിക്കാൻ ശേഷിയുള്ളവരാക്കി സ്ത്രീകളെ വളർത്തിയെടുത്തില്ലെങ്കിൽ വികസനം സാദ്ധ്യമാവുകയില്ല. അധികാരവികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈവന്നിരിക്കുന്ന കനകാവസരം ഉപയോഗിച്ച് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സൂക്ഷ്മശ്രദ്ധയോടുക്കൂടിയുള്ള ആസൂത്രണം സംഘടിപ്പിച്ചേമതിയാവൂ.

തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ 19-9-96 ൽ തൊളിക്കോട് സാംസ്കാരികനിലയത്തിൽ വച്ച് ചേർന്ന ഏകദിന ശില്പശാലയോടെ ആരംഭിച്ചു. തുടർന്ന് 20-9-96 മുതൽ 7-10-96 വരെയുള്ള കാലയളവിനുള്ളിൽ പഞ്ചായത്തിലെ പത്ത് വാർഡുകളുടേയും വിശേഷാൽ ഗ്രാമസഭകൾ ശ്രദ്ധേയമായ നിലയിൽ സംഘടിപ്പിച്ചു. ഒരു നൂതന സംരംഭം എന്നനിലയിൽ വിളംബരജാഥകൾ, പോസ്റ്റർ പ്രദർശനങ്ങൾ, ബോർഡുകൾ,നോട്ടീസ്പ്രചരണങ്ങൾ, ഗൃഹസന്ദർശനപരിപാടികൾ,സ്വാഗതസംഘങ്ങൾ,തുടങ്ങി വിശേഷാൽ ഗ്രാമസഭകൾക്കുള്ള മുന്നൊരുക്കങ്ങൾ എല്ലാവാർഡുകളിലും ആകർഷകമായി നടത്താൻകഴിഞ്ഞിട്ടുണ്ട്. എല്ലാ വാർഡുകളിലുമായി 1212സ്ത്രീകളും 1286 പുരുഷൻമാരും സന്നദ്ധപ്രവർത്തകരും ഉദ്യോഗസ്ഥരുമടക്കം " രണ്ടായിരത്തി അറുന്നൂറി"ലേറെ ആളുകൾ പങ്കെടുത്തത് പ്രത്യേകം ശ്രദ്ധേയമാണ്. പ്രശ്നപരിഹാരങ്ങൾക്കായി വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു. വ്യക്തിപരമായ കാര്യസാദ്ധ്യത്തിന് സഹായകമാകും എന്ന ധാരണയും ഗ്രാമസഭകളിൽ സമ്മേളിച്ചവർക്ക് പലർക്കും ഉണ്ടായിരുന്നു. ഗ്രാമത്തിന്റെ ആവശ്യങ്ങളും പരാധീനതകളും വസ്തു നിഷ്ഠമായി മനസ്സിലാക്കാൻ സഹായകമായിരുന്നു ഗ്രാമസഭാസമ്മേളനങ്ങൾ.

**വിശേഷാൽ ഗ്രാമസഭകൾ ഒറ്റനോട്ടത്തിൽ**

| നമ്പർ | വാർഡിന്റെ പേര് | തീയ്യതി | പങ്കാളിത്തം | | | വിഷയ ഗ്രൂപ്പുകളുടെ എണ്ണം. |
|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | |
| 1. | തേവൻപാറ | 23-9-96 | 39 | 47 | 86 | 12 |
| 2. | ആനപ്പെട്ടി | 24-9-96 | 96 | 86 | 182 | 9 |
| 3. | പുളിച്ചാമല | 20-9-96 | 125 | 154 | 279 | 12 |
| 4. | ചായം | 27-9-96 | 199 | 188 | 387 | 12 |
| 5. | തോട്ടുമുക്ക് | 7-10-96 | 129 | 73 | 202 | 9 |
| 6. | മലയടി | 30-9-96 | 139 | 183 | 322 | 12 |
| 7. | വിനോബാ നികേതൻ | 1-10-96 | 149 | 245 | 394 | 12 |
| 8. | ചെട്ടിയാംപാറ | 1-10-96 | 117 | 86 | 203 | 12 |
| 9. | പനയേക്കാട് | 4-10-96 | 148 | 65 | 213 | 8 |
| 10. | തൊളിക്കോട് | 5-10-96 | 145 | 85 | 230 | 6 |

ഒാക്ടോബർ 28,29,30 തീയ്യതികളിൽ വെള്ളനാട് ബ്ലോക്കുതലത്തിൽനടന്ന പരിശീലനത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയുമടക്കം 8 പേർ പങ്കെടുത്തു. 6-11-96 ൽ പഞ്ചായത്തു തല റിസോഴ്സ് ഗ്രൂപ്പിന്റെ യോഗംകൂടി രണ്ടാം ഘട്ടപ്രവർത്തനങ്ങൾക്കുള്ള രൂപകല്പനനടത്തി. 13- 11-96-ൽ ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചുചേർത്ത് വകുപ്പുതല റിവ്യൂ റിപ്പോർട്ടുകൾ ശേഖരിച്ചു. 16-11-96 ൽ കൂടിയ രണ്ടാം ഘട്ടഏകദിന ശില്പശാലയിൽ 79 പേർ പങ്കെടുത്തു. ദ്വിതീയ വിവരശേഖരണം,കുടുംബസർവ്വേ, വികസനറിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയകാര്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം കമ്മറ്റികളെ ചുമതലപ്പെടുത്തി. 30-11-96 ൽ പഞ്ചായത്തു സമിതി വിളിച്ചുകൂട്ടിയ മുതിർന്നവരുടെ യോഗത്തിൽ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന 16 -കാരണവൻമാർ സംബന്ധിക്കുകയുണ്ടായി. ഒന്നും രണ്ടും ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾക്ക് ചിട്ടയോടും ശ്രദ്ധയോടും കൂടി നടത്താൻ പഞ്ചായത്തിന് കഴിഞ്ഞെങ്കിലും ദ്വിതീയ വിവരശേഖരണം, വികസന റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തികരിക്കാൻ കഴിഞ്ഞില്ല. എങ്കിലും റിസോഴ്സ് ഗ്രൂപ്പിന്റെയും പഞ്ചായത്തു സമിതിയുടേയും തയ്യാറാക്കി ക്രോഡീകരിച്ച വികസനറിപ്പോർട്ട് 12-12-96

ൽ കൂടിയ പഞ്ചായത്തു കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുകയും 23-12-96 ൽ പഞ്ചായത്ത് വികസനസെമിനാർ നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു.

## 2 പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | തൊളിക്കോട് ഗ്രാമപഞ്ചായത്ത് (B ഗ്രേഡ്) |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | തൊളിക്കോട് |
| ബ്ലോക്കുപഞ്ചായത്തു മണ്ഡലങ്ങൾ | - | തൊളിക്കോട് , വിതുര, തോട്ടുമുക്ക് |
| ബ്ലോക്കുപഞ്ചായത്ത് | - | വെള്ളനാട് |
| ജില്ലാപഞ്ചായത്തു മണ്ഡലങ്ങൾ | - | തൊളിക്കോട്, പെരിങ്ങമ്മല. |
| അസംബ്ളി മണ്ഡലം | - | ആര്യനാട് |
| പാർലമെന്റ് മണ്ഡലം | - | ചിറയിൻകീഴ് |
| വിസ്തീർണ്ണം | - | 7102ഏക്കർ 38 സെന്റ്.(22.37 ചതുരശ്ര കിലോമീറ്റർ) |
| അതിരുകൾ | - | കിഴക്ക് - വിതുര, ആര്യനാട്, പടിഞ്ഞാറ് - നന്ദിയോട്<br>തെക്ക് - നെടുമങ്ങാട്, മുനിസിപ്പാലിറ്റി<br>വടക്ക് - വിതുര. |
| ജനസംഖ്യ | - | 27469 (കുടുംബസർവ്വെ പ്രകാരം) |
| ജനസാന്ദ്രത | - | 1031 |
| വാർഡുകൾ | - | 10 |
| പ്രസിഡന്റിന്റെ പേര് | - | ശോഭന ജോർജ് |
| വൈസ് പ്രസിഡന്റ് | - | എ. ഷിഹാബ്ദീൻ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | - | പി പുഷ്പാംഗദൻ |

നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഇന്നത്തെ തൊളിക്കോട് പഞ്ചായത്ത് പ്രദേശം ഉഴമലയ്ക്കൽ പഞ്ചായത്തുൾക്കൊള്ളുന്ന പ്രദേശമായിരുന്നു. അന്ന് പഞ്ചായത്താഫീസ് പ്രവർത്തിച്ചിരുന്നത് നമ്മുടെ പഞ്ചായത്തിലെ പുളിമൂട് എന്ന ഗ്രാമത്തിലായിരുന്നു. ഉഴമലയ്ക്കൽ പഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീ ചായം ഉണ്ണിപ്പിള്ളയെന്ന് വിളിക്കുന്ന കൃഷ്ണപിള്ളയും വൈസ് പ്രസിഡന്റ് ശ്രീ A.A മത്തലിബ് ഉം ആയിരുന്നു. സമുഹ്യപ്രവർത്തകനും പൊതുകാര്യ പ്രസക്തനുമായ ശ്രീ കുഞ്ഞുകൃഷ്ണൻ വൈദ്യർ അന്നത്തെ പഞ്ചായത്ത് മെമ്പറായിരുന്നു. ഉഴമലയ്ക്കൽ പഞ്ചായത്ത് വിഭജിച്ച് വിതുര പഞ്ചായത്ത് നിലവിൽ വന്നു.

1973-ലാണ് തൊളിക്കോട് പഞ്ചായത്ത് രൂപീകൃതമായത്. അതിനുവളരെ മുൻപ് മുതൽ ഈ ആവശ്യം ശക്തമായി ഉയർന്നു വന്നിരുന്നു. അന്ന് ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശം വിതുര പഞ്ചായത്തിന്റെ ഭാഗമായിരുന്നതാണ്. തൊളിക്കോട് ജംഗ്ഷനിൽ മത്സ്യത്തൊഴിലാളിയൂണിയന്റെ വാർഷികോത്ഘാടനത്തിനെത്തിയ അന്നത്തെ പഞ്ചായത്തു വകുപ്പുമന്ത്രി ശ്രീ. അവുക്കാദർകുട്ടിഹക്ക് തൊളിക്കോട് പഞ്ചായത്ത് രൂപീകരിച്ച് കിട്ടണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് നൂറുകണക്കിനാളുകൾ ഒപ്പിട്ടമെമ്മോറാണ്ഡംസമർപ്പിച്ചു. അദ്ദേഹത്തിന്റെ അപ്പോഴത്തെ പ്രതികരണം തികച്ചും അനുകൂലമല്ലായിരുന്നെങ്കിലും തുടർന്നുള്ള സമ്മർദ്ദങ്ങളുടെ ഫലമായിസർക്കാരിൽ നിന്നും അനുകൂലമായ റിപ്പോർട്ട് സമ്പാദിക്കാൻ കഴിഞ്ഞു. തുടർന്ന് വിതുര പഞ്ചായത്തു കമ്മറ്റിയോട് വിഭജനത്തെ സംബന്ധിച്ച അഭിപ്രായം ആരാഞ്ഞപ്പോൾ ഭൂരിപക്ഷം സമിതി അംഗങ്ങളും എതിർക്കുകയാണുണ്ടായത്. എന്നിട്ടും 1-3-1973 ൽ നിലവിൽ വരത്തക്കവിധം തൊളിക്കോട് പഞ്ചായത്ത് രൂപികരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് പുറത്തിറങ്ങി. പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിനെതിരെ ഉത്തരവ് ഇറങ്ങിയതിൽ പ്രതിഷേധിച്ച് അന്നത്തെ വിതുര പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ-കെ. സാംബശിവൻ തൽസ്ഥാനം രാജിവെച്ചു. തെരഞ്ഞെടുക്കപ്പെട്ട സ്വഭാവം മാറിയ വിതുര പഞ്ചായത്തിന്റെ തുടർന്നുള്ള പ്രസിഡന്റ് ആയി വന്നത് ശ്രീ അബുബേക്കർ കുഞ്ഞായിരുന്നു. പുതിയതായി രൂപം കൊണ്ട തൊളിക്കോട് പഞ്ചായത്തിന്റെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വാർഡു സമിതി അംഗങ്ങളായിരുന്ന ശ്രീ. എസ്. കെ. ആശാരി (പുളിച്ചാമല) ശ്രീ. പുഷ്കരപണിക്കർ (പനയ്ക്കോട്) ശ്രീ. എം. അബ്ദുൾഖനി (ആനപ്പെട്ടി) ശ്രീ.കെ വേലായുധൻനായർ (മലയടി) ശ്രീ.ലക്ഷ്മണൻകാണി(റിസർവേഷൻ അംഗം) എന്നിവരും സർക്കാർ നോമിനികളായി ശ്രീ.റ്റി. എം. സാലി, ശ്രീ. എം.ഈസുകുഞ്ഞ്, ശ്രീമതി നളിനി കുഞ്ഞുകൃഷ്ണൻ എന്നിവരെയും ഉൾക്കൊളളിച്ച് കൊണ്ടുള്ള അഡ്ഹോക് കമ്മറ്റി 17-3-73 -ൽ നിലവിൽ വന്നു. ശ്രീ. റ്റി.എം. സാലി ആയിരുന്നു ആദ്യ പഞ്ചായത്തു കമ്മറ്റി പ്രസിഡന്റ്.

തൊളിക്കോട് ഗ്രാമ പഞ്ചായത്തിന്റെ രൂപികരണത്തിനും തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ശ്രദ്ധേയമായ നേതൃത്വം നല്കി അവിസ്മരണീയമായ നിരവധി പ്രവർത്തനങ്ങൾ കാഴ്ച വച്ച പല മഹത് വ്യക്തികളെയും ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം സ്മരിക്കേണ്ടതുണ്ട്. ശ്രീ. റ്റി. എം സാലി, പി. എം. ഇസ്മായിൽ, എൻ. എം സാലി, എ. അബ്ദുൾറഷീദ്, ഫോറസ്റ്റർ അലിയാ

രുകുഞ്ഞ്, എസ്. സെയ്നുദ്ദീൻ, എൻ .അബ്ദുൾ ബഷീർ, റ്റീച്ചർ. അലിയാരുകുഞ്ഞ്. ചെറുവുക്കോണം ബേക്കർ, എം. മുഹമ്മദ് അബ്ദുൾ ഖാദർ, എന്നിപേരുകൾ പ്രത്യേകം എടുത്ത് പറയേണ്ടതാണ്. പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നതിനായി സൗജന്യമായി കെട്ടിടം വിട്ടുതരികയും പഞ്ചായത്തിന്റെ വളർച്ചക്ക് ത്യാഗപൂർവ്വമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള ശ്രദ്ധേയനായ ഒരു വ്യക്തിയാണ്, വിദ്യാഭ്യാസവകുപ്പ് റിട്ടയേർഡ് സൂപ്രണ്ട് ശ്രീ. എ. എ ബേക്കർ 14000- രൂപയും നാമമാത്രമായ ഉപകരണങ്ങളുമായി രൂപീകൃതമായതൊളിക്കോട് ഗ്രാമപഞ്ചായത്ത് ഇന്ന് വളരെയേറെ മുന്നിലാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, റോഡുകൾ, ആരോഗ്യകേന്ദ്രങ്ങൾ, ആധുനിക വാർത്താമാധ്യമങ്ങൾ തുടങ്ങി വികസനത്തിന്റെ വിവിധ മേഖലകളിൽ ഗണ്യമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഹ്രസ്വ കാലത്തിനിടയിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്ത് രൂപീകരണത്തിനു ശേഷമുള്ള ഭരണസമിതിയുടെ വിവരങ്ങൾ താഴെചേർക്കുന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റ്റി.എം. സാലി, 1973-79.(നോമിനേറ്റഡ് കമ്മറ്റി) 29-9-79 മുതൽ 10-12-1982 വരെ പ്രസിഡന്റ് എസ്. കെ. ആശാരി അംഗങ്ങൾ.

1. തേവൻപാറ – റ്റി. എം സാലി
2. ആനപ്പെട്ടി – എം. അബ്ദുൾഖനി
3. പുളിന്താമല – എസ്. കെ ആശാരി
4. ചായം – ജി. രവീന്ദ്രൻ നായർ (ചാരുപാറരവി)
5. തോട്ടുമുക്ക് – വി. പുരുഷോത്തമൻ
6. മലയടി – പി. പുഷ്പാംഗദൻ
7. ചെട്ടിയാം പാറ – പി. കെ അമ്മുക്കുട്ടി
8. ചെറുവുക്കോണം – റ്റി. രാജൻ
9. പനയക്കോട് – എം. പ്രതാപചന്ദ്രൻ നായർ

10-12-82 ൽ ഒരംഗം കൂറുമാറിയതോടെ പഞ്ചായത്തിൽ അവിശ്വാസം വന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എസ്.കെ ആശാരി, പ്രസിഡന്റ് സ്ഥാനം രാജിവെച്ചു. തുടർന്ന് എം. അബ്ദുൾഖനി പ്രസിഡന്റായും, പി. പുഷ്പാംഗദൻ വൈസ്പ്രസിഡന്റായും അധികാരമേറ്റു. 30-10-84 മുതൽ 2-2-88 വരെ പഞ്ചായത്തിന്റ ഭരണം താലൂക്ക് പഞ്ചായത്താഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു. 6-2-88 മുതൽ 27-7-93 വരെ എം. അബ്ദുൾ ഖനി പ്രസിഡന്റും ,വൈസ്പ്രസിഡന്റ് പി. സുശീലയുമായിരുന്നു.

കമ്മറ്റിയംഗങ്ങൾ

1. തേവൻപാറ – പി.എം. ഇസ്മായിൽ
2. ആനപ്പെട്ടി – എം. അബ്ദുൾ ഖനി
3. പുളിന്താമല – എസ്. കെ ആചാരി
4. ചായം – എൻ. ശശിധരൻ നായർ
5. തോടുമുക്ക് – ബി. വേണുഗേപാലൻ നായർ
6. മലയടി – പി. സുശീല
7. വിനോബാനികേതൻ – ആർ. കൃഷ്ണൻനായർ
8. ചെട്ടിയാംപാറ – സി. പൊന്നമ്മ
9. പനയ്ക്കോട് – പി. വിജയകുമാരൻ നായർ
10. തൊളിക്കോട് – എൽ. സുകുമാരൻ

27-7-93 ൽ അവിശ്വാസം വന്നതിന്റെ അടിസ്ഥാനത്തിൽ അബ്ദുൾ ഖനി പ്രസിഡന്റ് സ്ഥാനം ഒഴിയുകയും പി. സുശീല ആക്റ്റിംഗ് പ്രസിഡന്റായി ചാർജെടുക്കുകയും ചെയ്തു. 10- 12-94 ൽ പഞ്ചായത്ത് കമ്മറ്റി നിയമാനുസൃതമല്ലാതായതിനെ തുടർന്ന് പഞ്ചായത്തുഭരണം താലൂക്ക് പഞ്ചായത്താഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കീഴിലായി.

4-10-95 മുതൽ പ്രസിഡന്റ് – ശോഭനാജോർജ്

വൈസ് പ്രസിഡന്റ് – എ.ഷിഹാബ്ദീൻ.

സ്റ്റാന്റ്റിംഗ് കമ്മറ്റി
ചെയർമാൻ – പി. പുഷ്പാംഗദൻ

## കമ്മറ്റി അംഗങ്ങൾ

1. തേവൻപാറ – വാഹിദാ ബീവി
2. ആനപ്പെട്ടി – എ. ഷിഹാബ്ദീൻ
3. പുളിച്ചാമല – വി. അംബികകുമാരി
4. ചായം – എൻ. ശശിധരൻ നായർ
5. തോട്ടുമുക്ക് – ശോഭനാ ജോർജ്
6. മലയടി – പി. പുഷ്പാംഗദൻ
7. വിനോബാനികേതൻ – എസ്. സുലോചന
8. ചെട്ടിയാം പാറ – പി. അശോകൻ
9. പനയ്ക്കോട് – കെ. പങ്കജാക്ഷൻ
10. തൊളിക്കോട് – എൻ. എം. സാലി

വളരെ കുറഞ്ഞ കാലത്തെ ചരിത്രംമാത്രമെ നമ്മുടെ പഞ്ചായത്ത് ഭരണത്തിനുള്ളൂ. നോമിനേറ്റഡ് കമ്മറ്റിയായി അധികാരത്തിൽ വന്ന കമ്മറ്റി വിവിധ മേഖലകളിലെ വികസനങ്ങൾക്ക് തുടക്കമിട്ടു. നാല്പത് ലക്ഷം വീടുണ്ടായിരുന്ന പഞ്ചായത്തിൽ നൂറു ലക്ഷം വീടാക്കി വളർത്താനും അതിനായി 8 ഏക്കർ പുരയിടം വാങ്ങുന്ന തിനും പഞ്ചായത്ത് കമ്മറ്റിക്ക് കഴിഞ്ഞു. പ്രൈമറി ഹെൽത്ത് സെന്റിനും, സബ് സെന്ററിനും പഞ്ചായത്താഫീസിനും, സർക്കാർ ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങിയത് ഈ പഞ്ചായത്തു കമ്മറ്റിയുടെ കാലത്താണ് തുടർന്ന് അധികാരത്തിൽ വന്ന ഓരോ കമ്മറ്റികളും ഭരണപ്രതിപക്ഷകക്ഷിഭേദമില്ലാതെ നിരവധി വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയിട്ടുണ്ട്. എങ്കിൽപോലും അവിശ്വാസം രേഖപ്പെടുത്തലും പഞ്ചാ

യത്ത് ഭരണം നിർജ്ജീവമാവുകയും ചെയ്തത് നമ്മുടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് അല്പ മെങ്കിലും തടസ്സമായിട്ടുണ്ട്.

## 3 സാമൂഹിക സാംസ്കാരിക ചരിത്രം

തൊളിക്കോട് പഞ്ചായത്തിന്റെ തനതായ ചരിത്രം ഹ്രസ്വമാണെങ്കിലും ഈ പ്രദേശം ഉൾക്കൊള്ളുന്നത് പ്രാചീന ചരിത്ര യാഥാർത്ഥ്യങ്ങളുടെ ഉൾത്തുടിപ്പുള്ള സ്ഥലത്താണ്. ത്യാഗസമ്പന്നരായ നമ്മുടെ പൂർവ്വികർ വരച്ചു കാട്ടിയ പാതയിലൂടെയുള്ള പ്രയാണമാണ് നാം നടത്തുന്നത്. എന്നിട്ടും അതിൽനിന്നും ഉൾ ക്കോളേണ്ട നിരവധി പാഠങ്ങൾ നാം വിസ്മരിച്ചിരി ക്കുകയാണ്. പഴമയുടെ സത്തഉൾക്കൊണ്ട് കൊണ്ട് ശാസ്ത്രയാഥാർത്ഥ്യങ്ങളുടേയും ശാശ്വത മൂല്യങ്ങളു ടേയും അടിസ്ഥാനത്തിലുള്ള വളർച്ചയാണ് എല്ലാ സമൂ ഹത്തിനും അഭികാമ്യമായിട്ടുള്ളത്. പഞ്ചായത്തിന്റെ ഭര ണചരിത്രം തന്നെ ത്യാഗത്തിന്റെയും സേവനത്തി ന്റേയും സാരാംശങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. 1953 ആഗസ്റ്റ് 15 -ാം തീയതി ആര്യനാട് പഞ്ചായത്ത് രൂപം കൊള്ളുമ്പോൾ വിതുര, ആര്യനാട്, തൊളിക്കോട്, ഉഴമലയ്ക്കൽ പഞ്ചായത്തുകൾ ആര്യനാട് പഞ്ചായ ത്തിന്റെ ഭാഗമായിരുന്നു. 1960 ൽ കേരളാ പഞ്ചായത്ത് ആക്ട് നിലവിൽ വന്നതോടെയാണ് പഞ്ചായത്ത് ഭരണം ആരംഭിക്കുന്നത്. എങ്കിൽപ്പോലും ജീവനക്കാർക്ക് ശമ്പളം നൽകാൻപോലും പഞ്ചായത്തുകൾക്ക് പണ മുണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ നിരവധി ആവശ്യ ങ്ങൾ പഞ്ചായത്ത് പ്രസിഡന്റ് സ്വന്തം പണം ഉപയോ ഗിച്ചാണ് പലപ്പോഴും നിർവഹിച്ചിരുന്നത്. 1962 ൽ ഉഴമ ലയ്ക്കൽ A വില്ലേജും ആര്യനാട് B വില്ലേജും ചേർന്ന് ഉഴമലയ്ക്കൽ പഞ്ചായത്തും ആര്യനാട് A

വില്ലേജും ഉഴമലയ്ക്കൽ B വില്ലേജും ചേർന്ന് ആര്യനാട് പഞ്ചായത്തും മാറുകയാണുണ്ടായത്.

ഇത്തിക്കാടും, കടയ്ക്കാടും നിറഞ്ഞ് തകരച്ചെ ടികൾ വളർന്ന് കാടായിക്കിടന്നിരുന്ന സ്ഥലമാണ് തൊളി ക്കോട് നടപ്പാതകൾ എന്ന് പറയാവുന്ന ഊട്വഴികൾ മാത്രമാണ് 1940-44 കാലത്ത് തൊളിക്കോടിന്റെ സ്ഥിതി. കാളവണ്ടിയുടെ അച്ചിൽ നിന്നും പുരണ്ടിരിക്കുന്ന കിലു സുക്ഷിച്ചില്ലെങ്കിൽ വസ്ത്രങ്ങളെ വൃത്തികേടാ ക്കുമായിരുന്നു. മഴക്കാലമായാൽ തൊളികെട്ടികിടക്കു ന്നതിനാൽ മനുഷ്യർക്ക് സഞ്ചരിക്കാനാവുമായിരുന്നില്ല. തൊളികെട്ടികിടക്കുന്ന സ്ഥലം - തൊളിത്തോട് രൂപം പ്രാപിച്ചാണ് തൊളിക്കോട് എന്ന പേരുണ്ടായതെന്ന് പഴ മക്കാർ വ്യക്തമാക്കുന്നു.

ജനവാസം വളരം ക്കുറഞ്ഞ പ്രദേശമായിരുന്നു. പൊതുവേ മരച്ചീനി കൃഷിത്താണ് മുഖ്യ പ്രധാന്യം. കര നെല്ല് ധാരാളമായി ഉല്പാദിപ്പിച്ചിരുന്നു. കൃഷിക്കാർ വളരെ അഭിമാനത്തോടെയാണ് കാർഷികജോലികളിൽ ഏർപ്പെട്ടിരുന്നത്. ഇന്നത്തെപ്പോലെ യാതൊരു വിധസാ മ്പത്തിക സഹായങ്ങളും കൃഷിക്കാർക്ക് ലഭിച്ചിരുന്നില്ല. 1940 വരെ സാധാരണക്കാർ അല്പം പോലും പരിഗണി ക്കാതിരുന്നത് റബ്ബർ കൃഷിയെയാണ്. വലിയവേങ്കാട്, ലക്ഷമി, പൊൻപാറ എസ്റ്റേറ്റുകൾ മാത്രമാണ് അക്കാല ത്തുണ്ടായിരുന്നത്.തുടർന്ന് 10 ഏക്കർ വരെ സ്വന്തമാ യുളളവർ റബ്ബർ കൃഷിചെയ്യാൻ തയ്യാറായി. ഇന്ന് 10 സെന്റിന്റെ ഉടമയും റബ്ബർ കൃഷിയിൽതാല്പര്യം കാണി ക്കുന്നത് നമ്മുടെ ഭക്ഷ്യമേഖലയെ തകിടം മറിച്ചിരിക്കു കയാണ്. താഴ്ന്ന ജാതിയിൽപ്പെട്ടവരെന്ന് സങ്കൽപി ച്ചിരുന്നവരാണ് സാധാരണ കാർഷികജോലികൾ വയൽ കൃഷിയുമായി ബന്ധപ്പെട്ട് ചെയ്തിരുന്നത്. കാർഷിക ജോലികളിൽ വീഴ്ചവരുത്തുന്ന കർഷക പ്രമാണിമാരെ ശകാരിക്കുന്നവരായിരുന്നു കർഷകത്തൊഴിലാളികൾ. കൃഷിക്കാരും കൃഷിപ്പണിക്കാരും ചേർന്ന ഒരു കൂട്ടുകു ടുംബസമ്പ്രദായമാണ് കാണാൻ കഴിഞ്ഞിട്ടുള്ളത്. കൃഷി പ്പണികൾ ആത്മാർത്ഥതയോടെ ചെയ്തു തീർക്കാൻ തൊഴിലാളികളെ ആരും പഠിപ്പിക്കേണ്ടതില്ലായിരുന്നു. കാമുകീകാമുകന്മാരുടെ പ്രേമസാഫല്യം വിഷയമാക്കി യുള്ളകൊയ്ത്തുപാട്ടുകളും നടീൽ പാട്ടുകളും കാർഷി കജോലികൾക്ക് ഉത്സാഹം പകർന്ന് കൊടുത്തിരുന്നു.

കലാസാംസ്ക്കാരിക മണ്ഡലങ്ങൾ ഇന്നത്തേതി നേക്കാൾ മെച്ചമായിരുന്നെന്ന് വേണം പറയാൻ. നിസ്വാർത്ഥമായി കലാ സ്നേഹികളായ കുറേ ആളു കൾ ചേർന്നാണ് കലാപ്രവർത്തനങ്ങൾ സംഘടിപ്പിച്ചി രുന്നത്. സ്വകാര്യസ്വത്തിനോടും സ്വന്തം കാര്യങ്ങൾ സാധിച്ചെടുക്കുന്നതിനോടും പൊതുവെ ജനങ്ങൾക്ക് താത്പര്യം കുറവായിരുന്നു. യാതൊരുവിധകലാപ ങ്ങളോ, പരസ്പരം ഘട്ടനങ്ങളോഎടുത്തുപറയാവുന്ന തായി ഉണ്ടായിരുന്നില്ല. അയ്യപ്പാനാശാന്റെ നേതൃത്വ ത്തിൽ കുറേ ചെറുപ്പക്കാർ ചേർന്ന് കാക്കാരിശ്ശിനാടക ങ്ങളും കോവിലൻചരിത്രവും പഠിച്ച്അരങ്ങേറിയിരുന്നു 1940 -50 കളിൽ ആര്യനാട് ലളിത, പരപ്പാറകുട്ടൻപിള്ള ആശാൻ എന്നിവർ നിരവധി വീടുകളിൽ തിരുവാതിര കളി പഠിപ്പിച്ചിരുന്നു. 1954-ൽ മലയടികേന്ദ്രമാക്കി സ്ഥാപിച്ച S.N.D.P ശാഖ കലാ സാംസ്ക്കാരികരംഗത്ത് പലസംഭവനകളും നൽകിയിട്ടുണ്ട് 4005-10 നമ്പർ സർവ്വോദയസഹകരണ സംഘം ഒരുതർക്ക പരിഹാര സമിതി എന്ന നിലയിൽ കൂടി പ്രവർത്തിച്ചിട്ടുണ്ട്. വിതുര കേന്ദ്രമാക്കി ആദ്യം അവതരിപ്പിച്ചത് 'കരുണ' എന്ന നാട കമാണ് 1954 -ൽ ചായം പ്രോഗ്രസ്സീവ് ആർട്ട്സ് ക്ലബിന്റെ നേതൃത്വത്തിൽ ചെറ്റച്ചൽ ശ്രീ T. രാമയ്യാപിള്ള

എഴുതിയ 'സമരകാഹളം' എന്ന നാടകം വിതുരയിൽ ടിക്കറ്റ് വച്ച് അവതരിപ്പിച്ചത് പ്രത്യേകം പ്രസ്താവ്യമാണ്. 150 വർഷത്തോളം പഴക്കമുള്ളതാണ് തൊളിക്കോട് മുസ്ലീം ജമായത്ത് പള്ളി. ഇസ്ലാം മതവിശ്വാസികൾക്ക് ഈ പഞ്ചായത്തിൽ 300 വർഷത്തോളം പഴക്കമുണ്ട്. 1952 ൽ സ്ഥാപിച്ച ശരിയത്തുൽ ഇസ്ലാം ലൈബ്രറിയാണ് ഇന്ന് തൊളിക്കോട് ജനതാ ലൈബ്രറിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഐത്തവും ഇന്നത്തേക്കാൾ വലുതായിരുന്നു. ഒറ്റമൂലുമരുന്നുകൾ കൊടുക്കുന്ന നാട്ടുവൈദ്യന്മാർ മന്ത്രവാദികൾ കൂടിയായിരുന്നു. പലരോഗങ്ങൾക്കും പരിഹാരമായി മന്ത്രവാദത്തെ ആശ്രയിച്ചിരുന്ന നിരവധി കുടുംബങ്ങൾ തന്നെ ഉണ്ടായിരുന്നു. താഴ്ന്ന ജാതിക്കാർക്ക് ചായക്കടയിൽ ചായകുടിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും പ്രത്യേക സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത് ഇങ്ങനെയൊക്കെയാണെങ്കിലും അവശത അനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്ന ക്ഷേമ പദ്ധതികളും സാമൂഹ്യപരിഷ്കരണ നടപടികൾക്കും നേതൃത്വം നൽകുന്നതിന് മനുഷ്യസ്നേഹികളായ അനേകം പേർ സജീവമായി രംഗത്തുണ്ടായിരുന്നു. സന്നദ്ധസംഘടനകൾ മതസംഘടനകൾ, ലൈബ്രറികൾ എന്നിവ അടക്കം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയിരുന്നു.

തൊളിക്കോട് മുതൽ വിതുരവരെ അഞ്ചോ ആറോ വീടുകളും മൂന്നോ നാലോ കടകളും മാത്രമാണ് 1940 -കളിൽ ഉണ്ടായിരുന്നത്. അക്കാലത്ത് വീടുകൾ പുല്ലുമേഞ്ഞവയോ ഈറ ഇലകൾ കൊണ്ട് നിർമ്മിച്ചതോ ആയിരുന്നു ഭൂരിപക്ഷവും. ഓലമേഞ്ഞതും ഓടിട്ടതുമായ വീടുകൾ വളരെ കുറവായിരുന്നു. കുടുംബനാഥന് അതിപ്രധാനമായ ഒരു സ്ഥാനമാണ് ഉണ്ടായിരുന്നത്. കുടുംബാംഗങ്ങൾ തമ്മിൽ പരസ്പര സ്നേഹവും പുലർത്തിപോന്നു. ''പാർവത്യകാർ'' (ഇന്നത്തെ വില്ലേജാഫീസർമാർ) എന്ന റവന്യു ഉദ്യോഗസ്ഥനായിരുന്നു അധികാരം മുഴുവനും. ''അധികാരി അങ്ങുന്ന്'' എന്നാണ് പലരും അദ്ദേഹത്തെ വിളിച്ചിരുന്നത്. കട്ടാക്കട ആയിരുന്നു മുഖ്യപോലീസ് സ്റ്റേഷൻ. വിതുരയിൽ ഒരു ഹെഡ്കോൺസ്റ്റബിളും രണ്ട് പോലീസുദ്യോഗസ്ഥരുമുള്ള ഒരു ഔട്ട്പോസ്റ്റ് മാത്രമേ ഉണ്ടായിരുന്നുള്ളു. മിക്ക കോടതികളും നെടുമങ്ങാട് കേന്ദ്രീകരിച്ചായിരുന്നു. അപൂർവ്വം ചില വക്കീലന്മാർ മാത്രമാണ് ഉണ്ടായിരുന്നത്. തഹസീൽദാരും, മജിസ്ട്രേറ്റും മറ്റും വിചാരിച്ചാൽ എന്തും നടക്കും എന്ന കാലമായിരുന്നു അത്. ഇന്നത്തെ (S.I.) സബ്ഇൻസെപ്കടർഓഫ് പോലീസ്) അന്ന് IP (ഇൻസ്പെക്ടർ ഓഫ് പോലീസ്) ആയിരുന്നു. പ്രധാന കാർഷികോൽപന്നങ്ങൾ പാക്ക്, കുരുമുളക്, വാഴക്കുല എന്നിവ ആയിരുന്നു. ഇവ കാളവണ്ടിയിൽ കയറ്റി നെടുമങ്ങാട് കട്ടാക്കട എന്നീ ചന്തകളിലായിരുന്നു വില്പന നടത്തിയിരുന്നത്. കാർഷികാവശ്യത്തിനും ഗാർഹികാവശ്യത്തിനും വെള്ളത്തിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. ഹരിജന സേവാ സംഘം എന്ന സംഘടനയുടെ കീഴിൽ വലിയ വേങ്കോട്ട് കേന്ദ്രീകരിച്ച് ''വിതുര വവേകാദായിനി പാഠശാലയും'' ''വിതുര വിവേകദായിനി വീവിംഗ് സ്കൂളും'' സ്ഥാപിച്ച് കാണിക്കാർക്കും ഹരിജനങ്ങൾക്കും പ്രത്യേകമായി വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകിപോന്നു.

ശ്രീ ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള പ്രസിഡന്റും ശ്രീ എം.ഗോവിന്ദൻ സെക്രട്ടറിയുമായ ഈ സ്ഥാപനത്തിലെ ഒരു പ്രധാന പ്രവർത്തകനായിരുന്നു ശ്രീ എം. എൻ. ഗോവിന്ദൻ നായർ. വലിയവേങ്കോട് ശ്രീ പത്മനാഭപിള്ളയുടെ മാനേജ്മെന്റിൽ വിതുര വിവേകാദായിനി പ്രൈമറി സ്കൂൾ തുടങ്ങിയത് ഇക്കാലത്താണ്. ഈ സ്കൂളിലെ ഒരു ആദ്യകാല അദ്ധ്യാപകനായിരുന്നു, ശ്രീ എം.എൻ. ഗോവിന്ദൻ നായർ. ചങ്ങനാശ്ശേരിക്കാരൻ പാച്ചുപിള്ള കൈമളുടെ ശിക്ഷണത്തിൽ സ്ഥാപിച്ച കുടിപ്പള്ളിക്കൂടമാണ് വിവിദായിനി സ്കൂൾ ആയി രൂപം പ്രാപിച്ചത്. 1924 ൽ തച്ചൻകോട് ശ്രീകൃഷ്ണപിള്ളയും, പറങ്ങോട് ശ്രീ നാരായണപിള്ളയും മുതുപുരം കുഞ്ചുപിള്ളയും കുടിപള്ളിക്കൂടങ്ങൾ നടത്തി പോന്നതായി രേഖയുണ്ട്. ആദ്യകാലത്ത് ഓലയിൽ നാരായം കൊണ്ടെഴുതിയാണ് വിദ്യാർത്ഥികൾ എഴുത്ത് പഠിച്ചിരുന്നത്. 1916 – ൽ പറണ്ടോട് സ്ഥാപിച്ച മിഷൻ സ്കൂൾ ആണ് ഈ പ്രദേശത്തെ ആദ്യവിദ്യാഭ്യാസ സ്ഥാപനം. സാമാന്യഭാഷാ പഠനം കഴിഞ്ഞാൽ സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ പഠിപ്പിക്കുന്നതിന് പ്രത്യേകം അദ്ധ്യാപകരുണ്ടായിരുന്നു. ആറും ഏഴും മൈലുകൾ നടന്നാണ് വിദ്യാർത്ഥികൾ വിദ്യാലയങ്ങളിലെത്തിയിരുന്നത്. റേഷൻകടയിൽ നിന്നും ലഭിക്കുന്ന മുണ്ട് റേഷൻസോപ്പ്, ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ കഴുകിയാണ് 90% വിദ്യാർത്ഥികളും ഉപയോഗിച്ചിരുന്നത്. ബഹുഭൂരിപക്ഷം വിദ്യാർത്ഥികൾക്കും വർഷത്തിൽ ഒന്നോ രണ്ടോ ജോഡി വസ്ത്രം മാത്രമേ കാണുമായിരുന്നുള്ളു. ഏകദേശം സ്വയം പര്യാപ്തമായ ഗ്രാമീണ കുടുംബങ്ങളാണ് പലതും. ഉപ്പോ, മുളകോ, മണ്ണെണ്ണയോ, ആഴ്ചയിലൊരിക്കൽ പുറത്തു നിന്നും വാങ്ങും എന്നതൊഴിച്ചാൽ മിക്ക കുടുംബങ്ങളും വേണ്ട നിത്യോപയോഗ വസ്തുക്കൾ സ്വന്തമായി ഉല്പാദിപ്പിച്ചിരുന്നു. ബഹുഭൂരിപക്ഷമാളുകളും സമാധാനകാംക്ഷികളും ഉത്സാഹശീലരുമായിരുന്നു. സ്ത്രീധന സമ്പ്രദായം വളരെ കുറവായിരുന്നു എന്ന് കാണാം. പല വിവാഹങ്ങളും രാത്രികാലങ്ങളിലായിരുന്നു നടത്തിയിരുന്നത്. ഇന്ന് കാണുന്നു ഒരു തരം പരക്കം പാച്ചിൽ അന്നത്തെ സാമൂഹ്യജീവിതത്തിൽ ദൃശ്യമായിന്നേയില്ല.

# ഭൂപ്രകൃതി വിഭവങ്ങൾ

കുന്നുകളും ചരിവുകളും പാടശേഖരങ്ങളും സമതലങ്ങളും നിറഞ്ഞ പ്രകൃതിമനോഹരമായ ഒരു ഗ്രാമമണ് തൊളിക്കോട് ഫലഭൂയിഷ്ടവും കൃഷിയോഗ്യവുമായ മണൽനിറഞ്ഞ കളിമണ്ണാണ് പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും കാണുന്നത്. മണൽ നിറഞ്ഞ ചെമ്മണ്ണും മണൽ നിറഞ്ഞ കളിമണ്ണും മറ്റു ഭാഗങ്ങളിൽ കാണുന്നു. ധാരാളം പാറക്കൂട്ടങ്ങളും സമ്പത്തു നിറഞ്ഞ വനപ്രദേശങ്ങളും ഈ പഞ്ചായത്തിൽ കാണാം. നീർമറി പ്രദേശങ്ങൾ എന്ന നിലയിൽ പ്രഖ്യാപിക്കാവുന്ന പനയ്ക്കോട് ചെറ്റച്ചൽ, മലയടി തുരുത്തി പ്രദേശങ്ങളിലെ ജനസമ്പത്ത് സംരക്ഷിച്ച് എടുത്താൻ കൃഷിയും ശുദ്ധജല വിതരണത്തിനും ഈ ഗ്രാമപഞ്ചായത്തിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല. പഞ്ചായത്തിന്റെ ബഹുഭീരിപക്ഷം പ്രദേശങ്ങളിലും നാണ്യവിളയാണ് കൃഷി ചെയ്യുന്നത്. രണ്ടാം സ്ഥാനം തെങ്ങിനാണ്. തരിശായിക്കിടക്കുന്ന പ്രദേശം പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കാണാം. ചില കുന്നിൻപ്രദേശങ്ങളിൽ ശക്തമായ വരൾച്ച അനുഭവപ്പെടുന്നു. മണ്ണൊലിപ്പ് നെൽപ്പാടങ്ങൾ നികത്താൻ ജലത്തിന്റെ പാഴ്‌വിനിയോഗം, വേസ്റ്റുകൾ കുന്നുകൂടികിട്ടക്കൽ തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങളെ സൃഷ്ടിക്കുന്നതിനു നിരവധി ഘടകങ്ങൾ നമ്മുടെ പഞ്ചായത്തിൽ കാണാം.

പഞ്ചായത്തിന്റെ ഏറ്റവും സവിശേഷമായ ഒരു പ്രകൃതിദൃശ്യം 800 മീറ്റർ പൊക്കമുള്ള ''ചിറ്റിക്കുന്ന്'' ആണ്. ഏതു ഭാഗത്തു നിന്നു നോക്കിയാലും കാണാൻ കഴിയുന്നത് എന്നർത്ഥത്തിലാണ് ഈ ഗിരിശൃംഗത്തിന് ചിറ്റിക്കുന്ന് എന്ന പേര് ലഭിച്ചത്. മൂന്നു തട്ടുകളായിട്ടാണ് ഇതിന്റെ നില ''ഇരുപ്പുളപ്പൻ പാറ'' എന്ന് ജനങ്ങൾ വളിക്കുന്ന കഴുത്തുപോലുള്ള ഒരു പാറ പർവ്വത സൃംഗത്തിന്റെ അലങ്കാരമായി തലയുയർത്തി നിൽക്കുന്നു. ഒരു പാറയുടെ ഭാഗത്ത് നിന്ന് മറുഭാഗത്തേയ്ക്ക് കല്ല് എറിഞ്ഞാൽ അപ്പുറത്ത് എത്തുന്നില്ല. ഏതുവേനൽക്കാലത്തും മനോഹരമായ കുളിർക്കാറ്റ് ഈ പർവ്വത പ്രദേശത്ത് വീശുന്നുണ്ടാകും. ഒരിക്കലും വറ്റാത്ത് കുളിർ നീരരുവി കുന്നിൻ മുകളിൽ ഒഴുക്കുന്നു. ഭീമന്റെ എന്ന് സങ്കല്പിക്കുന്ന കാൽപാദത്തിന്റെ പാടുണ്ട്. നിവേദ്യത്തിനുപയോഗിക്കുന്ന അടുപ്പുകല്ലും ഈ കുന്നിൻമുകളിൽ സവിശേഷത തന്നെ. ഈ മലമുകളിൽ നിവേദ്യം അർപ്പിച്ചാൽ മഴ ഉണ്ടാകും എന്ന വിശ്വാസം ആദിവാസികൾ ഇന്നും പുലർത്തിപോരുന്നു. ചിറ്റിക്കുന്നിന്റെ നേർ എതിർഭാഗത്തായി 150 ഏക്കറോളം വിസ്തീർണ്ണമുള്ള ''കൊടിതൂക്കിയ കുന്ന്'' ഈ പഞ്ചായത്തിന്റെ മറ്റൊരു സവിശേഷതയാണ്. റിസർവ്വ് വനതരിശായി കിടക്കുന്ന ഈ പ്രദേശത്തിന്റെ താഴ്ഭാഗത്തായി ധാരാളം ആദിവാസികൾ തിങ്ങിപ്പാർക്കുന്നു. നമ്മുടെ പഞ്ചായത്തിന്റെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിൽ ഈ രണ്ട് പ്രകൃതിമനോഹരമായ കുന്നുകളും ശ്രദ്ധേയമായ പങ്ക് വഹിക്കുന്നുണ്ട്.

വിഭവങ്ങൾ പ്രകതിയുടെ സംഭാവനയാണ് ഇത് ഉപയോഗിക്കുന്നത് മനുഷ്യ ധർമ്മവും. നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി വിഭവങ്ങൾ ചിട്ടപ്പെടുത്തിയാൽ മിക്ക പ്രശ്നങ്ങൾക്കും പരഹാരമാകും എന്നു ഉറപ്പാണ്.

" ഈ ഗ്രാമത്തിലെ ഓരോ പ്രശ്നവും മനസ്സിലാക്കി ജനകീയ പങ്കാളിത്തത്തോടെ പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുവാൻ നമുക്ക് ഒത്ത് ചേരാം."

# കൃഷിയും ജലസേചനവും

തൊളിക്കോട് പഞ്ചായത്തിൽ 660 ഹെക്ടർ കൃഷിഭൂമികളാണ് ഉള്ളത്. ഇതിൽ 253 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിയും 145 ഹെക്ടർ സ്ഥലത്ത് തെങ്ങും 50 ഹെ. സ്ഥലത്ത് നെല്ലുമാണ് കൃഷിചെയ്തു പോരുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് നെല്ല്, കുരുമുളക്, മരിച്ചീനി എന്നീ കൃഷികൾ കുറഞ്ഞു വരുന്നതായി കാണുന്നു. വാഴകൃഷി താരതമ്യേന ഭേദപ്പെട്ടു കാണുന്നുണ്ട്. പച്ചക്കറികൃഷി വിരളമായി മാത്രമേ കാണുന്നുള്ളു. പഞ്ചായത്തിന്റെ ചില കേന്ദ്രങ്ങളിൽ വെറ്റിലകൊടികൾ നിലവിലുണ്ട്. തേക്ക്, മാഞ്ചിയം, അൽക്കേഷ്യ, അൽബിസിയ, എന്നീ വൃക്ഷങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നട്ടുവളർത്തുന്നുണ്ട്. കശുമാവ് മരങ്ങൾ അപൂർവ്വം ചില പ്രദേശങ്ങളിൽ മാത്രമേ കാണുന്നുള്ളു.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി 13 ഹെക്ടറോളം കൃഷി സ്ഥലം തരിശായി കിടക്കുകയാണ്. മുഖ്യനാണ്യവിളയായ റബ്ബറിന് നിരവധി രോഗബാധകൾ സമീപകാലത്തായി അധികരിച്ചിട്ടുണ്ട്. ഉല്പാദനക്ഷമത വളരെ കുറഞ്ഞ റബ്ബർ മരങ്ങൾ 53 ഹെക്ടർ സ്ഥലത്തോളം വ്യാപിച്ചുകിടക്കുന്നു. ജല ലഭ്യത ധാരാളമായിട്ടുള്ള പ്രദേശങ്ങളിൽ റബ്ബറിൽ നിന്നുള്ള വരുമാനം ഇതരകാർഷിക വരുനാമത്തേക്കാൾ ദീർഘകാലാടിസ്ഥാനത്തിൽ കണക്കാക്കിയാൽ താഴെയാണ്.. 25,000- ത്തോളം ജനസംഖ്യയുള്ള തൊളിക്കോട് പഞ്ചായത്തിൽ ഒരാൾ പ്രതിദിനം 500 gram അരി എന്ന കണക്കിൽ ഉപയോഗിച്ചാൽതന്നെ 12,500/-kg അരി ആവശ്യമാണ്. ഇത് പ്രതിമാസം 3,75,000 kg പ്രതിവർഷം 45 ലക്ഷവുമാണെന്ന് കാണാം. എന്നാൽ നമ്മുടെ വാർഷിക ഉല്പാദനം 1,50,000 kg. മാത്രമാണ്. ഭക്ഷ്യരംഗത്ത് നിലനിൽക്കുന്ന ഈ രൂക്ഷമായ പ്രതിസന്ധി പരിഹരിച്ചേ തീരു. നെൽകൃഷിയിൽ കീടശല്യം എന്ന പോലെ ഇതര കാർഷികോല്പന്നങ്ങൾക്ക് പന്നി, എലി, പെരിച്ചാഴി തുടങ്ങിയ ക്ഷുദ്രജീവികളുടെ ശല്യം വൻവിപത്തായി മാറികൊണ്ടിരിക്കുകയാണ്. നിലംനികത്തൽ വളരെ ലാഘവത്തോടുകൂടിയാണ് ബഹുഭൂരിപക്ഷം കർഷകരും കാണുന്നത്. വാഴ, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് കാലാകാലങ്ങളിൽ വർദ്ധിച്ചുവരുന്ന രോഗബാധ ഇവയുടെ ഉല്പാദനത്തിനും വളർച്ചയ്ക്കും പ്രതിബന്ധം സൃഷ്ടിക്കുന്നു. കേരകർഷകർ കേരവൃക്ഷങ്ങൾക്ക് ബാധിക്കുന്ന രോഗബാധയാലും നാളീകേരത്തിന്റെ വിലയിടിവിലും നിരാശരാണ്. പ്രഖ്യാപിതമായ ആനുകൂല്യങ്ങൾ അർഹിക്കുന്നവർക്ക് ലിക്കുന്നില്ല എന്ന പരാതിവ്യാപകമായി നിലനിൽക്കുന്നുണ്ട്. കാർഷികമേഖലയിലെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിച്ചെങ്കിൽമാത്രമേ വികസനരംഗത്ത് ഒരുപടിയെങ്കിലും മുന്നോട്ടുപോകാനാകൂ। വിഭവസമാഹരണംകൊണ്ട് പഞ്ചായത്ത് കൃഷിഭവൻ, ഇതര ഡിപ്പാർട്ടുമെന്റുകൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ പ്രാദേശിക തലത്തിൽ അനുഗുണമായി സംയോജിപ്പിച്ചും കാർഷിക മേഖലയെ പരിവർത്തനപ്പെടുത്താം. തൊളിക്കോട് പഞ്ചായത്തിൽ അടിയന്തിരമായി പരിഹരിക്കേണ്ടുന്ന കാർഷികപ്രശ്നങ്ങൾ താഴെ ചേർക്കുന്നവയാണ്.

1. വളം, വിത്ത്, കീടനാശിനികൾ, കാർഷികോപകരണങ്ങൾ എന്നിവ സൗജന്യമായി നൽകുക.
2. നെൽകൃഷിക്ക് കൂട്ടുകൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കുകയും കാർഷിക മേഖലയിൽ സഹകരണാടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം ചെയ്യുകയും ചെയ്യുക.
3. അടുക്കളതോട്ടം 80% വീടുകളിലെങ്കിലും വ്യാപിപ്പിക്കുക.
4. തേനീച്ച വളർത്തൽ, പുഷ്പകൃഷി, കൂൺകൃഷി, ഔഷധസസ്യകൃഷി. പൈനാപ്പിൽ കൃഷി എന്നിവ വ്യാപിപ്പിക്കുക.
5. വിനോബാനികേതൻ കേന്ദ്രീകരിച്ച് ഒരു അഗ്രോ പ്രൊസസിംഗ് യൂണിറ്റ് സ്ഥാപിക്കുക. (പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് തൊഴിൽ നൽകുന്നതിന് ഉതകുന്നത്.)
6. കേരസംഭരണ സംസ്കരണ വിപണനയൂണീറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.
7. സുഗന്ധവിളയായ ഇഞ്ചി, മഞ്ഞൾ എന്നിവ ഫല വൃക്ഷങ്ങൾക്ക് ഇടവിള എന്ന നിലയിൽവേണ്ട പരിരക്ഷ നൽകി പ്രോത്സാഹിപ്പിക്കുക.
8. കിഴങ്ങുവർഗ്ഗങ്ങളായ ചേന, ചേമ്പ്, മധുരകിഴങ്ങ്, നനകിഴങ്ങ്, മരച്ചീനി, ചെറുകിഴങ്ങ്, കൂവ്വക്കിഴങ്ങ് എന്നിവയെ കിഴങ്ങുവർഗ്ഗ വികസന പദ്ധതിയിൽപെടുത്തി നടപ്പിലാക്കുക.

9. ഒരു വീടിന് ഒരു കമ്പോസ്റ്റുകുഴിയും കുറേ പച്ചിലവളങ്ങളും എന്ന ആശയും പരിപോഷിപ്പിച്ച് നടപ്പിലാക്കുക.

10. നാണ്യവിളകളുടെ കീടരോഗനിവാരണത്തിനും തൊഴിലില്ലാത്ത യുവാക്കളെ ഉൾകൊള്ളിച്ചുകൊണ്ട് ഒരു പഞ്ചായത്ത് തല മരുന്നുതളി സംഘം രൂപികരിച്ച് അവർക്ക് പരിശീലനം കൊടുക്കുക.

11. ചെറുവക്കോണം പ്രദേശത്ത് തരിശായി കിടക്കുന്ന 4 ഹെക്ടറോളം സ്ഥലം പഞ്ചായത്ത് പാട്ടത്തിനെടുത്ത് കേന്ദ്രീകൃത പച്ചക്കറിതോട്ടം നിർമ്മിക്കുക.

12. ചെറുവക്കോണത്ത് പട്ടികജാതി കോളനികൾ ഫലപ്രദമായി ഉപയോഗിക്കാതെ ഒഴിഞ്ഞുകിടക്കുന്ന കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള അഗ്രോ സർവ്വീസ് സെന്റർ വിതുര, തൊളിക്കോട്, ഉഴമലയ്ക്കൽ, ആര്യനാട്, എന്നീ പഞ്ചായത്തുകളിലെ കൃഷിക്കാരെ പരിശീലിപ്പിക്കുന്നതിനുള്ള ഒരു മേഖല കാർഷിക പരിശീലനകേന്ദ്രമാക്കി ഉയർത്തുക.

13. റബ്ബർ റോളറുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്നും ഉപയോഗശൂന്യമായി പരിസരമലിനീകരണമുണ്ടാക്കുന്ന ആസിഡ് ജലം ഉപയോഗിച്ച് ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്ന പദ്ധതി പരിപോഷിപ്പിക്കുക.

14. നെൽപ്പാടങ്ങളിൽ മൂന്നാം വിളയായി പയറുവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതി തയ്യാറാക്കുക.

15. ജല ലഭ്യതയുള്ള പ്രദേശങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുകയും കര നെല്ലുല്പാദിപ്പിക്കുന്നതിനാവശ്യമായ വിത്തിനങ്ങൾ വിതരണം ചെയ്യുകയും ചെയ്തുകൊണ്ട് നെല്ലുല്പാദനം ഇരട്ടിയാക്കി വർദ്ധിപ്പിക്കാനുള്ള കർമ്മ പദ്ധതികൾക്ക് രൂപം നൽകുക.

16. ഇതര വിളകൾക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക.

17. ചരിവ് കൂടുതലുള്ള പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കല്ലെടുക്ക്, ബണ്ടുനിർമ്മാണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക.

18. ഒരു മരത്തിന് ഒരു കുരുമുളക് കൊടി എന്ന രീതിയിൽ പഞ്ചായത്തിലെ എല്ലാതാങ്ങുമരങ്ങളിലും കുരുമുളക് കൊടി വച്ചുപിടിപ്പിക്കൽ പദ്ധതി നടപ്പിലാക്കുക.

19. ജലസേചനം ലക്ഷ്യമാക്കി സ്ഥാപിച്ചിട്ടുള്ള എല്ലാ പമ്പ് സെറ്റുകൾക്കും സൗജന്യ വൈദ്യുതി ലഭ്യമാക്കുക.

20. ജല സേചനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നിലയിൽ കാലാകാലങ്ങളിൽ ജലസേചന തോടുകൾ കോരിവൃത്തിയാക്കുകയും ആവശ്യമായ കേന്ദ്രങ്ങളിൽ തടയണ കെട്ടി നിർമ്മിക്കുകയും ചെയ്യുക.

21. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള കുളങ്ങൾ വേനൽക്കാലത്തും ജലലഭ്യത ഉണ്ടാക്കത്തക്കനിലയിൽ സജ്ജീകരിക്കുകയും മത്സ്യകൃഷി ആരംഭിക്കുകയും ചെയ്യുക.

തൊളിക്കോട് പഞ്ചായത്തിൽ 8-ാം പദ്ധതിക്കാലത്ത് നടപ്പിലാക്കിയ കാർഷിക മേഖലയിലെ വിവിധ പദ്ധതികൾ ഇങ്ങനെ സംക്ഷേപിക്കാം.

തൊളിക്കോട് കൃഷിഭവൻ തുടങ്ങിയ 1989 കാലഘട്ടത്തിൽ നെൽകൃഷിയുടെ വിസ്തീർണ്ണം 120 ഹെ. വി. ആയിരുന്നു. എന്നാൽ അത് ക്രമേണ കുറഞ്ഞ് ഇപ്പോൾ 50 ഹെക്ടറിൽ നിൽക്കുന്നു. ഇതിന് പ്രധാന കാരണം മറ്റു നാണ്യവിളകളെപ്പോലെ നെൽകൃഷി ലാഭകരമല്ല എന്നുള്ളതാണ്. സാങ്കേതികപരിജ്ഞാനമുള്ള തൊഴിലാളികളുടെ കുറവ് മറ്റു മേഖലകളിൽ താരതമ്യേന ബുദ്ധിമുട്ട് കുറഞ്ഞ പണികൾ അധികമായുള്ളതും കാരണമാണ്. ചെളികളിലിറങ്ങി പണി ചെയ്യുന്നതിനും കൊയ്യുന്നതിനും മെതിക്കുന്നതിനും ഇന്ന് ആളുകളെ കിട്ടാനില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഇത് കൃഷിക്കാരെ മാനസികമായും ശാരീരികമായും തളർത്തി.

നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുമായി ഒട്ടനവധി കാര്യങ്ങൾ മുൻപദ്ധതികളിൽനിന്ന് വ്യത്യസ്ഥമായി 8-ാം പഞ്ചവത്സരപദ്ധതികാലത്ത് നടപ്പിലാക്കുകയുണ്ടായി. 92-93 വർഷത്തിൽ 9216 രൂപയും 94-95 വർഷത്തിൽ 28660 രൂപയും 95-96 -ൽ 25,500 രൂപയും 96-97 -ൽ 9,000/- രൂപയും നെൽകൃഷി ഉല്പാദന ബോണസ്സായി വിതരണം ചെയ്തു. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ ഇന്ന് പഞ്ചായത്തിൽ നിലവിലുണ്ട്. ഇവയുടെ പ്രവർത്തനം പൊതുവേ മന്ദീഭവിച്ചിരിക്കുകയാണ്. ഇവയെ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

ജൈവവളത്തിന്റെ ഉപയോഗം കൂട്ടുന്നതിനും അതുവഴി രാസവളത്തിന്റെ അമിത ഉപയോഗം തടയുന്നതിനുമായി 92-93-ൽ 100 കമ്പോസ്റ്റ് കുഴികളും 94-95 -ൽ 205 കമ്പോസ്റ്റു കുഴികളും നിർമ്മിച്ചു. കമ്പോസ്റ്റു കുഴി ഒന്നിന് 25 രൂപാ സബസിഡി അനുവദിച്ചു. ഇതുമൂലം ഏകദേശം 405 ടൺ കമ്പോസ്റ്റു അധികമായി ഉണ്ടാക്കി. ഇതിനാവശ്യമായ പരിശീലനവും നൽകീട്ടുണ്ട്. നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കീടനാശിനി, കുമിൾ

നാശിനി, കുമ്മായം ഇവ സബ്സീഡി നിരക്കിൽ വിതരണം ചെയ്തു. 92-93 -ൽ 24,130 രൂപ സബ്സിഡിയും പൊതു ഞാറ്റടിക്ക് 1370 രൂപായും 8 സമിതികൾക്കായി നൽകി. നെല്ല് സംഭരണികൾ 4 എണ്ണം പാടശേഖരസമിതിയുടെ അംഗീകാരത്തോടെ നൽകി നെൽകൃഷിക്കാർക്ക് ആവശ്യമുള്ള നെൽവിത്തുകൾ എല്ലാ സീസനിലും വിതരണം ചെയ്തു. 93-94 – വർഷത്തിൽ പ്രധാന മന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ 85% സബ്സിഡിയിൽ പുളിമൂട് പാടശേഖരസമിതിക്ക് ഒരു പവ്വർഡ്രില്ലർ നൽകി 44,000/- രൂപ ഇതിനായി സബ്സീഡി ഇനത്തിൽ നൽകി. 95-96 -ൽ ചായം പാടശേഖരത്തിന് ഒരു പവ്വർ ഡ്രില്ലർ നൽകി. ഇതിനായി 44514 രൂപാ സബ്സീഡി ആയി അനുവദിച്ചു. ഈ പാടശേഖരസമിതികൾക്ക് 93- 94 വർഷത്തിൽ നെല്ലുണക്കുന്നതിന് ടാർപ്പാളിൻ 3750 രൂപാ സബ്സീഡിക്ക് നൽകി93-94 -ൽ പുളിമൂട് തുരുത്തി പാടശേഖരത്തിൽ കുളം, തോട് ഇവ പുനഃരുദ്ധരിക്കുന്നതിനും ഡീസൽ പമ്പ്, സെറ്റ് സ്ഥാപിക്കുന്നതിന് 3,48,500/- രൂപാ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ നൽകി. പ്രത്യേക ധാന്യവികസന പദ്ധതിയിൽ തിരെഞ്ഞെടുത്ത നെൽകൃഷികാർക്ക് കീടരോഗങ്ങളെക്കുറിച്ചും അതിനുള്ള ജൈവകീട നിയന്ത്രണങ്ങളെക്കുറിച്ചും വിശദമായ പരിശീലവും മറ്റും നടത്തുകയുണ്ടായി. 94-95, 95-96, 96-97 വർഷങ്ങളിൽ ഇത് തുടർന്നു. ഇതിനായി 18,000/- രൂപാ ചെലവാക്കി. ഇതുമൂലം കീടരോഗങ്ങളെ തിരിച്ചറിയുന്നതിനും അത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ജൈവ കീടനാശിനികളുടെ ഉപയോഗരീതിയും കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തി. 93-94 വർഷത്തിൽ വെള്ളപൊക്കദുരിതാശ്വാസപദ്ധതിയിൽ പാടശേഖരങ്ങളുടെ ബണ്ടുകൾ പുനഃർനിർമ്മിക്കുന്നതിനും പാടശേഖരങ്ങളിൽ വെള്ളപൊക്കംമൂലം അടിഞ്ഞുകൂടിയ മണ്ണുമാറ്റി കൃഷിക്ക് അനുയോജ്യമാക്കുന്നതിനുംവേണ്ടി 5 ലക്ഷം രൂപാ ചെലവഴിച്ചു. ഇതുമൂലം പാടശേഖരങ്ങളിൽ പുനർകൃഷി നടത്തുന്നതിനും അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. ഈ പണികൾ വെള്ളപൊക്കത്തിൽനിന്ന് പാടശേഖരങ്ങൾക്കുളള ഒരു ശാശ്വത പരിഹാരമാർഗ്ഗംതന്നെയായി നിലകൊള്ളുന്നു.

ഇങ്ങനെ 8-ാം പഞ്ചവത്സര പദ്ധതിയിൽ ചെയ്ത കാര്യങ്ങൾ ഒരു പരിധിവരെ നെൽകൃഷിക്കാർക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. ഇനിയും കൂടുതൽ പരിപാടികൾ നെൽകൃഷിക്കാർക്ക് ആവിഷ്കരിക്കേണ്ടതുണ്ട്.

## തെങ്ങ് കൃഷി

8-ാം പഞ്ചവത്സരപദ്ധതിയിൽ ഒട്ടേറെ പദ്ധതികൾ തെങ്ങ് കൃഷിവികസനത്തിനായി നടപ്പിലാക്കീട്ടുണ്ട്. ജലസേചനത്തിനായി 92-93 -ൽ 3 കിണറുകൾ മൂന്ന് പമ്പ് സെറ്റുകൾ സബ്സിഡിയായി നൽകി. 93-94 -ൽ പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയിൽ 10 കിണറുകൾ 3 പമ്പുസെറ്റുകൾ എന്നിവ ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി നൽകി. ഇതിനായി 21,200 രൂപ സബ്സിഡി അനുവദിച്ചു. തെങ്ങ് കൃഷി വികസനം ലക്ഷ്യമാക്കി 94-95 -ൽ പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസന സമിതി നിലവിൽവന്നു. തെങ്ങിന്റെ വികസനത്തിനുവേണ്ടി മൂന്നു സാമ്പത്തിക വർഷം നീണ്ടു നിൽക്കുന്ന പദ്ധതികൾ ഈ സമിതിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കി. ആദ്യവർഷമായ 94-95 -ൽ 24 കിണർ 16 പമ്പുസെറ്റുകൾ ഇവ കൃഷികാർക്ക് ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടെ ഒരു ലക്ഷം രൂപാ സബ്സിഡിയോടുകൂടി നൽകി.യ 95-96 -ൽ 47 കിണറുകളും 34 പമ്പുസെറ്റുകളും അനുവദിച്ചു. ഇതിനായി 2,01,500 രൂപ സബ്സിഡി നൽകി. 96-97 -ൽ 25 കിണറുകളും 40 പമ്പുസെറ്റുകളും കൃഷികാർക്ക് കൊടുക്കുന്നതിനുള്ള നടപടികൾ തുടരുന്നു. അങ്ങനെ മൊത്തത്തിൽ ഏകദേശം 5,000 ത്തോളം തെങ്ങുകൾക്ക് ജലസേചനം നടത്തുന്നതിനുള്ള പരിപാടികൾ ഈ പഞ്ചവത്സരപദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട കേരകർഷകർക്ക് 94-95 -ൽ 3 കിണറും 95-96 -ൽ 4 കിണറും 38,000/- രൂപാ സബ്സിഡിയോടുകൂടി അനുവധിച്ചു. ഇതുവഴി പട്ടികവർഗ്ഗത്തിൽപ്പെട്ട കേരകർഷകർക്ക് ഉല്പാദന വർദ്ധനവിനും അതുവഴി സാമ്പത്തിക ഉയർച്ചയും ഉണ്ടായി.

കേരവികസനപദ്ധതിയിൽ കഴിഞ്ഞ 3 വർഷങ്ങളിലായി 3 സ്പ്രേയറുകൾ 3 തെങ്ങുകയറ്റ യന്ത്രം കേര വികസന സമിതി അംഗങ്ങൾക്ക് 6 പരിശീലന പരിപാടി എന്നിവ നടപ്പിലാക്കീട്ടുണ്ട്. ഈ ഇനത്തിൽ 6,000 രൂപാ ചെലവഴിച്ചു.

തെങ്ങിന് രാസവളം സബ്സിഡിയോടുകൂടി കിറ്റുകളായി കഴിഞ്ഞ 3 വർഷങ്ങളിൽ ക്രമമായി 790, 650, 650 കിറ്റുകൾ വിതരണം ചെയ്തു. ഒരു തെങ്ങിന് 8 രൂപാ സബ്സിഡി നൽകി 5200 - ഓളം തെങ്ങുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

കാറ്റു വീഴ്ച്ചബാധിച്ച തെങ്ങുകൾമുറിച്ചുമാറ്റുന്നതിനുള്ള പദ്ധതി കഴിഞ്ഞ 3 വർഷങ്ങളിലായി പഞ്ചായത്തിൽ നടപ്പിലാക്കി. ഒരു തെങ്ങിന് 200 രൂപാ ആനുകൂല്യം നൽകികൊണ്ട് 94-95 -ൽ 300 തെങ്ങുകളും 95-96 -ൽ 2125 തെങ്ങുകളും മുറിച്ചുമാറ്റി പകരം പുതിയ തൈകൾ വച്ചുപിടിപ്പിച്ചു. 96-97 -ൽ 500 തെങ്ങുകളാണ് മുറിച്ചുമാറ്റാനുള്ളത്. ഇതിനുള്ള നടപടികൾ തുടരുന്നു. ഈ പദ്ധതി നടപ്പിലാക്കിയതുവഴി ഉല്പാദനക്ഷമതയില്ലാത്ത രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റുന്നതിനും അതുവഴി മറ്റുള്ള തെങ്ങുകൾക്ക് രോഗം പകരുന്നത് തടയുന്നതിനും ഉല്പാദനക്ഷമതയുള്ള പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നതിനും സാധിച്ചു.

തെങ്ങിന്റെ ഇടവിളയായി വാഴ, ഗ്രാമ്പൂ തുടങ്ങിയവ 40 ഹെക്ടർ സ്ഥലത്തോളം കഴിഞ്ഞ 3 വർഷങ്ങളിലായി പുതുതായി കൃഷി ചെയ്തിട്ടുണ്ട്. WCT, TXD, DXT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ എല്ലാവർഷവും

കൃഷിഭവനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.

പ്രത്യേക തൊഴിൽദാനപദ്ധതിയിൽ ഉൾപ്പെട്ട യുവജനങ്ങളെ ഉപയോഗപ്പെടുത്തി തെങ്ങിന്റെ സർവ്വേ നടത്തീട്ടുണ്ട്. ഇതിൻപ്രകാരം പഞ്ചായത്തിലെ കാറ്റുവീഴ്ച്ചരോഗം ബാധിച്ച തെങ്ങുകളെ അടയാളപ്പെടുത്തീയിട്ടുണ്ട്. ഇവ മുറിച്ചുമാറ്റേണ്ട ചുമതലകൾ തുടരേണ്ടതാണ്.

ഇങ്ങനെ കൃഷിക്കാരിൽ തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടികൾ 8-ാം പഞ്ചവത്സര പദ്ധതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വികസനം

പട്ടികജാതികാർക്കായി ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള കിണറുകൾ പുനഃരുദ്ധരിക്കുക, പുതിയ ജലസേചന കിണറുകൾ കുഴിക്കുക എന്നീ പരിപാടികൾ നടപ്പിലാക്കീട്ടുണ്ട്. 92-93-ൽ 11 കിണറുകൾ പുതുക്കുന്നതിന് 13,750 രൂപയും 5 പുതിയ കിണർ കുഴിക്കുന്നതിന് 10,000/- രൂപയും നൽകീട്ടുണ്ട്. 93-94 -ൽ 20 പുതിയ കിണറുകൾ കുഴിക്കുന്നതിന് 35,000/- രൂപ ചെലവഴിച്ചു. 94-95 -ൽ 9 പുതിയ കിണറുകൾ കുഴിപ്പിച്ചതിന് 22,500/- രൂപയും 2 കിണർ പുനഃരുദ്ധരിച്ചതിന് 2,500/- രൂപയും നൽകി. 95-96 -ൽ 6 പുതിയ കിണറുകൾ കുഴിച്ചതിന് 15,000/- രൂപ പഞ്ചായത്ത് മുഖേന നൽകീട്ടുണ്ട്.

പട്ടികജാതിക്കാർക്കായി 94-95 -ൽ കുറ്റിമുല്ല കൃഷി, വാഴകൃഷി, പച്ചക്കറികൃഷി, വെറ്റിലകൃഷി, ഇഞ്ചി കൃഷി, ബയോഗ്യാസ് പ്ലാന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കിയതിന് 48,879 രൂപാ സബ്സിഡി നൽകി. 95-96 -ൽ വാഴകൃഷി, ഇഞ്ചികൃഷി, റബ്ബർ രണ്ടാം വർഷം, തെങ്ങ് കൃഷി എന്നീ പദ്ധതികൾ നടപ്പിലാക്കിയതിന് 18,000 രൂപ ചെലവഴിച്ചു. 96-97 -ൽ റബ്ബർ കൃഷി 3-ാം വർഷം സബ്സിഡിയായി 1,000 രൂപ ചെലവഴിച്ചു.

പട്ടികജാതികാർക്കായി 92-93 -വർഷത്തിൽ 31 വീടുകൾ കൃഷിഭവൻ മുഖേന നിർമ്മിച്ചിട്ടുണ്ട്. ഇതിനായി 3,75,100 രൂപാ ചെലവഴിച്ചു. ഈ പദ്ധതികളെല്ലാം തന്നെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൃഷിക്കാരുടെ ജീവിതനിലവാരം ഒരു പരിധിവരെ ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

92-93 -ൽ പട്ടികവർഗ്ഗകാർക്ക് 4 ജലസേചനകിണറുകൾ കുഴിച്ചതിന് 10,000 രൂപ സബ്സിഡിയായി നൽകി. 93-94 -ൽ കാരയ്ക്കംതോട് പട്ടികവർഗ്ഗ കോളനിയിൽ 5 വീടുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിനായി 60,500 രൂപ കൃഷിവകുപ്പ് അനുവദിച്ചു. ഇതെ വർഷത്തിൽതന്നെ ഈ കോളനിയിൽ 4 പുതിയകിണറുകളും 4 കിണറുകളുടെ പുനരുദ്ധാരണവും നടത്തിയിട്ടുണ്ട്. ഇതിനായി 15,000 രൂപാ സബ്സിഡി നൽകി. 96-97 - ൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരു കൃഷിക്കാരന് വീട് നിർമ്മിക്കുന്നത് 25,000/- രൂപ അനുവദിച്ചിട്ടുണ്ട്.

## പ്രകൃതിക്ഷോഭ സഹായവിതരണം

92-93 -ൽ പ്രകൃതിക്ഷോഭസഹായവിതരണമായി 11,802 രൂപയും 93-94 -ൽ പാടശേഖരബണ്ട് പുനർനിർമ്മിക്കുന്നതിനും പാടശേഖരങ്ങളിൽ വെള്ളപൊക്കംമൂലം മണ്ണ് കയറിയത് മാറ്റുന്നതിനും ആയി 5 ലക്ഷം രൂപാ ചിലവഴിച്ചു. 95-96 -ൽ പ്രകൃതിക്ഷോഭ സഹായധനമായി 59,929 രൂപയും 69-97 -ൽ 5,240 രൂപയും നൽകി. ഇത് ഒരു പരിധിവരെ നാശനഷ്ടമുണ്ടായ കൃഷിക്കാരെ സഹായിക്കാൻ ഉതകീട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

പ്രകൃതിക്ഷോഭംമൂലം ഉണ്ടാകുന്ന കൃഷിവിള ഇൻഷ്വറൻസ് പദ്ധതി 95-96 -ൽ നിലവിൽ വന്നു. ഇതിൽ 92 കൃഷിക്കാരെ 95-96 -ൽ അംഗങ്ങളാക്കിയിട്ടുണ്ട്. ഈ പദ്ധതി വിജയിപ്പിച്ചാൽ കൃഷികാർക്ക് ഒരു അനുഗ്രഹമാകുന്നതാണ്.

യുവജനങ്ങൾക്കുള്ള തൊഴിൽദാനപദ്ധതി 94-95 -ൽ ആരംഭിച്ചതാണ്. ഈ പദ്ധതിപ്രകാരം 96 യുവഹജനങ്ങളെ അംഗങ്ങളാക്കുന്നതിന് സാധിച്ചു. ഇവർ തിരഞ്ഞെടുത്ത തൊഴിൽ മേഖലകളിൽ ആവശ്യമായ ലോണുകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. ഇതിനാവശ്യമായ നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

95-96 -ൽ ഇവരിൽ പച്ചക്കറികൃഷി നടത്തുന്ന ഒരാൾക്ക് 1,000 രൂപ സബ്സിഡി നൽകി. ഇവർക്ക് പരിശീലനം നടത്തുന്നതിന് 94-95, 95-96 വർഷത്തിലായി 5,000 രൂപ ചിലവഴിച്ചു.

## പയറുകൃഷിവികസന പരിപാടി

നെൽ വയലുകളിൽ പയറുകൃഷി 3-ാം വിളയായി നടത്തുന്നതിന് 92-93 - ൽ കീടനാശിനി വാങ്ങി തളിക്കുന്നതിന് സബ്സിഡിയായി 1,450 രൂപയും 93-94 -ൽ 3,531 രൂപയും 94095 -ൽ 2,682 രൂപയും 95-96 -ൽ 1,450 രൂപയും നൽകിയിട്ടുണ്ട്. 96-97 -ലും ഈ പദ്ധതി നടത്തുന്നുണ്ട്. മൂന്നാംവിളയായി പയറുകൃഷി നടത്തുന്നതുകൊണ്ട് നെൽപ്പാടത്തിൽ വളത്തിന്റെ ഉപയോഗം കുറക്കുന്നതിനും ഒരു അധിക ആദായം കൃഷിക്കാർക്ക് ലഭിക്കുന്നതുമാണ്.

## കൊക്കൊകൃഷിവികസന പദ്ധതി

92-93 ൽ കൊക്കോകൃഷിവികസന പദ്ധതിയിൽ കിണറ്, പമ്പ് സെറ്റ് ഇവ സ്ഥാപിക്കുന്നതിന് 3,000 രൂപയും 94-95 -ൽ 800 രൂപയുടെ കൊക്കോഗ്രാഫ്റ്റുകളും വിതരണം ചെയ്തിട്ടുണ്ട്. 95-96 പദ്ധതിയിൽ ഒരു പമ്പ്സെറ്റും ഒരു കിണറും ഉണ്ടാക്കുന്നതിന് 3,000 രൂപ സബ്സിഡിയായി കൊടുത്തിട്ടുണ്ട്.

## സുഗന്ധവിളകൃഷി വികസനം

92-93 -ൽ വർഷത്തിൽ വൃക്ഷസുഗന്ധവിളക ളുടെ വികസനത്തിനായി കിണറ് പമ്പ് സെറ്റ് എന്നിവ സ്ഥാപിച്ചതിന് 3,000 രൂപ നൽകിയിട്ടുണ്ട്. ഇഞ്ചി, മഞ്ഞൾ, മിനി കിറ്റുകൾ എന്നിവ 93-94, 94-95, 95-96, 96-97 എന്നീ വർഷങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. മഞ്ഞൾ, ഇഞ്ചി, പ്രദർശന പ്ലോട്ടുകൾ ഈ വർഷങ്ങ ളിൽ ഉണ്ടാക്കുകയും അതിന് സബ്സിഡി നൽകുകയും ചെയ്തു. വൃക്ഷസുഗന്ധ വിളയായി ഗ്രാംമ്പൂവിന്റെ പ്രദർശനപ്ലോട്ടുകൾ 94-95 -ൽ രണ്ടെണ്ണവും 95-96 -ൽ ഒരെണ്ണവും, 96- 97-ൽ മഞ്ഞൾ കൃഷിക്ക് രണ്ട് പ്രദർശന തോട്ടവും ഇഞ്ചിക്ക് ഒരു പ്രദർശന തോട്ടവും ഉണ്ട്. കുരുമുളകു കൃഷിവികസനപദ്ധതിയിൽ 96-97 -ൽ വേരു പിടിപ്പിച്ച കുരുമുളകു വള്ളികൾ വിതരണം ചെയ്തു സബ്സിഡി ആയി 5,000 രൂപയും നൽകു ന്നുണ്ട്. കുരുമുളകു കൃഷിക്ക് ഒരു പ്രദർശന തോട്ടവും നടപ്പിലാക്കിയിട്ടുണ്ട്.

## കശുമാവ് കൃഷി വികസന പദ്ധതി

കശുമാവ് തൈകൾ രാസവള കിറ്റുകൾ നൽകുന്ന ഒരു പദ്ധതി 93-94, 94- 95, 95-96 കാലഘട്ട ത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. 1250 രൂപ ഈ ഇനത്തിൽ രാസവള സബ്സിഡിയായി നൽകി. കശുമാവു വിക സന പദ്ധതിയിൽ 94-95, 95-96 വർഷത്തിൽ 5 ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവുകൃഷി വികസനത്തി നായി കശുമാവ് ഗ്രാഫ്റ്റുകൾ വിതരണം ചെയ്യുകയും കുഴിയെടുത്ത് നടുന്നതിനായി ഒരു തൈയ്ക്ക് 3 രൂപ ക്രമത്തിൽ നൽകുകയും ചെയ്തു. മൊത്തം 4,800 രൂപ യോളം ഈ ഇനത്തിൽ നൽകിയിട്ടുണ്ട്.

പഞ്ചായത്തിലെ തരിശായി മറ്റു വിളകൾക്ക് ഉപ യോഗയോഗ്യമല്ലാത്ത പാറനിറഞ്ഞ സ്ഥലങ്ങളിൽ കൂടു തലായി കശുമാവ്കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവശ്യമാണ്.


പച്ചക്കറികൃഷിയുടെ വികസനത്തിനായി 93-94, 94-95, 95,96, 96-97 വർഷങ്ങളിൽ തൊളിക്കോട് പഞ്ചാ യത്തിലെ ഹൈസ്കൂളുകൾ, u. p. സ്കൂൾ എന്നിവിട ങ്ങളിലെ താല്പര്യമുള്ള കുട്ടികൾക്ക് ഏതാണ്ട് 750 കിറ്റു കളോളം പച്ചക്കറിപാക്കറ്റുകൾ (1 വർഷം ) വിദ്യാർത്ഥി കൾക്ക് വിതരണം ചെയ്തു. ഇവർ അവരവരുടെ വീട്ടു വളപ്പിൽ കൃഷി ചെയ്യുകയും ഏറ്റവും നന്നായി കൃഷി ചെയ്യുന്ന മൂന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമെന്ന നിലയിൽ സമ്മാനം നൽകുകുയം ചെയ്തിട്ടുണ്ട്. ഈ പരിപാടി വിദ്യാർത്ഥികളിൽ കൃഷിയെക്കുറിച്ച് ഒരുപ ബോധം സൃഷ്ടിക്കുന്നതിനും താല്പര്യം ഉളവാക്കുന്ന തിനും ഉപകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റ് പദ്ധതിയിൽ 94-95, 95-96 വർഷത്തിൽ 2 പേർക്ക് വീതം പച്ചക്കറികൃഷി ചെയ്യു ന്നതിനും പച്ചക്കറി വിത്തും കീടനാശിനിയും വിതരണം ചെയ്തിട്ടുണ്ട്.

## മണ്ണുപരിശോധന


തൊളിക്കോട് പഞ്ചായത്തിലെ കൃഷിക്കാരുടെ കൃഷിയിടങ്ങളിലെ മണ്ണു പരിശോധിക്കുന്നതിന് ഇന്ന് നിലവിൽ സംവിധാനമുണ്ട്. എല്ലാ വർഷവും 300 മണ്ണു സാമ്പിളുകൾ പരിശോധനയ്ക്കായി അയയ്ക്കുകയും അവ സൗജന്യമായി പരിശോധിച്ച് പരിശോധനാഫല ങ്ങൾ കൃഷിക്കാരെ അറിയിക്കുകയും അതുവഴി മണ്ണി നാവശ്യമായ രീതിയിൽ വളപ്രയോഗം നടത്തുന്നതിനും സാമ്പത്തികച്ചിലവ് കുറക്കുന്നതിനും കൃഷിക്കാർക്ക് സൗകര്യമുണ്ട്.

# വിള വിസ്തീർണ്ണം



| | | | |
|---|---|---|---|
| 1 | റബ്ബർ | 253 | ഹെക്ടർ |
| 2 | തെങ്ങ് | 145 | " |
| 3 | വാഴ | 83 | " |
| 4 | മരച്ചീനി | 70 | " |
| 5 | കുരുമുളക് | 70 | " |
| 6 | നെല്ല് | 50 | " |
| 7 | പ്ലാവ് | 50 | " |
| 8 | കവുങ്ങ് | 40 | " |
| 9 | പച്ചക്കറി | 30 | " |
| 10 | മാവ് | 20 | " |
| 11 | ഇഞ്ചി | 12 | " |
| 12 | കശുമാവ് | 10 | " |
| 13 | പയർ | 6 | " |

# ഭൂ വിനിയോഗം





| | | | | |
|---|---|---|---|---|
| A | – | പുരയിടം | 1980 | ഹെക്ടർ |
| B | – | പുറമ്പോക്ക് | 667 | ,, |
| C | – | നിലം | 50 | ,, |
| D | – | തരിശ് | 13 | ,, |

# 8–ാം പഞ്ചവത്സരപദ്ധതിയിൽ നെൽക്കൃഷിക്ക് കൃഷിഭവൻ മുഖേന അനുവദിച്ച സബ്സിഡികൾ


| വർഷം | ഉല്പാദന ബോണസ് | കീടനാശിനി കുമ്മായം | പവർ ടില്ലർ | വിത്തുസംഭരണി | ടാർപാളിൻ | പാടശേഖരങ്ങളുടെ അടിസ്ഥാനവികസനം ബണ്ടുകൾ, കുളം, തോട്, പമ്പ് സെറ്റ് |
|---|---|---|---|---|---|---|
| 1992–93 | Rs. 9,216/– | 24,130/– | – | – | – | – |
| 1993–94 | – | – | 1 എണ്ണം Rs. 44,.000/– | 2 എണ്ണം Rs. 2,000/– | 2 എണ്ണം Rs. 3,750/– | 84,48,500 |
| 1994–95 | 28,660/– | – | – | 2 എണ്ണം Rs. 2,000/– | – | – |
| 1995–96 | 25,500/– | – | 1 എണ്ണം 45,000/– | – | – | – |
| 1996–97 | Rs. 9,000/– | – | – | – | – | – |

# ഭൂമിയുടെ ഉടമസ്ഥതാ നിലവാരം

ഉടമസ്ഥരുടെ എണ്ണം



# വാർഷിക ധാന്യ ഉപഭോഗം




| | | |
|---|---|---|
| അരി | – | 529081 |
| ഗോതമ്പ് | – | 147722 |
| റവ | – | 2249 |
| മൈദ | – | 1753 |

# ചെറുകിട - ജലസേചന തോടുകൾ

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ | വീതി മീറ്റർ |
|---|---|---|---|
| 1 | ചായം - ദർപ്പ | 1500 | 3 |
| 2 | ചെറുകൈത - മാടൻപാറ | 750 | 2 |
| 3 | മാടൻപാറ - ചായം | 1250 | 3 |
| 4 | കുളമാൻകോട് - പുളിച്ചാമല | 400 | 1 |
| 5 | വാവറക്കോണം - വേടൻവിളാകം | 500 | 3 |
| 6 | ഏറെപുളിച്ചാമല - പുളിച്ചാമല | 500 | 2 |
| 7 | മണലയം - അരുവിക്കരമൂല | 1250 | 3 |
| 8 | ചേരയത്തുപാറ - മണലയം | 750 | 11/2 |
| 9 | വലിയകൈത | 500 | 1 |
| 10 | പുളിമൂട് - മാടൻകുഴി | 500 | 3 |
| 11 | വടക്കേക്കര | 500 | 1 |
| 12 | കൊച്ചുകോണം | 500 | 1 |
| 13 | പുത്തൻവീട് നട | 250 | 1 |
| 14 | തുമ്പറ - മലയടി | 3500 | 3 |
| 15 | തുമ്പറ - ചുറ്റീക്കോണം | 3000 | 4 |
| 16 | മലയടി - കൊടിവച്ചപാറ | 1000 | 2 |
| 17 | മലയടി - കാരക്കോണം | 1000 | 2 |
| 18 | തുമ്പറ - തച്ചൻകോട് | 2000 | 3 |
| 19 | തുരുത്തി - മുക്കുവൻതോട് | 3000 | 3 |
| 20 | ചുറ്റീക്കോണം - മുക്കുവൻതോട് | 1000 | 2 |
| 21 | ഇരപ്പിൽ - പാലത്തിൻകര | 500 | 1 |
| 22 | കണ്ണങ്കര - പുളിമൂട് | 400 | 1 |
| 23 | കൊമ്പിരപ്പ് - ഇരപ്പിൽ | 400 | 1 |
| 24 | ആലുങ്കിഴി - പുളിച്ചാമല | 400 | 1 |
| 25 | പ്ലാന്തോട്ടം - 4 സെന്റ് | 500 | 1 |
| 26 | മേത്തോട്ടം - കിളിയന്നൂർ | 1000 | 2 |
| 27 | ചെട്ടിയാൻപാറ - തച്ചൻകോട് | 150 | 2 |
| 28 | മങ്കാട് - ദർപ്പ് | 1000 | 2 |
| 29 | പൊൻപാറ - ചുറ്റീക്കോണം | 1500 | 2 |
| 30 | വേടർകോണം - ചെറ്റച്ചൽ | 500 | 1 |
| 31 | മരുതുംമൂട് - ചെറ്റച്ചൽ | 750 | 2 |
| 32 | കണിയാരംകോട് - പാമ്പൂര് | 1500 | 4 |
| 33 | പന്നീക്കോണം - മുതിയൻകാവ് | 1000 | 2 |
| 34 | പനയ്ക്കോട് - ഈരടി | 500 | 2 |
| 35 | കണിയാരംകോട് | 1000 | 2 |
| 36 | താഴെ പുളിച്ചാമല - പുളിച്ചാമല | 500 | 2 |

37. മുക്കുവൻ തോട്, ചെറുവക്കോണം

38. മുതിയൻകാവ്, ചെറുവക്കോണം

39. പൊൻകുഴിതോട്, ചെറുവക്കോണം

40. പാലത്തിൻകര മുക്കുവൻതോട്

41. മാങ്കോട്ടുകോണം, മുക്കുവൻതോട്

42. ചെന്തിലം, ചെറുവക്കോണം.

# മണ്ണു സംരക്ഷണം, ചെറുകിട ജലസേചനം

തൊളിക്കോട് ഗ്രാമപഞ്ചായത്ത് ഒരു മലയോര പ്രദേശമായതിനാൽ ഭൂമിയുടെ കിടപ്പിന്റെ പ്രത്യേകത കൊണ്ട് എല്ലാ ഭാഗവും കൃഷിയോഗ്യമല്ല. പലഭാഗങ്ങളിലെയും, മണ്ണൊലിപ്പ് തടയുകയും, ഭൂമിയെ സംരക്ഷിക്കുകയും ചെയ്താൽ കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ കഴിയും, അങ്ങനെ ആയാൽ ഇന്നനുഭവിക്കുന്ന ധാന്യത്തിന്റെ ഉല്പാദനകുറവ് പരിഹരിക്കുവാനും, കാർഷിക മേഖലയ്ക്ക് തടസമായി നില്ക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കുവാനും കഴിയും.

ഈ ഗ്രാമപഞ്ചായത്ത് പ്രദേശം അരുവിക്കര മണ്ണുസംരക്ഷണപദ്ധതി പ്രദേശത്താണ് ഉൾപ്പെട്ടിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നമ്മുടെ ഗ്രാമ പഞ്ചായത്തിൽ തുരുത്തിയിൽ തോട്, ഐത്തിതോട്, അരുവിക്കരമൂലതോട് എന്നീ വാട്ടർ ഷെഡ് പദ്ധതികൾ നടന്നുവരികയാണ്. 1680- ഹെക്ടർ കൃഷിപ്രദേശത്തിന് ഗുണകരമായതും, രണ്ടായിരത്തിതൊള്ളായിരം ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കത്തക്കനിലയിലും, പ്രവർത്തനം നടന്നുവരുന്നു! ഈ പദ്ധതികളിൽ ഉൾപ്പെട്ട കൂടുതൽ പ്രദേശവും, ഉഴമലയ്ക്കൽ, ആര്യനാട് വിതുര പ്രദേശങ്ങളിലാണ്. ആകയാൽ ഈ പഞ്ചായത്തിൽ വളരെ കുറച്ച് പ്രദേശങ്ങളിൽ മാത്രമെ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുള്ളു. ഈ പഞ്ചായത്തിലെ കൃഷിഭൂമിയുടെ സംരക്ഷണത്തിനും, കാർഷിക വളർച്ചയ്ക്കും, മണ്ണൊലിപ്പ് തടയുന്നതിനും, മേൽപ്പറഞ്ഞ പദ്ധതി, പഞ്ചായത്തിന്റെ എല്ലാ വാർഡിലും നടപ്പിലാക്കേണ്ടതാണ്. കല്ലടുക്ക്, കുന്നിൻപ്രദേശം നിരപ്പാക്കൽ, തെങ്ങിന് തടം പിടിച്ചു നിരപ്പാക്കൽ, തുടങ്ങിയ മണ്ണുസംരക്ഷണ പദ്ധതികൾ ഈ പഞ്ചായത്തിന്റെ പത്തു വാർഡുകളിലും നടപ്പിലാക്കേണ്ടതാണ്.

## ചെറുകിട ജലസേചനം

ചെറുതും വലുതുമായ 38 തോടുകൾ ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. എല്ലാ തോടുകളിൽ നിന്നും, കൃഷി ആവശ്യങ്ങൾക്ക് ജലസേചനം നടത്തേണ്ടത് കാർഷിക അഭിവൃദ്ധിക്ക് ആവശ്യമാണ്. വർഷകാലങ്ങളിൽ മലകളിൽനിന്നും, കുന്നുകളിൽനിന്നുംവരുന്ന മണ്ണൊലിപ്പു കാരണം മിക്ക തോടുകളുടെയും ആഴം കുറയുകയും, ഇക്കാരണത്താൽ തോടിന്റെ ബണ്ടുകൾ മുറിഞ്ഞ് കൃഷി വിളകൾക്ക് നാശനഷ്ടം സംഭവിക്കുകയും ചെയ്യുന്നത് സർവ്വസാധാരണമാണ്. യഥാസമയത്ത് തോടുകൾ പുനഃരുദ്ധാരണം നടത്തി ബണ്ടുകൾ വീതികൂട്ടുകയും ചെയ്താൽ ഇത് പരിഹരിക്കാൻ കഴിയും. ജലസേചനത്തിനായുള്ള കുളങ്ങൾ അനേകം ഈ പഞ്ചായത്തിലുണ്ടെങ്കിലും ജലം പമ്പ് ചെയ്ത് കൃഷി ഇടങ്ങളിലെത്തിക്കുവാനുള്ള സൗകര്യം ഇല്ലാത്തതും ജലസേചനത്തിനു തടസമായി നില്ക്കുന്നു.

## ജലസേചനത്തിനായുള്ള ചില സാധ്യതകൾ

ഒന്നാം വാർഡിലുള്ള ആലുംകുഴികുളം, വിസ്തൃതപ്പെടുത്തി ജലസേചനം നടത്തിയാൽ ഏതാണ്ട ആ പ്രദേശത്തെ 15 ഹെക്ടർ പ്രദേശത്ത് കൃഷി മെച്ചപ്പെടുത്തുവാൻ കഴിയും, തുരുത്തിയിൽ ഒരു കുളം നിർമ്മിച്ച് ജലസേചനത്തിനായി ഉപയോഗിച്ചാൽ 10 ഹെക്ടർ സ്ഥലത്ത് നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും.

പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ പുനഃരുദ്ധാരണം നടത്തി ജലസേചനത്തിന് സൗകര്യമുണ്ടാക്കിയാൽ ഈ പഞ്ചായത്തിലെ അറുപത് ശതമാനത്തോളംവരുന്ന സമതലപ്രദേശങ്ങളിൽ കാർഷികാഭിവൃദ്ധി ഉണ്ടാക്കുവാൻ കഴിയും.

പുളിച്ചാമല, കുളത്തെ വിസ്തൃതിപ്പെടുത്തുകയും, മേത്തോട്ടം കുളം സംരക്ഷിക്കുകയും ചെയ്താൽ ഈ മേഖലയിൽ കാർഷികരംഗം മെച്ചപ്പെ

ടുത്തുവാൻ കഴിയും.

തോട്ടുമുക്ക് കുളം, ചായംകുളം, എന്നിവ അഭിവൃദ്ധിപ്പെടുത്തി സംരക്ഷിച്ചാൽ 30 ഹെക്ടർ സ്ഥലത്ത് നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ചടാൽ ജലസേചനത്തിന് കൂടുതൽ സൗകര്യപ്രഥമായിരിക്കും.

പുള്ളീക്കോണത്തും, ചെറുവക്കോണത്തും, പൊൻപാറയിലും, തച്ചൻമക്കോട്ടുമുള്ള കുളങ്ങൾ വിസ്തൃതപ്പെടുത്തി സംരക്ഷിച്ചെടുത്താൽ ഈ പഞ്ചായത്തിലെ ജലസേചനത്തിനുള്ള സൗകര്യങ്ങൾ പരിഹരിക്കുവാൻ കഴിയും.

ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഈ മേഖലയിലെ കുറഞ്ഞ വനിതാ പങ്കാളിത്തം, കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികളിലും ഉപകേന്ദ്രങ്ങളും ഭാരിച്ച ചികിത്സാ ചിലവ്, വായ്പ നല്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത ഇവയൊക്കെത്തന്നെ ഇന്ന് മൃഗ സംരക്ഷണ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

മൃഗ സംരക്ഷണ മേഖലയിലെ സാധ്യതകൾ പ്രധാനമായും ചുവടെ ചേർക്കുന്നു. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങളോ വനഭൂമി പ്രദേശമോ തീറ്റപ്പുല്ലു കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്. പാൽ വിപണനസ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം. പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകനും ചേർന്ന് കൂട്ടുത്തരവാദിത്തത്തോടെ വായ്പാ സംവിധാനം ഉണ്ടാക്കുക. അവ ഇന്നത്തെ നിലവിലുള്ള വ്യവസ്ഥയേക്കാൾ ലഘൂകരിക്കേണ്ടതുമാകുന്നു. പഞ്ചായത്ത് തലത്തിൽ പക്ഷി മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക. വർഗോദ്ധാരണത്തിനുവേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ രണ്ട് വാർഡുകൾ ഒന്ന് എന്ന തരത്തിലും പ്രയോജനം ലഭിക്കുന്ന തരത്തിൽ കൃത്രിമ ബീജ സങ്കലന സ്ഥാപനങ്ങൾ ആരംഭിക്കണം. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം. ചികിത്സാ രംഗം രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക. വനിതാ സംഘങ്ങളുടെ രൂപീകരണം വഴി മൃഗസംരക്ഷണ മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും വേണം. സമഗ്ര പേവിഷ നിയന്ത്രണ നയം കർശനമായി നടപ്പിലാക്കുകയും വേണം.

ഈ പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ ചരിത്രം പരിശോധിച്ചാൽ ഈ ആശുപത്രി മലയടി വാർഡിൽ ആദ്യമായി സ്ഥാപിതമായത് 13.12.1983 ൽ ആണ്. അന്നു മുതലേ ഈ സ്ഥാപനത്തിലേയ്ക്ക് നാല് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. എല്ലാ തസ്തികകളിലും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. അതായത് ഒരു വെറ്ററിനറി സർജൻ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഒരു അറ്റൻഡർ ഒരു പാർട് ടൈം സ്വീപ്പർ തുടങ്ങിയവരാണ്.

# മൃഗസംരക്ഷണം

**മൃഗസംരക്ഷണ മേഖല എന്നു കേട്ടാൽ പാലുല്പാദനം മാത്രമാണെന്ന അബദ്ധ ധാരണ നമ്മുടെ സംസ്ഥാനത്തിന്റെ ഗവൺമെന്റ് തലം തൊട്ടു താഴെതട്ടു വരെ ഉണ്ട്. എന്നാൽ ഈ മേഖലയുടെ വ്യാപ്തി വളരെ വലുതാണ്. കർഷകന്റെ ഉപജീവന മാർഗ്ഗം എന്നുമുതൽ നാടിന്റെ വാണിജ്യ വ്യവസായ രംഗം വരെ കീഴടക്കി, അതാത് രാജ്യത്തിന്റെ സമ്പദ്ഘടനയെ തന്നെ നിയന്ത്രിക്കുന്ന അവിഭാജ്യഘടകമായി വരെ നില കൊള്ളുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലെ ചെറുകിട കർഷകരുടെ കയ്യിൽ തന്നെ ആണ്. ആയതുകൊണ്ട് ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ് വ്യവസ്ഥ ശക്തമാക്കും.**

**എന്നിരിക്കിലും ഉല്പാദകൻ ഇന്നും സംതൃപ്തരാണോ അവന് ഇന്ന് ആദായകരമായ മൃഗപരിപാലനം നടത്തുവാൻ കഴിയുന്നുണ്ടോ? എന്താണീ അവസ്ഥയ്ക്കു പിന്നിൽ? ഉല്പാദന ക്ഷമതയെക്കുറിച്ചുള്ള മിതമായ അറിവാണോ അതോ പ്രസ്തുത കാര്യത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന്റെ അപര്യാപ്തയോ അതോ അവന്റെ ഉല്പന്നങ്ങൾക്ക് ശരിയായ വിപണി ലഭിക്കാത്തതുകൊണ്ടാണോ അതോ ഇതെല്ലാം ഒന്നിച്ച് ഒരു കർഷകന് നേരിടേണ്ടിവരുന്നതുകോണ്ടോ അവന് ലാഭകരമായി മൃഗപരിപാലനം നിർവ്വഹിക്കുവാൻ സാധിക്കാതെ വരുന്നത്. ഇതിനു പുറമേ നിരവധി ഘടകങ്ങൾ ഇനിയും ഉണ്ട്. അതായത് ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത ചുരുങ്ങിയ തീറ്റപുൽകൃഷി, കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം, അശാസ്ത്രീയമായ മാംസ ഉല്പാദന വിപണന രീതികൾ. വിവിധ ഏജൻസികളിലൂടെ മൃഗസംരക്ഷണ പ്രവർത്തികൾ ആസൂത്രണമില്ലാതെ കൈകാര്യം ചെയ്യുന്നതുമൂലം**

1987 സെൻസസ് പ്രകാരം പഞ്ചായത്തിൽ 569 നാടൻ പശുക്കളും 94 നാടൻ കാളകളും ഉണ്ടായിരുന്നു. എന്നാൽ 1996 ലെ സെൻസസ് പ്രകാരം നാടൻ കന്നു കാലികൾ പാടെ പോയ് മറഞ്ഞു. പകരം അസ്ഥാനത്ത് 3408 സങ്കര വർഗ്ഗ പശുക്കളും 550 കാളകളും സങ്കര വർഗ്ഗത്തിൽ പെട്ട 1200 പശുക്കുട്ടികളും 105 കാളകുട്ടി കളും ഉണ്ട്. പാൽ ഉല്പാദനം നാലിരട്ടി വർദ്ധിച്ചിട്ടുണ്ട്. 1987 ലെ കണക്ക അനുസരിച്ച് 308 വിത്തുകളാകളുണ്ടെ ന്നാണ് കണക്ക്. ആ സ്ഥാനത്ത് ഇപ്പോൾ 15 വിത്ത് കാള കൾ മാത്രമേ ഉള്ളു. ഇതിൽ നിന്നും അസൂയാവഹമായ ഒരു സ്ഥാനം കൃത്രിമ ബീജദാനം കൈയടക്കിയതായി അനുമാനിക്കാം. അതുപോലെ തന്നെ പ്രതിമാസം 200 ൽ താഴെ മൃഗങ്ങൾ മാത്രമേ ചികിത്സയ്ക്കായി ആശു പത്രിയിൽ എത്തിയിരുന്നുള്ളു. എന്നാൽ 600 ഓളം കേസുകളാണ് ഇപ്പോൾ ആശുപത്രിയിൽ വരുന്നത്. മല യോര പ്രദേശമായതിനാൽ സഞ്ചാര യോഗ്യമല്ലാത്ത കുന്നിൻപുറങ്ങളിലും ഉൾവനങ്ങളിലും മറ്റും മൃഗ ചികി ത്സയ്ക്കായി ചെന്നത്തേണ്ടതുണ്ട്. ഈ വഴികൾ താണ്ടി മൃഗങ്ങളെ ആശുപത്രിയിൽ എത്തിക്കുവാനും ബുദ്ധി മുട്ട് അനുഭവപ്പെടുന്നു. ഇതിനും പുറമെ വന്ധ്യത അകിടു വീക്കം മുതലായ പതിവു രോഗങ്ങൾക്ക് താങ്ങാ നാവാത്ത ചികിത്സ ചിലവും ഇവ കണക്കിലെടുത്ത് ആശുപത്രിയ്ക്ക് സ്വന്തമായി വാഹനവും മരുന്നും നൽകണം. അതുപോലെ ഡോക്ടർ അതാത് പഞ്ചായ ത്തിൽ തന്നെ താമസിക്കുകയാണെങ്കിൽ രോഗികൾക്ക് എല്ലാ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നതാ യിരിക്കും. ഇപ്പോൾ മൃഗാശുപ്തിയ്ക്ക് അനുവദിച്ചു കിട്ടിയ 5 സെന്റ് സ്ഥലത്തോട് ചേർന്ന് സെറ്റിൽമെന്റ് ഏരിയായിലെ ഒരേക്കർ ഫോറസ്റ്റ് ഏരിയ കൂടി വിട്ടുകി ട്ടിയാൽ കന്നുകാലികളെ പരിശോധിക്കുന്ന സ്ഥലം, ലാബ്, ക്വാർട്ടേഴ്സ് കർഷക പരിശീലന ഹാൾ തുടങ്ങി യവ നിർമ്മിക്കുവാൻ സഹായകമായേനെ.

1983 ൽ ആരംഭിച്ച മൃഗാശുപത്രി പതിനാറു വർഷ ങ്ങൾക്ക് ശേഷവും അന്ന് ഉണ്ടായിരുന്ന അതേ സൗക ര്യങ്ങളുമായി ഇന്നും തുടർന്നുപോവുന്നു. ഈ ശോച നീയാവസ്ഥയുമായി ഉദ്യോഗസ്ഥർ അങ്ങേയറ്റം പൊരു ത്തപ്പെട്ടിട്ടാണ് മുൻകാലങ്ങളിലേതിനേക്കാൾ വളരെയ ധികം മെച്ചപ്പെട്ട സേവനങ്ങൾ ഈ നാട്ടിലെ കർഷ കർക്കായി ചെയ്തുകൊടുക്കുന്നത്. വാസ്തവത്തിൽ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ മൂന്നു സ്റ്റാഫും കുറച്ചു മരുന്നും മാത്രം സ്വന്തമായി കിട്ടി ഞങ്ങൾ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനിടയിൽ ചികിത്സാ രംഗത്ത് കൃത്രിമ ബീജ ദാനരംഗത്തും ഉല്പാ ദന ശേഷി കൂടുതലുള്ള സങ്കര വർഗ്ഗത്തിലെ മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ വിതരണത്തിലും പന്നിക്കുഞ്ഞു ങ്ങളുടെ വിതരണത്തിലും സ്പെഷ്യൽ കമ്പോണന്റ് പദ്ധതിയുടെ ആടിനെയും പഞ്ചായത്ത് കമ്മറ്റിയുടെ ശുപാർശപ്രകാരം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിതരണം നടത്തുകയുണ്ടായി. എം.എൽ.പി.പി.യിൽ ഉൾക്കൊള്ളിച്ച് 2000 മേൽ തരം കോഴിക്കുഞ്ഞുങ്ങളെയും 14 പന്നിക്കുഞ്ഞുങ്ങളെയും കഴിഞ്ഞ വർഷം ഈ ആശുപത്രി വഴി വിതരണം നടത്തി.

## ഉല്പാദന മേഖല:

പാൽ ഉല്പാദനം :- ചെറുകിട നാമമാത്ര കർഷ കരെയും കർഷക തൊഴിലാളികളേയും ഈ മേഖലയി ലേയ്ക്ക് ആകർഷിക്കുക. കാലി വളർത്തൽ മുഖ്യ തൊഴിലായോ ഉപ തൊഴിലായോ സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. വീട്ടമ്മമാരുടെയും വിദ്യാർത്ഥികളുടെയും ഒഴി വു സമയം ഫലപ്രദമായി ഉപയോഗിക്കുക. പാലിന്റെ ഉല്പാദനവും ഉപഭോഗവും വർധിപ്പിക്കുക എന്നിവയാണ് മുഖ്യലക്ഷ്യങ്ങൾ.

തൊളിക്കോട് പഞ്ചായത്തിലെ പാൽ ഉല്പാദനം കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചു എന്നിരി ക്കിലും പാൽ വിപണന രംഗം ശുഷ്കിച്ചുപോയതിനാൽ ക്ഷീര കർഷകർക്കു അതിലൂടെ ലഭിക്കുന്ന വരുമാന ത്തിൽ നേട്ടത്തെക്കാളേറെ കോട്ടം ആണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഈ പ്രശ്ന പരിഹാരത്തിനായി പാൽ വിപണന രംഗം പുഷ്ടിപ്പെടേണ്ടതുണ്ട്. അതി നായി ഇപ്പോൾ ജീർണാവസ്ഥയിൽ ഇരിക്കുന്ന മലയടി ക്ഷീര സംഘം APCOS ഏറ്റെടുത്ത് നല്ല രീതിയിൽ പ്രവർത്തന ക്ഷമമാകേണ്ടതുണ്ട്. കൂടാതെ തേവൻ പാറ തൊളിക്കോട് ആനപ്പെട്ടി വാർഡുകളിലെ ക്ഷീര കർഷ കർക്ക് സൗകര്യപ്രദമായ രീതിയിൽ പുളിമൂട്ടിലോ തൊളിക്കോടോ കേന്ദ്രീകരിച്ച് ഒരു പാൽ വിപണന സഹ കരണ സംഘം തുടങ്ങണം. നിലവിലുള്ള പനയ്ക്കോട് ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തനം കുറെ ക്കൂടി മെച്ചപ്പെടുത്തണം.

**പഞ്ചായത്തിന്റെ മൊത്തം പാലുല്പാദനം:** പ്രതി വർശം 24,75000 L ആണ്.

അതുപോലെതന്നെ ഡയറി പ്രോഡക്സിന്റെ നിർമ്മാണ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ളവർ, നമ്മുടെ പഞ്ചായത്തിൽ തന്നെയുണ്ട്. അവരെയെല്ലാം ഏകോ പിപ്പിച്ച് ഒരു ക്ഷീരോത്പന്ന നിർമ്മാണ വിപണന കേന്ദ്രം ഈ പഞ്ചായത്തിൽ തുടങ്ങിയാൽ തൊഴിൽ ഇല്ലാത്ത യുവതീയുവാക്കൾക്ക് ഒരു തൊഴിൽ എന്നതി ലുപരി നമ്മുടെ ദേശത്തിന്റെ സമ്പത് വ്യവസ്ഥയിൽ ഒരു ചലനം സൃഷ്ടിക്കുവാനും ഇത് ഉപകരിക്കും.

അതുപോലെ താല്പര്യമുള്ളവർക്കും ചെറുകിട ക്ഷീരകർഷകർക്കും പശുപരിപാലനം നടത്തുവാനായി മിനി ഡയറി യൂണിറ്റുകൾ മൂന്നു പശുക്കൾ അടങ്ങുന്ന ഒരു ഡയറ യൂണിറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴി ലഘു വായ ലോൺ വ്യവസ്ഥയിൽ അനുവദിക്കുക.

കന്നുകുട്ടി പരിപാലന പരിപാടിയിൽ നാലു മുതൽ 32 മാസം വരെ പ്രായമുള്ള സങ്കരയിനം പശു

കുട്ടികൾക്ക്, എരുമക്കുട്ടികൾക്ക് 2 മുതൽ 42 മാസം വരെ സൗജന്യ നിരക്കിൽ കാലിത്തീറ്റ, മരുന്ന് ഇൻഷ്വറൻസ് സൗകര്യം എന്നിവ നൽകുക. ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളു. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും ഉൾപ്പെടുത്താം. കാലിത്തീറ്റ വിലവർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

## മാംസോംല്പാദന രംഗം:

ഈ രംഗത്തെ ആവശ്യമായ ആട്, പന്നി, പോത്തിൻ കുട്ടികൾ, കാള കുട്ടികൾ, മുയൽ, കാട, താറാവ്, ടർക്കി എന്നിവയെ വളർത്തുന്നതിനും മാംസ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ട ബോധവല്കരണത്തിന്റെ ആവശ്യകത ഇന്ന് ഉണ്ട്. ഇറച്ചികോഴി വളർത്തിലിന് ആവശ്യമായ കോഴിക്കുഞ്ഞുങ്ങളെ രണ്ടാഴ്ചയിലൊരിക്കൽ വില്പനക്ക് സജ്ജമാക്കാം. ശാസ്ത്രീയായ അറവുശാലകൾ സ്ഥാപിക്കുക. മാംസം പരിശോധന നിർബന്ധമാക്കുക. ചെറുകിട ഇറച്ചികോഴി വളർത്തൽ യുണിറ്റുകൾ മഹിള സംഘങ്ങൾ വഴി നടപ്പിലാക്കുക. ഇറച്ചി മുയൽ വളർത്തൽ പദ്ധതി ആവിഷ്കരിക്കുക. ഈ പഞ്ചായത്തിലെ നാമമാത്രമായ പന്നി വളർത്തൽ പദ്ധതിയെ പരിപോഷിപ്പിച്ച് നമ്മുടെ പഞ്ചായത്തിന്റെ സമ്പദ് വ്യവസ്ഥക്ക് നല്ലൊരു മാറ്റം വരുത്താം. ആടു വളർത്തലലിന് അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും ആണ് നമ്മുടെ പഞ്ചായത്തിനുള്ളത്.. അത് പരമാവധി ഉപയോഗിച്ച് സമഗ്ര ആടുവളർത്തൽ പദ്ധതി എന്നോണം ഒരു വലിയ ഗോട്ട് ഫാം സ്ഥാപിക്കേണ്ട ആവശ്യകതയുണ്ട്. 150000 ബ്രോയിലർ കോഴികൾ പ്രതിമാസം നാം ഇറച്ചിക്കായി ഉപയോഗിക്കുന്നുണ്ട്. ഇതിൽ നിന്ന് കിട്ടുന്ന വാർഷിക വരുമാനം ഏകദേശം 8 ലക്ഷത്തോളം രൂപാ വരും. ബ്രോയിലർ കുഞ്ഞുങ്ങളെ നാം ഇപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുകയാണ് ചെയ്യുന്നത്. എന്നാൽ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഒരു കൂട്ടം യുവതി യുവാക്കളെ ഉൾക്കൊള്ളിച്ച് ഒരു പൗൾട്രി ഹാച്ചറി തുടങ്ങിയാൽ ടി ആവശ്യത്തേയ്ക്കുള്ള ഡേ ഓൾഡ് കോഴിക്കുഞ്ഞുങ്ങളെ നമ്മുടെ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയും.

## കാലിത്തീറ്റ ഉല്പാദനം:-

ഒഴിഞ്ഞു കിടക്കുന്ന ഭൂമികൾ സർക്കാർ അധീനതയിലുള്ള വനഭൂമികൾ (ചെട്ടിയാംപാറയിൽ തിരഞ്ഞെടുത്ത പത്ത് ഏക്കർ ഫോറസ്റ്റ് ഏരിയാ) തെങ്ങിൻ തോപ്പുകൾ, വഴിയോരങ്ങൾ, കനാൽവരമ്പുകൾ ഓഫീസ്, സ്കൂൾ വളപ്പിലെ സ്ഥലങ്ങൾ തുടങ്ങിയവ തീറ്റ പുൽ കൃഷിക്കായി തെരഞ്ഞെടുക്കണം. സഹകരണ തീറ്റപ്പുൽ ഉല്പാദനത്തിലൂടെ കുറഞ്ഞ ചിലവിൽ കർഷകന് അവ ലഭ്യമാക്കാൻ സഹായിക്കും. മേഖലാ കാലത്തീറ്റ മിശ്രിത യൂണിറ്റുകൾ സ്ഥാപിക്കുക. കാലിത്തീറ്റ മിശ്രത്തിലേക്ക് നമ്മുടെ ഈ നാട്ടിൽ തന്നെ ഉല്പാദിപ്പിക്കപ്പെടുന്ന പിണ്ണാക്ക്, കപ്പ, പുളിയരി, ചോളം മുതലായവ ഉപയോഗിക്കാവുന്നതാണ്.

## ജൈവ വളം, ഊർജ്ജം:

ദിവസേന ഈ പഞ്ചായത്തിൽ നിന്നും ശരാശരി 40 ടൺ ചാണകം ലഭിക്കുന്നുണ്ട്. ശരാശരി ഒരു ദിവസം 10000 രൂപായുടെ ജൈവവളം ഇവിടെ നിന്ന് തന്നെ കിട്ടുന്നുണ്ട് എന്നു വ്യക്തം. ഈ സ്രോതസ് ഉപയോഗിച്ച് പാചക വാതകം നിർമ്മാണം സാദ്ധ്യമാക്കാൻ കഴിയും. അതായത് പത്ത് വീടുകൾക്ക് പ്രയോജനം കിട്ടത്തക്ക രീതിയിൽ ഓരോ ബയോഗ്യാസ് പ്ലാന്റ് വീതം നിർമ്മിക്കേണ്ടതാണ്.

## കർഷ പരിശീലനം:

മൃഗ പരിപാലനത്തെ ആസ്പദമാക്കി ആറുമാസത്തിലൊരിക്കൽ പഞ്ചായത്തു തല പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

## വന്ധ്യതാ നിവാരണം, പേവിഷ നിർമ്മാർജ്ജനം

കറവ പശുക്കളിലെ വന്ധ്യത ഒരു വലിയ പ്രശ്നമാണ്. ഇത് പരിഹരിക്കുവാൻ വന്ധ്യതാ പരിശോധനാ ക്യാമ്പുകൾ പഞ്ചായത്തിലെ ഓരോ വാർഡിൽ വച്ചും സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത ക്യാമ്പിൽ ആവശ്യമായ മരുന്നും ധാതു ലവണമിശ്രിതങ്ങളും വിരമരുന്നുകളും സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

പേ വിഷബാധ ഒരു വലിയ ആരോഗ്യപ്രശ്നമായി നാം ഇന്നു നേരിടുന്ന ഒന്നാണ്. ഈ പഞ്ചായത്ത് വനപ്രദേശവുമായി അടുതത് കിടക്കുന്നതിനാൽ വന്യജീവികളുടെ ആക്രമണം നമ്മുടെ വളർത്തു മൃഗങ്ങളിൽ പേ വിഷബാധ പകരുവാൻ കാരണമാകുന്നു. തദ്വാരാ മനുഷ്യരിലേയ്ക്കും പേവിഷബാധ പകരുവാൻ ഇടയാകുന്നു. ഇവ കണക്കിലെടുത്ത് പേവിഷബാധ നിർമ്മാർജ്ജനത്തിനുള്ള സമഗ്ര പദ്ധതിയും ആവിഷ്കരിക്കേണ്ടതാണ്. അതിനായി അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നിർബന്ധമായും നശിപ്പിക്കേണ്ടതാണ്. വളർത്തു നായ്ക്കളെ പ്രതിരോധ കുത്തിവയ്പുകൾ നല്കി കർശനമായും ലൈസൻസ് എടുപ്പിക്കേണ്ടതാണ്. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലക്ക് സൗജന്യമായി ലഭ്യമാക്കണം.

കന്നുകാലികളുടെ ആകസ്മിക മരണം മൂലം ഉണ്ടാകുന്ന നഷ്ടങ്ങളിൽ നിന്ന് കർഷകർക്ക് പരിരക്ഷ നൽകുവാൻ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

**കർഷകർക്ക് അംഗീകാരം:**

മൃഗ സംരക്ഷണ മേഖലയിലെ കർഷകർക്ക് പഞ്ചായത്ത് തല അംഗീകാരം നല്കി ആദരിക്കേണ്ട താണ്. തൊളിക്കോട് പഞ്ചായത്തിൽ മൃഗ സംരക്ഷണ മേഖലയുടെ വികസനത്തിനുള്ള പൊതുവായ നിർദ്ദേ ശങ്ങൾ:-

1 രണ്ട് വാർഡുകൾക്ക് ഒന്ന് എന്ന തോതിൽ ആർട്ടി ഭിഷ്യൽ ഇന്റസെമിനേഷൻ സെന്ററുകൾ അനു വദിക്കണം. (ഒരു ആശുപത്രിയും ഒരു ഉപകേ ന്ദ്രവും ഇപ്പോൾ നിലവിലുണ്ട്). ഇനി മൂന്ന് ഉപ കേന്ദ്രങ്ങൾ കൂടി അനുവദിക്കണം

2 തരിശു വനഭൂമിയിൽ പത്ത് ഏക്കർ സ്ഥലം പഞ്ചായത്തിലെ മിൽക്ക് സൊസൈറ്റിക്ക് തീറ്റ പുൽക്കൃഷിക്കായി വിട്ടുകൊടുക്കുക.

3 തൊലിക്കോട്, തേവൻപാറ ആനപ്പെട്ടി വാർഡു കളിലെ ക്ഷീരകർഷകർക്ക് തങ്ങൾ ഉല്പാദിപ്പി ക്കുന്ന പാലിന്റെ സംഭരണ വിതരണത്തി നായി മിൽക്ക് സൊസൈറ്റി തൊളിക്കോറ്റിലോ, പുളിമൂട്ടിലൊ, തൊളിക്കോട്ടോ സ്ഥാപിക്കണം.

4 സബ്സിഡി നിരക്കിൽ കാലിത്തീറ്റ പഞ്ചായ ത്തിലെ എല്ലാ സങ്കര ഇനത്തിൽപ്പെട്ട പശുക്കു ട്ടികൾക്കും എരുമക്കുട്ടികൾക്കും ലഭ്യമാക്കേണ്ട താണ്.

5 കാലത്തീററ വില വർധന അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

6 ചെറുകിട കാലിത്തീറ്റ ഫാക്ടറി വിതരണ യൂണിറ്റ് സ്ഥാപിക്കുക.

7 ക്ഷീര ഉല്പന്നങ്ങളുടെ നിർമ്മാണ വിതരണ യൂണിറ്റ് സ്ഥാപിക്കുക.

8 കർഷക പരിശീലന ക്ലാസ്സുകൾ കൃത്യമായി നട ത്തുക.

9 ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി അനുവ ദിക്കുക.

10 വർഷത്തിൽ ഒരിക്കൽ കന്നുകാലി വിതരണ മേള സംഘടിപ്പിക്കുക. ഇതിലേക്കായി മേൽത്തരം ഉരുക്കളെ പങ്കെടുപ്പിക്കുവാൻ കർഷകരെ പ്രോത്സാപിപ്പിക്കുക. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും സൗജന്യ തീറ്റയും ചികിത്സയും നൽകുക.

11 തെങ്ങിൻ തോപ്പിൽ ഇടവിളയായി തീറ്റ പ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക, തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി അനുവദിക്കുക.

12. ആഴ്ചയിൽ ഒരു ദിവസം കന്നുകാലിച്ചന്ത ഈ പഞ്ചായത്തിൽ അനുവദിക്കുക.

13. പഞ്ചായത്തിലെ ഓരോ വാർഡിനും അഞ്ചു ബയോ ഗ്യാസ് പ്ലാന്റ് വീതം അനുവദിക്കുക.

14. ശാസ്ത്രീയ അറവുശാലകൾ നിർമ്മിക്കുക.

15. ക്ഷീര കർഷകർക്ക് അനുവദിക്കുക ലോൺ വ്യവ സ്ഥകൾ ലഘൂകരിക്കുക.

16. സമഗ്രമായ ആടുവളർത്തൽ പദ്ധതിക്കായി ഒരു ഗോട്ട് ഫാം അനുവദിക്കുക.

17. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ച് ഇറക്കുന്നതിന് ഉള്ള ഇൻകുബേറ്റർ അനുവദിക്കുക.

18. ഇറച്ചിക്കോഴി, മുട്ട കോഴി വളർത്തൽ യൂണിറ്റു കൾ അനുവദിക്കുക.

19 കാട, മുയൽ, താറാവ്, വളർത്തൽ പദ്ധതികൾ അനുവദിക്കുക.

20. മൂന്ന് പശുക്കൾ വീതമുള്ള മിനി ഡയറി യൂണി റ്റുകൾ അനുവദിക്കുക.

21 മൃഗാശുപത്രിയിൽ ആവശ്യം മരുന്നുകൾ ലഭ്യ മാക്കുക. ചികിത്സാ രംഗം രജിസ്ട്രേഷൻ നിജ പ്പെടുത്തുക.


22 മൃഗാശുപത്രിയ്ക്ക് പുതുതായി അനുവദിച്ച് സ്ഥലത്തോട് ചേർന്ന് ഒരേക്കർ സ്ഥലം (ഫോറസ്റ്റ് ഏരിയ) സ്റ്റാഫ് കോർട്ടേഴ്സിനും കർഷക പരിശീന ഹാൾ പണിയുന്നതിനായി അനുവദിക്കുക.

മൃഗ സംരക്ഷണ മേഖലയിൽ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുക. തൊഴിൽ അവ സരങ്ങൾ അവസരങ്ങൾ സൃഷ്ടിക്കുക, ഗ്രാമീണ സ്ത്രീകളെ ഈ രംഗത്തേയ്ക്കു കൊണ്ടുരിക, കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ഉല്പാദിപ്പിക്കുക. മൃഗ ചികിത്സാ കേന്ദ്രങ്ങൾ ആധുനിക വൽക്കരിക്കുക. പേവിഷബാധ നിയന്ത്രണം ജന പങ്കാളിത്തത്തോടെ നടപ്പലാക്കുക എന്നിവായയിരിക്കണം. മൃഗ സംരക്ഷണ രംഗത്തെ പ്രവർത്തന മേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂ ത്രണ പദ്ധതി രൂപപ്പെടുത്തുകയും അതിനെ കേരള ത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷക ലഭ്യത, അദ്ധ്വാനം ആരോഗ്യം, എന്നിവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹാ യകരമമാക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാധ്യമാക്കാം.

## തൊളിക്കോട് പഞ്ചായത്ത്


| നാടൻ കാള | സങ്കരം കാള | പശു നാടൻ | പശു സങ്കരം | എരുമ | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവിനുള്ള | വംശ വർദ്ധനവിനു | കറവ ഉള്ളവ | കറവ ഉള്ളവ | കറവ | | | | |
| – | 15 | – | 1500 | 46 | | | | |
| മറ്റുള്ളവ | മറ്റുള്ള | കറവ ഇല്ലാത്തവ | കറവ ഇല്ലാത്തവ | കറവ ഇല്ലാത്തവ | | | | |
| 60 | 550 | – | 1008 | 19 | 86 | 2010 | 1560 | – |

## വളർത്തു മൃഗങ്ങൾ



2508
2010
1560
627
സങ്കരം
567
86
65
ഇല്ലാത്തവ
19
കറവ
46
നാടൻ
567
എരുമ
പോത്ത്
കാള
പട്ടി
ആട്
പശു

# ഉല്പാദനവും ഉപഭോഗവും

1 മുട്ട




2 പാൽ



# മസ്ത്യബന്ധനം

കടലോര പ്രദേശത്ത് നിന്ന് 35 കിലോമീറ്റർ അകലത്തിലാണ് നമ്മുടെ ഗ്രാം സ്ഥിതിചെയ്യുന്നത്. അതുകൊണ്ടുതന്നെ മത്സ്യബന്ധനവുമായി നേരിട്ട് ബന്ധമുള്ളവർ നമ്മുടെ പഞ്ചായത്തിലില്ല. മുൻ കാലങ്ങളിൽ, നീണ്ടകര, തൂത്തുക്കുടി, വിഴിഞ്ഞം, തുടങ്ങിയ മത്സ്യബന്ധനകേന്ദ്രങ്ങളിൽ നിന്നും മത്സ്യം വിലയ്ക്കു വാങ്ങി, സൈക്കിളുകളിൽ കൊണ്ടുവന്ന് നമ്മുടെ ഗ്രാമങ്ങളിലെ മാർക്കറ്റുകളിൽ വിറ്റഴിച്ച് ഉപജീവനം കഴിച്ചിരുന്നവർ ധാരാളമായിരുന്നു! അന്ന് നമ്മുടെ പഞ്ചായത്തിലെ പുളിമൂട്, തൊളിക്കോട്, തുടങ്ങിയ മാർക്കറ്റുകളിൽ ആയിരക്കണക്കിന് രൂപയുടെ മത്സ്യം വിൽക്കുമായിരുന്നു! ഇന്ന് കടലോര പ്രദേശങ്ങളിലെ മത്സ്യബന്ധന കേന്ദ്രങ്ങളിൽ നിന്നും നെടുമങ്ങാട്, പാങ്ങോട് തുടങ്ങിയ മത്സ്യവിപണന കേന്ദ്രങ്ങളിൽ നിന്നം, മത്സ്യം വിലയ്ക്കു വാങ്ങി ഇരുചക്രവാഹനങ്ങളിലും, ഗുഡ്സ് ആട്ടോകളിലുമായി നമ്മുടെ ഗ്രാമത്തിലെ വിവിധ മാർക്കറ്റുകളിലും മറ്റു പ്രദേശങ്ങളിലും, മത്സ്യം വിൽക്കുന്ന തൊഴിലാളികൾ ധാരാളമായിട്ടുണ്ട്. പറണ്ടോട്, പനയ്ക്കോട്, എന്നീ പ്രദേശങ്ങളിലുള്ള മാർക്കറ്റുകളിലാണ് മത്സ്യം അധികമായി വില്പന നടക്കുന്നത്. പുളിമൂട്, തൊളിക്കോട്, ചേന്നൻപാറ എന്നീ ചന്തകളിൽ നാമമാത്രമായി മത്സ്യവില്പന നടക്കുന്നു.

മത്സ്യം വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പ്രശ്നങ്ങൾ നിരവധിയാണ്. മത്സ്യം കൊണ്ടുവരുന്നതിന് ഉപയോഗിക്കുന്ന വാഹനം വാടകനിരക്കിലായതുകൊണ്ട് വരുമാനത്തിന്റെ സിംഹഭാഗവും അതിനായി ചെലവക്കേണ്ടിവരുന്നു. വാഹനങ്ങൾക്ക് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിച്ചിരിക്കുന്ന കർക്കശ നിലപാടു മൂലം മത്സ്യവിപണന തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടുന്നു! മത്സ്യകച്ചവടം നടത്തുന്നതിന് ബാങ്ക് വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും ഈ രംഗത്ത് നിലനിൽക്കുന്നു. മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണ പ്ലാന്റിന്റെ അഭാവം തൊഴിലാളികൾക്ക് സാമ്പത്തിക നഷ്ടം വരുത്തുന്നു.

മത്സ്യം വളർത്തുന്നതിനുള്ള ജലസ്രോതസ്സുകൾ ഈ പഞ്ചായത്തിൽ സുലഭമാണെങ്കിലും, അത്തരത്തിലുള്ള യാതൊരു കേന്ദ്രങ്ങളും ഈ പഞ്ചായത്തിലില്ല.

മത്സ്യബന്ധനപ്രശ്നത്തിനുള്ള പരിഹാരനിർദ്ദേശങ്ങൾ

1 ചെട്ടിയാംപാറ, പുളിമൂട് തോട്ടുമുക്ക്, ചായം തുടങ്ങിയ പ്രദേശങ്ങളിൽ മത്സ്യം വളർത്തൽ ആരംഭിക്കുക.

2 ഈ പഞ്ചായത്തിലെ വയൽ നികത്തിയ പണകളുടെ ചാലുകലിൽ മത്സ്യകൃഷി തുടങ്ങുക.

3 കുടിവെള്ളം ഒഴികെയുള്ള ജല സ്രോതസ്സുകളിൽ മത്സ്യക്കൃഷി നടത്തുക.

4 മത്സ്യക്കൃഷിക്ക് ബാങ്ക് വായ്പയും FFDA യും സാമ്പത്തിക സഹായയവും ഉറപ്പാക്കുക.

5 മത്സ്യഫെഡിന്റെ ഒരു ബ്രാഞ്ച് തൊളിക്കോട് കേന്ദ്രമാക്കി പ്രവർത്തനമാരംഭിക്കുക.

6 അലങ്കാര മത്സ്യക്കൃഷി വാണിജ്യാടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ നടപ്പിലാക്കുക.

7 ഈ പഞ്ചായത്തിലെ പ്രധാന മത്സ്യവിപണന കേന്ദ്രമായ പറണ്ടോട് മാർക്കറ്റിൽ സ്റ്റാളുകൾ നിർമ്മിക്കുകയും, കോൾഡ് സ്റ്റോറേജ് നിർമ്മിക്കുകയും ചെയ്യുക.

8 പനയ്ക്കോട് മാർക്കറ്റിന് സ്ഥലം പഞ്ചായത്ത് കണ്ടെത്തി ഏറ്റെടുക്കുകയും, സ്റ്റാളുകൾ നിർമ്മിക്കുകയും ചെയ്യുക.

9 ചെമ്മീൻ വളർത്തുകേന്ദ്രം ആരംഭിക്കുകയും പരിശീലനം നൽകുകയും ബോധവൽക്കരണം നടപ്പാക്കുകയും ചെയ്യുക.

10 മത്സ്യവിപണനതൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡും ക്ഷേമനിധിയും ഭാവന വായ്പാ പദ്ധതിയും നടപ്പിലാക്കുക.

11 വാഹന അപകടങ്ങളില് നഷ്ടം സംഭവിക്കുന്ന മത്സ്യടവിപണന തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുക.

12 ഈ പഞ്ചായത്തിൽ മത്സ്യവിതരണതൊഴിലാളി സഹകരണ സംഘം രൂപീകരിക്കുക.

13 മത്സ്യബന്ധന തൊഴിലാളികൾക്ക് സർക്കാർ നൽകുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളും, മത്സ്യവിപണന തൊഴിലാളികൾക്കും നൽകുക.

തൊളിക്കോട് ഗ്രാമപഞ്ചായത്ത് വക ചേന്നമ്പാറയിലുള്ള മാർക്കറ്റ് സ്ഥലത്ത് കുടിയേറിപ്പാർത്തവരെ മാറ്റി പാർപ്പിച്ച് മാർക്കറ്റ് പ്രവർത്തനം മെച്ചപ്പെടുത്തുക.

# കുടിവെള്ളം

ജല ലഭ്യതയിൽ കേരളം മുൻപന്തിയിലാണെ ങ്കിലും നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി പിന്നിലാണ്. വേനൽക്കാലാരംഭത്തിൽതന്നെ വീടുകളിലെ കിണറുകളും, കുളങ്ങളും വറ്റിവരണ്ടുപോകുന്ന സ്ഥിതിയാണുള്ളത്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിന് കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിന്റെ 2 മുതൽ 7 വാർഡുവരെ പ്രധാന സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എത്തിയിട്ടുണ്ട്. അവവേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. നോക്കുകുത്തികളായി മാറിയിരിക്കുന്നു. ജലശ്രോതസ്സുകൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് വാട്ടർ അതോരിറ്റിയുമായി ബന്ധപ്പെട്ട് ഉറവസംരക്ഷണ നടപടികൾ നടത്തേണ്ടതാണ്.

പൊൻപാറ VI-ാം വാർഡിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്ക്, പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി സ്ഥാപിച്ചതാണെങ്കിലും ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ നാലു വാർഡുകളിൽമാത്രമെ ഈ സ്കീം മുഖേന ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുള്ളൂ. ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്ത വാട്ടർ സപ്ലൈ സ്കീമിൽനിന്നും വീടുകൾക്ക് ശുദ്ധജലം ലഭിയ്ക്കുവാൻ കണക്ഷൻ കൊടുക്കുന്നതിനും സാധിച്ചിട്ടില്ല. പഞ്ചായത്തിലെ 20 കുഴൽ കിണറുകളും 15 കുളങ്ങളും പൊതുമേഖലയിൽ ഉണ്ടെങ്കിലും ഒന്നും തന്നെ ഉപയോഗയോഗ്യമല്ല. 31 തോടുകൾ ഉണ്ടെങ്കിലും അനധികൃത മണലൂറ്റലും മാലിന്യങ്ങളുംകൊണ്ട് ശോച്യാവസ്ഥയിലാണ്. ശുദ്ധജലം പഞ്ചായത്തിൽ മുഴുവനും എത്തിക്കാൻതക്ക വിധത്തിലുള്ള കുളങ്ങൾ, പല വാർഡുകളിലും നിലവിലുണ്ട്. തൂരുത്തി, ആലുങ്കുഴി, തോട്ടുമുക്ക് തുടങ്ങിയ കോളനികൾ ഉദാഹരണങ്ങൾ ഇവയിലെല്ലാം പമ്പ്സെറ്റ് സ്ഥാപിച്ച് മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിച്ചാൽ പഞ്ചായത്തിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കാവുന്നതാണ്.

## ഗ്രാമ സഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. നിലവിലുള്ള ശുദ്ധജലപദ്ധതി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും വ്യാപിപ്പിക്കുകയും അവയിൽ ഏത് കാലാവസ്ഥയിലും ജലം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. ഒരു വീടിന് ഒരു കിണർ എന്ന പദ്ധതി നിർബന്ധമായും നടപ്പിലാക്കുക.
3. കോളനി പ്രദേശങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുക.
4. നിലവിലുള്ള കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക.
5. നിർധനരായവർക്ക് സൗജന്യമായി കിണർകുഴിച്ചു നല്കുന്നതിന് പദ്ധതി തയ്യാറാക്കുക.
6. നിലവിലുള്ള ശുദ്ധജലപദ്ധതി ഭവനങ്ങൾക്കുകൂടി ഉപയോഗിക്കാവുന്ന രീതിയിൽ വിപുലപ്പെടുത്തുക.
7. പൊതു കുളങ്ങൾ വൃത്തിയാക്കി കുടിവെള്ളത്തിന് ഉപയോഗപ്പെടുത്തുക
8. തേവൻപാറ, തൂരുത്തി, ഭദ്രംവച്ചപാറ, ആനപ്പെട്ടി, പ്ലാന്തോട്ടം, മാങ്കാവ്, ചിറ്റിക്കോണം, പുള്ളിക്കോണം ചെട്ടിയാംപാറ എന്നീ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടുക.

## പരിഹാര മാർഗ്ഗങ്ങൾ

1. തേവൻപാറ വാർഡിൽ തേക്കുംമൂട് എന്ന സ്ഥലത്ത് ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് തൊളിക്കോട്, പഞ്ചായത്തുവക സ്ഥലത്ത് ട്രീറ്റ്മെന്റ് പ്ലാന്റും ഒരു പമ്പ് ഹൗസും സ്ഥാപിച്ച് ചെറ്റച്ചൽനിന്നും പമ്പു ചെയ്തുവരുന്ന വെള്ളം തേക്കുംമൂട് വാട്ടർ ടാങ്കിൽ എത്തിച്ചാൽ ഈ പഞ്ചായത്തിലെ 10 വാർഡുകളിലും ശുദ്ധജലം എത്തിക്കാൻ കഴിയും.
2. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ശുദ്ധജല പദ്ധതി ജലപങ്കാളിത്തത്തോടും, സന്നദ്ധസംഘടനകളുടെയും സഹായത്തോടെ നടപ്പിൽ വരുത്തുക.
3. കോളനിപ്രദേശങ്ങളിൽ പൊതു കിണറുകൾ സ്ഥാപിക്കുകയും അതിന്റെ ശുചീകരണപ്രവർത്തനങ്ങൾ കോളനിയില തിരെഞ്ഞെടുത്ത ഗ്രൂപ്പിനെ ഏല്പിക്കുകയും ചെയ്യുക.
4. നിർധനരായവർക്ക് സൗജന്യകിണർ പദ്ധതി തയ്യാറാക്കുക.

5 ശുദ്ധജലപദ്ധതി (പൈപ്പ് ലൈൻ) ഭവനങ്ങൾക്കു കൂടു ഉപയോഗിക്കാവുന്ന രീതിയിൽ ആക്കുക.

6 തുരുത്തി, ആലുങ്കുഴി, തോട്ടുമുക്ക് കോളനികുളം എന്നിവിടങ്ങളിൽ പമ്പ്സെറ്റുകൾ സ്ഥാപിച്ച് മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുക

7 പൊൻപാറ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്ക് വേണ്ട രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക. അതിനുചുറ്റുമുള്ള സ്ഥലം വേർതിരിച്ച് നിലനിറുത്തുക.

8 ചെട്ടിയാംപാറ പട്ടികവർഗ്ഗകോളനിയിൽ പണി പൂർത്തിയാക്കിയ കുളത്തിൽ പമ്പ് സെറ്റ് സ്ഥാപിച്ച് ചെട്ടിയാംപാറ, വിനോബാനികേതൻ മലയടി പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാം.

9 വേനൽക്കാലത്ത് വരണ്ടുപോകുന്ന കിണറുകളും കുളങ്ങളും ആഴം കൂട്ടുന്നതിന് നടപടി സ്വീകരിക്കുക.

10 പഞ്ചായത്തിന്റെ എല്ലാ പട്ടികവർഗ്ഗപട്ടികജാതി കോളനികളിലും പൊതുകിണറുകൾ സ്ഥാപിക്കുക.

11 വിനോബനികേതൻ വേട്ടുവൻ തോട് നിലവിലുള്ള കുളത്തിനെ കുടിവെള്ളത്തിന് യോഗ്യമായ രീതിയിൽ വിപുലമാക്കുക.

" ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും സാമൂഹികവും ആയ സുസ്ഥിയുടെ പരിപൂർണ്ണാവസ്ഥ യാണ് ആരോഗ്യം."

"രോഗം വന്നശേഷം ചികിത്സിക്കുന്നതിനെക്കാൾ ഉത്തമമല്ലേ രോഗം വരുംമുമ്പേ ശ്രദ്ധിക്കുന്നത്."

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്താണ്. ജീവജാലങ്ങളിൽ വച്ച് ഉന്നതവും ശ്രേഷ്ഠവുമായ മനുഷ്യന് - ദേശം, വർഗ്ഗം, മതം, രാഷ്ട്രീയ വിശ്വാസം, സമ്പന്നത - എന്നിവയ്ക്ക് അതീതമായി എവർക്കും അനുഭവിക്കാൻ അർഹതയുള്ള ഒരു മൗലിക അവകാശംകൂടിയാണ് ആരോഗ്യം. ശാരീരികവും മാനസികവും സാമൂഹ്യവും സാമ്പത്തികവുമായ സമ്പൂർണ്ണ സന്തുലിതാവസ്ഥയാണ് ആരോഗ്യമെന്ന് ലോകാരോഗ്യ സംഘടന നിർവ്വചിച്ചിരിക്കുന്നു.

## ആരോഗ്യനിലയുടെ സൂചികകൾ:

ആരോഗര്യനിലയിൽ സാമാന്യം മെച്ചപ്പെട്ട ഒരു ജനതയാണ് തൊളിക്കോട് ഗ്രാമപഞ്ചായത്തിലുള്ളത്. പഞ്ചായത്തിനുള്ളിൽ ഏഴ് പട്ടികവർഗ്ഗ, പട്ടികജാതി കോളനികൾ ഉണ്ട്. ഈ കോളനികളുടെ ആരോഗ്യത്തെ ലക്ഷ്യമാക്കിയാണ് മലയടി പ്രാഥമിക കേന്ദ്രം സ്ഥാപിച്ചത്. ഈ ആരോഗ്യകേന്ദ്രം പഞ്ചായത്തിന്റെ ഒരു ഭാഗത്ത് ഒതുങ്ങിയതുകൊണ്ട് മറ്റൊന്ന് പഞ്ചായത്തിന്റെ സിരാകേന്ദ്രമായ തൊളിക്കോട് സ്ഥാപിച്ചു. ഈ രണ്ട് അലോപ്പതി ആശുപത്രികളും പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യപരിപാലന പ്രവർത്തനങ്ങളിൽ സമ്പുഷ്ട മാണ്.

ആയുർവേദ ആശുപത്രിയും ട്രൈബൽ മേഖലയെ ലക്ഷ്യമാക്കി ഒന്നുമാത്രമേ പഞ്ചായത്തിലുള്ളു. ഹോമിയോ ആശുപത്രി ഈ പഞ്ചായത്തിൽ ഇല്ല. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കിയുള്ള മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ മൂന്ന് എണ്ണം പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ സ്ഥിതി വിവരകണക്കനുസരിച്ച് ജനനവും മരണവും ഏതാണ്ട് ഒരേനിലയിലാണ്. ശിശുമരണ നിരക്കും കുറവാണ്. ജനനം കൂടുതലും നടക്കുന്നത് ആശുപത്രിയിൽ വച്ചുതന്നെയാണ്. 1995-96 - ലെ കണക്കനുസരിച്ച് 148 കുഞ്ഞുങ്ങൾ ആശുപത്രിയിൽ ജനിച്ചപ്പോൾ 10 കുഞ്ഞുങ്ങളുടെ ജനനം വീടുകളിലാണ്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനും പ്രസവ സൗകര്യവുമുള്ള ആശുപത്രി പഞ്ചായത്തിലില്ല. 10 കിലോമീറ്റർ അകലെയുള്ള വിതുര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് അത്തരം ചികിത്സകയ്ക്കുള്ള ഏക ആശ്രയം

നിലവിലുള്ള ആയുർവേദ ആശുപത്രിയിൽ നിന്ന് പട്ടികവർഗ്ഗ രോഗികൾക്കുമാത്രമേ ചികിത്സ ലഭിക്കുകയുള്ളൂ. ഈ വിഭാഗത്തിനുമാത്രമായുള്ള രീതി മാറ്റി സാമൂഹ്യവത്കരിക്കേണ്ട ആവശ്യകത തള്ളിക്കളയേണ്ടതല്ല.

## കുടുംബക്ഷേമം

കുടുംബ ശ്രേയസ്സിന് കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ ചില വാർഡുകളിൽ ജനനനിരക്ക് ഇനിയും കുറയ്ക്കേണ്ടിയിരിക്കുന്നു. സ്ഥിരമോ താല്ക്കാലികമോ ആയ മാർഗ്ഗങ്ങൾ സ്വീകരിച്ച് ജനന നിയന്ത്രണം കൈവരുത്തുന്നതിന് ജനപങ്കാളിത്തം അനിവാര്യമാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളിൽ നിന്നും ഇതിനുവേണ്ടി ലഭിക്കുന്ന പ്രവർത്തനങ്ങളെ ജനകീയവൽക്കരിച്ച് ഊർജ്ജിതപ്പെടുത്തേണ്ടിയിരിക്കുന്നു.

## പോഷണ നിലവാരം:

പഞ്ചായത്തിൽ നടത്തിയ പഠനത്തിൽ നിന്നും വ്യക്തമാകുന്നത് സമീകൃതമല്ലാത്ത ഒരു ആഹാരക്രമമാണ് ജനത സ്വീകരിച്ചിരിക്കുന്നത് എന്നാണ്. പലർക്കും പ്രായത്തിനനുസരിച്ചുള്ള തൂക്കവും പൊക്കവുമില്ല. പഞ്ചായത്തിനകത്തും പുറത്തും സുലഭമായി ലഭിക്കുന്നതും വിലകുറഞ്ഞതുമായ സമീകൃത ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആവശ്യമാണ്. ഗർഭിണികളിലും, മുലയൂട്ടുന്ന അമ്മമാരിലും, കുട്ടികളിലുമാണ് പോഷണ കുറവ് കൂടുതൽ കാണുന്നത്. 1995-96' ലെ കണക്കനസരിച്ച് പഞ്ചായത്തിൽ 277 ഗർഭിണികളും ഒന്നിനും അഞ്ചിനുമിടയ്ക്കുള്ള 1779 കുട്ടികളുമുണ്ട്. ഇവരിൽ 90% പേർക്കും പോഷണക്കുറവ് ഉണ്ട്.

## കുട്ടികളും ആരോഗ്യവും

കുട്ടികളുടെ ആരോഗ്യത്തിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിലും അവരെ ഏറ്റവുമധികം ബാധിക്കുന്ന ദന്തരോഗത്തിന് വേണ്ടത്ര പ്രധാന്യം കല്പിക്കുന്നില്ല. ആറ് ശിശുരോഗങ്ങളിൽ നിന്ന് കുട്ടികളുടെ സംരക്ഷിക്കുന്നതിനായി പ്രതിരോധ വാക്സിൻ എല്ലാ ബുധനാഴ്ച തോറും മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിലും രണ്ട് ആശുപത്രികളിലുമായി നടക്കു

ന്നുണ്ട്. ഈ പ്രവർത്തനം വേണ്ടത്ര പുരോഗമനത്തിലെത്തിക്കാൻ സേവനമനോഭാവത്തോടു കൂടിയുള്ള അറുപത്തിയഞ്ച് മഹിളാ പീപ്പിൾസ് കമ്മിറ്റി അംഗങ്ങൾ ഈ പഞ്ചായത്തിന്റെ അഭിമാന സ്തംഭങ്ങളാണ്.

## രോഗനിലവാരം:

വിവിധ ശാസ്ത്രങ്ങളിലൂടെ ലഭിക്കുന്ന അറിവിനെ ആശ്രയിച്ചും അതാതു സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും സ്വഭാവത്തിനനുസരിച്ചും ആരോഗ്യപരിരക്ഷണത്തിന്റെ സ്വഭാവവും വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. പകർച്ചവ്യാധികൾ ഒരു ആഗോളപ്രശ്നമായി മാറികൊണ്ടിരിക്കുന്നു. മാരകമായ പല രോഗങ്ങളെയും നിർമ്മാർജ്ജനം ചെയ്തുകൊണ്ടിരിക്കുമ്പോൾ പല അജ്ഞാത രോഗങ്ങളും ശക്തിയായി നാം അറിയാതെ കടന്നുവന്നുകൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്തിൽ വയറിളക്കം, ചിക്കൻപോക്സ് തുടങ്ങിയ സാധാരണവും നിസ്സാരവുമായ രോഗങ്ങൾ മാത്രമേ പടർന്ന പിടിച്ചു കാണുന്നുള്ളൂ. അവയുടെ വ്യാപനം തടയുന്നതിന് പഞ്ചായത്തിലെ രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളും വേണ്ടപ്പോൾ സജീവമായി രംഗത്തെത്താറുണ്ട്. മലമ്പനി, ക്ഷയം, കുഷ്ഠം തുടങ്ങിയ രോഗങ്ങളെ അപകടകരമല്ലാതെ നോക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങൾ സജീവമാണ്. ജപ്പാൻ ജ്വരം, എലിപ്പനി, എയിഡ്സ്, ഡങ്കിപ്പനി ഇവയുടെ ഭീഷണി പഞ്ചായത്തിലില്ലെങ്കിലും അവയുടെ ബോധവത്കരണം പ്രാധാന്യം അർഹിക്കുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം ഏറിവരുന്നുവെന്നതിന് തെളിവാണ് പുതിയതും പഴയതുമായ രോഗങ്ങളുടെ വരവ് സൂചിപ്പിക്കുന്നത്. പഞ്ചായത്തിൽ 6,187 കുടുംബമുള്ളതിൽ 1201 കുടുംബങ്ങളിലേ കക്കൂസുള്ളു. മാരകമായ പലരോഗങ്ങളെയും ക്ഷണിച്ചുവരുന്ന ഈ ദുഃസ്ഥിതിക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. എല്ലാ വീടികളിലും കക്കൂസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനോടൊപ്പം ബോധവത്ക്കരണവും നടത്തി ഇതിനൊരറുതി വരുത്തേണ്ടതാണ്.

## ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം

പഞ്ചായത്തിൽ രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളും മൂന്ന് മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും ഒരു ട്രൈബൽ ആയുർവേദ ആശുപത്രിയും ഉണ്ട്. ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പട്ടികാരൂപത്തിൽ ചേർത്തിട്ടുണ്ട്.

## പരമ്പരാഗതവൈദ്യം

പഞ്ചായത്തിലെ പട്ടിവർഗ്ഗ വിഭാഗക്കാരിൽ പരമ്പരാഗതമായി ലഭിച്ചിട്ടുള്ള ചില ചികിത്സാ രീതികൾ നിലനിൽക്കുന്നുണ്ട്. മഞ്ഞപ്പിത്തം. പാമ്പുകടി, കണ്ണു രോഗങ്ങൾ ഇവയ്ക്ക് ഒറ്റമൂലി മരുന്നുകൾ നിലനിൽക്കുന്നുണ്ട്. പേപ്പട്ടി വിഷ ചികിത്സയ്ക്ക് മലയടി കൃഷ്ണൻ പണിക്കരും, വാതത്തിനും കണ്ണ് ചികിത്സയ്ക്കും മലയടി നളിനിയേയും അറിയപ്പെടുന്നു. പഞ്ചായത്തിൽ നിലനിൽക്കുന്ന ഈ പരമ്പരാഗത വൈദ്യമുറകൾ വളർത്തിയെടുക്കേണ്ടതാണ്.

മനുഷ്യ മഹാശക്തി സ്വരൂപിച്ച് അതിന് ലക്ഷ്യബോധം നൽകി ആരോഗ്യപരിപാലന രംഗത്ത് ഒരു വിപ്ലവം സൃഷ്ടിക്കാൻ പഞ്ചായത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

## ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളും തുല്യ പ്രാധാന്യത്തോടുകൂടി ആധുനിക സജ്ജീകരണങ്ങളുള്ള 200 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.
2. ആശുപത്രികളിൽ ആവശ്യത്തിനുള്ള മരുന്ന് ലഭ്യമാക്കുക.
3. ആശുപത്രികളിലെ ഫീൽഡ് പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുകയും ആരോഗ്യക്ലാസുകൾ സെമിനാറുകൾ മെഡിക്കൽ ക്യാമ്പുകൾ ഇവ സംഘടിപ്പിക്കുക.
4. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
5. നിലവിലുള്ള ചെട്ടിയാം പാറ ട്രൈബൽ ആയുർവേദ ആശുപത്രി മറ്റ് വിഭാഗക്കാർക്കും പ്രയോജനപ്രദമായ രീതിയിൽ മാറ്റുക.
6. പഞ്ചായത്തിലെ എല്ലാ വർഡുകളിലും മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. പരിസരശുചീകരണത്തിന് പ്രാധാന്യം നൽകുക. പൊതു മാർക്കറ്റുകളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക. ജംഗ്ഷനികളിൽ വെയ്സ്റ്റ് ബോക്സുകൾ സ്ഥാപിക്കുക.
8. കൊതുകു നിവാരണ പദ്ധതികളും എല്ലാ വീടുകളിലും കക്കൂസുകളും അനുവദിക്കുക.
9. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
10. പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടികൂടി കൊന്നുകളുയന്നതിന് നടപടി സ്വീകരിക്കുക.
11. വ്യാജ മദ്യവിൽപനയും വിപണനവും കർശനമായ രീതിയിൽ നിയന്ത്രിക്കുക.
12. ചെട്ടിയാം പാറ ആയുർവേദ ഡിസ്പെൻസറി 40 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

13. ചെട്ടിയാം പാറ പ്രദേശത്ത് മാത്രമായി പ്രവർത്തിക്കുന്ന ട്രൈബൽ ഡിപ്പാർട്ട്മെന്റിന്റെ കീഴിലുള്ള മൊബയിൽ ഡിപ്സെൻസറി യൂണിറ്റ് എല്ലാ ഗിരിവർഗ്ഗ മേഖലകളിലും വ്യാപിപ്പിക്കുക.

14. പഞ്ചായത്തിലെ എല്ലാ കുടുംബ അംഗങ്ങൾക്കും ഹെൽത്ത് കാർഡ് നൽകുക.

15. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് കമ്മറ്റി നേതൃത്വം നൽകി വാർഡ് തലങ്ങളിൽ ആരോഗ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും പാവപ്പെട്ടവർക്കും വൃദ്ധജനങ്ങൾക്കും സൗജന്യ ചികിത്സ നടപ്പിലാക്കുക ഇതിനുള്ള പദ്ധതികൾ പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുക.

16. പഞ്ചായത്ത് വക ആംബുലൻസ് വാങ്ങുക.

17. പഞ്ചായത്ത് തലത്തിൽ ഒരു ഹെൽത്ത് സ്ക്വാഡ് രൂപീകരിക്കുക.

18. പഞ്ചായത്ത് പ്രദേശത്ത് ജോലിചെയ്യുന്ന ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുക.

19. പഞ്ചായത്തിൽ പൊതുഅറവുശാല സ്ഥാപിക്കുക. അനധികൃമതായി നടത്തുന്ന അറവുശാലകളെ നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

20. പ്രധാന കവലകളിൽ പൊതുകക്കൂസ് സ്ഥാപിക്കുക.

21. കുഷ്ഠം, ക്ഷയം തുടങ്ങിയ സാംക്രമിക രോഗങ്ങൾ ബാധിച്ചവർക്ക് പുനരധിവാസത്തിനുള്ള സാമ്പത്തിക സഹായങ്ങൾ അനുവദിക്കുക.

## പരിഹാരമാർഗ്ഗങ്ങൾ

1. ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തിലെ പ്രാധമികാരോഗ്യകേന്ദ്രങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം.

2. സന്നദ്ധ സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ സാമൂഹ്യ പ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ എന്നിവർ ഉൾപ്പെടുന്ന സമിതികൾ പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും രൂപീകരിക്കുക. മാസത്തിൽ ഒരു ദിവസം സമിതി കൂടി ഒരുമാസത്തെ ആരോഗ്യ പരിപാടിക്ക് രൂപം നൽകേണ്ടതാണ്.

3. പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

4. ചെട്ടിയാം പാറ ട്രൈബൽ, ആയുർവേദ ആശുപത്രി എല്ലാ വിഭാഗക്കാർക്കും ഉപയോഗപ്രദമാക്കുക.

5. പഞ്ചായത്തിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ ജനപങ്കാളിത്തത്തോടെ പിടികൂടി നശിപ്പിക്കാൻ നടപടി എടുക്കുക.

6. പഞ്ചായത്ത് വക ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുക.

7. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

8. പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

9. തൊളിക്കോട് പ്രൈമറി ഹെൽത്ത് സെന്റർ കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനു വേണ്ടി ആവശ്യമായ ഫണ്ട് അനുവദിക്കുക.

10. രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകളിലും ഒഴിവുള്ള തസ്തികകളിൽ ഉടനടി പോസ്റ്റിംഗ് നടത്തുക.

11. ഡോക്ടർമാർക്ക് താമസിക്കുന്നതിന് കോർട്ടേഴ്സ് പണിയുക.

12. തൊളിക്കോട് ഗവർമെന്റ് ആശുപത്രിക്കുവേണ്ടി 10 കിടക്കകളുള്ള കെട്ടിടത്തിന്റെ നിർമ്മാണം വർഷങ്ങളായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി ആവശ്യമായ ഫണ്ട് കണ്ടെത്തി കെട്ടി നിർമ്മാണം പൂർത്തീകരിക്കുക.

13. നെതർലാന്റ് പദ്ധതി ഉൾപ്പെടുത്തി പഞ്ചായത്തിൽ ശുദ്ധജല വിതരണ നടപടികൾ സ്വീകരിക്കുക.

14. പനയ്ക്കോട് വാർഡിലെ ആമ്പൽക്കുളം ശുചീകരിച്ച് ടാങ്ക് നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെറുവക്കോണം പനയ്ക്കോട് പ്രദേശങ്ങളിലുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുകയും ചെയ്യുക.

15. തച്ചൻകോട് ജംഗ്ഷനിൽ നിന്നും തച്ചൻകോട് ഹരിജൻ കോളനിയിലേക്ക് പൈപ്പുലൈൻ നീട്ടുകയും കേടായ എല്ലാ വാട്ടർ ടാപ്പുകളും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.

16. ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കിയ പ്രദേശങ്ങളിലെ സ്കൂളികളിലെങ്കിലും സൗജന്യമായ പൈപ്പ് കണക്ഷൻ അനുവദിക്കുക.

17. ജലസേചനത്തിനായി നിർമ്മിച്ച കുളങ്ങൾ കൃഷിക്ക് അത്യാവശ്യമല്ലാത്ത പ്രദേശങ്ങളിൽ ശുദ്ധജലത്തിനായി ഉപയോഗിക്കുക.

# പൊതു കുഴൽകിണർ, കിണർ എന്നിവയുടെ സ്ഥിതിവിവരം

| വാർഡ് നമ്പർ | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പുവെള്ളം | | പൊതു കുഴൽ കിണർ | പൊതു കിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവുശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പൊതു ടാപ്പുകൾ | ഹൗസ് കണക്ഷൻ | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| I | | 1 | | | | 1 | 3 | | | | |
| II | | | | | | 2 | 3 | | | | |
| III | | | | | | 2 | 1 | | | | |
| IV | | | | | | 2 | 2 | | | | |
| V | | | | | | 2 | 3 | | | | |
| VI | | | | | ഇല്ല | 1 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VII | | | | | | 3 | 5 | | | | |
| VIII | | | | | | 2 | 7 | | | | |
| IX | | | | | | 3 | 3 | | | | |
| X | | | | | | 2 | 5 | | | | |
| ആകെ എണ്ണം | | 1 | | 149 | | 20 | 37 | | | | |

# നിലവിലുള്ള പഞ്ചായത്തുവക കുളങ്ങൾ

| വാർഡ് നമ്പർ | കുളങ്ങളുടെ എണ്ണം |
|---|---|
| I<br>II | ഇല്ല<br>1 |
| III | 1 |
| IV | 1 |
| V | 1 |
| VI | 4 |
| VII | ഇല്ല |
| VIII | 6 |
| IX | 1 |
| X | ഇല്ല |
| ആകെ എണ്ണം 15 | |

# പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തനവും

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1. | പ്രാഥമികാരോഗ്യകേന്ദ്രം, മലയടി (VII-ാം വാർഡ്) | i. രോഗ പരിശോധനയും പ്രാഥമിക ചികിത്സയും<br>ii. ഗർഭിണികൾക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്.<br>iii, കുഷ്ഠരോഗ നിർണ്ണയ സർവെ<br>iv. എല്ലാ മാസവും 24-ാം തീയതി കുഷ്ഠരോഗികൾക്ക് വിവിധ ഔഷധ ചികിത്സ നൽകുന്നു.<br>v. ആരോഗ്യബോധന ക്ലാസുകൾ.<br>vi. മെഡിക്കൽ ക്യാമ്പുകൾ<br>vii. ന്യൂട്രീഷൻ ക്യാമ്പുകൾ |
| 2. | പ്രാഥമികാരോഗ്യകേന്ദ്രം, തൊളിക്കോട് | i. രോഗപരിശോധനയും പ്രാഥമിക ചികിത്സയും<br>ii. ഗർഭിണികൾക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്.<br>iii. എല്ലാമാസവും 24-ാം തീയതി കുഷ്ഠരോഗികൾക്ക് വിവിധ ഔഷധ ചികിത്സ നൽകുന്നു.<br>v. കുഷ്ഠരോഗ നിർണ്ണയ സർവെ |
| 3. | ആയുർവേദ ആശുപത്രി, ചെട്ടിയാംപാറ | i. രോഗനിർണ്ണയവും ചികിത്സയും |

| | | |
|---|---|---|
| 4. | മാതൃശിശു സംരക്ഷണ കേന്ദ്രം, പനയ്ക്കോട്<br>മാതൃശിശു സംരക്ഷണ കേന്ദ്രം, മണലയം<br><br>മാതൃശിശു സംരക്ഷണ കേന്ദ്രം, തൊളിക്കോട് | i. ആഴ്ചയിൽ ഒരു ദിവസം ഗർഭിണികളുടെ പരിശോധന<br>ii. മാസത്തിൽ ഒരു ദിവസം ഗർഭിണികൾക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്.<br>iii. കുട്ടികൾക്കും ഗർഭിണികൾക്കും വിറ്റാമിൻ ഗുളിക വിതരണം.<br>iv. കുടുംബാസൂത്രണ മാർഗ്ഗളെ കുറിച്ചുള്ള ബോധനവും അവയുടെ വിതരണവും. |

## പകർച്ച വ്യാധികൾ

| | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | കുഷ്ഠരോഗം |
|---|---|---|---|---|
| 1993-94 | 500 | 2500 | 250 | 27 |
| 1994-95 | 500 | 1250 | 250 | 7 |
| 1995-96 | 250 | 3000 | 250 | 9 |

# പഞ്ചായത്തിലെ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തനവും

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനം |
|---|---|---|
| 1 | ജി.വി. ക്ലിനിക്, തൊളിക്കോട് | i. രോഗപരിശോധനയും കിടത്തി ചികിത്സയും |
| 2. | രോഹിണി ക്ലിനിക്, തൊളിക്കോട് | i. രോഗ പരിശോധനയും കിടത്തി ചികിത്സയും |
| 3. | ഫാത്തിമാ ക്ലിനിക്(ഹോമിയോ), തൊളിക്കോട് | i. രോഗപരിശോധനയും പ്രാഥമിക ചികിത്സയും |
| 4. | ബി.എസ്. ക്ലിനിക്(ഹോമിയോ), പനയ്ക്കോട് | i. രോഗപരിശോധനയും പ്രാഥമിക ചികിത്സയും |

# ദേശീയ തലത്തിൽ നടത്തുന്ന പ്രത്യേക ആരോഗ്യപരിപാടികൾ

| ക്രമനമ്പർ | ദേശിയ പരിപാടികളുടെ പേര് | നടത്തുന്ന പ്രവർത്തനങ്ങൾ |
|---|---|---|
| 1 | നാഷണൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം | ശ. എൽ.പി. സ്കൂളുകളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളെയും പരിശോധിച്ച് രോഗങ്ങൾ കണ്ടെത്തി ചികിത്സ നൽകുന്നു. |
| 2. | ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടി | ശ. രാജ്യത്തുനിന്നും പോളിയോ രോഗം തുടച്ചുനീക്കുന്നതിന് അഞ്ച് വയസ്സിനു താഴെ പ്രായമുള്ള എല്ലാകുട്ടികൾക്കും വർഷത്തിൽ അധികമായ രണ്ട് ഡോസ് മരുന്ന് നൽകുന്നു. |
| 3. | ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി | ശ. പനിയുള്ള ഏതൊരാളുടെയും രക്തം പരിശോധിച്ച് മലമ്പനി ഉണ്ടോ എന്ന് അറിയുന്നു. മലമ്പനിയാണെങ്കിൽ പ്രത്യേക ചികിത്സ നൽകുന്നു. മലമ്പനി ഉള്ള ഒരാളെ കണ്ടെത്തിയാൽ അയാൾ താമസിക്കുന്നതിന് ചുറ്റുമുള്ള അരകിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന എല്ലാപേരുടെയും രക്തം പരിശോധിക്കുകയും വീടുകളിൽ ഡി.റ്റി.റ്റി. തളിക്കുകയും ചെയ്യുന്നു. |
| 4. | ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പരിപാടി | ശ. കുഷ്ഠരോഗികളെ സർവെയിലൂടെ കണ്ടെത്തി അവർക്ക് ചികിത്സ നൽകുന്നു. എല്ലാവർഷവും ജനുവരി 30 മുതൽ ആചരിക്കുന്ന ആന്റി ലെപ്രസി വീക്കിൽ സെമിനാറുകൾ ബോധവത്കരണ ക്ലാസുകൾ ഫിലിം പ്രദർശനങ്ങൾ തുടങ്ങിയവ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്നു. |
| 5. | ദേശീയ എയിഡ്സ് കൺട്രോൾ പ്രോഗ്രാം | ശ. ബോധവത്കരണ ക്ലാസുകൾ |

## ഔട്ട് പേഷ്യന്റ്

| | |
|---|---|
| 1992–93 | 45,516 |
| 1993–94 | 45,009 |
| 1994–95 | 40,623 |
| 1995–96 | 41,933 |

സ്ത്രീ

# അംഗവൈകല്യ സ്ഥിതിവിവരം

| വാർഡ് | 5 വയസ്സുള്ളവർ | | 5 നും 10നും | | 10–18 | | 18–25 | | 25–45 | | 45–60 | | 60ന് മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| I | | | | | | | 1 | 1 | 3 | 2 | 1 | | | | 5 | 3 |
| II | | | | | | 2 | 2 | | | 1 | 2 | | | | 4 | 3 |
| III | | | | | | 2 | - | 2 | - | 1 | 3 | 1 | - | - | 3 | 6 |
| IV | | | | | | 1 | 2 | - | 3 | 1 | 1 | | 1 | - | 6 | 3 |
| V | | | | | 1 | 2 | 1 | | | | | 1 | | | 2 | 3 |
| VI | | | | | | | 1 | 1 | 1 | 3 | 1 | | | | 2 | 4 |
| VII | | | 1 | | 1 | 2 | 1 | 3 | | 3 | 1 | 1 | 1 | | 7 | 7 |
| VIII | | | | | | 1 | | | 1 | | 6 | | | | 1 | 7 |
| IX | 1 | | 2 | 1 | | 0 | 1 | | 2 | 5 | 3 | | 1 | 1 | 10 | 7 |
| X | | | | 1 | 1 | 3 | 1 | 1 | 7 | 6 | | | 1 | | 10 | 11 |
| ആകെ | 1 | | 3 | 2 | 3 | 13 | 8 | 6 | 20 | 28 | 12 | 4 | 4 | | 50 | 54 |

"ദേശീയ പോളിയോ നിർമ്മാർജ്ജന യജ്ഞം
അഞ്ചു വയസിന് താഴെയുള്ള എല്ലാകുട്ടികൾക്കും–
പോളിയോ വാക്സിൻ നൽകുക

മുമ്പ് രോഗ പ്രതിരോധ പട്ടിക പ്രകാരം വാക്സിൻ നൽകിയ കുട്ടികൾക്കും വീണ്ടും വാക്സിൻ നൽകേണ്ടതാണ്."

അടുത്ത തീയതി
1997 ജനു: 18

# ഊർജ്ജവും ഗതാഗതവും

## ഊർജ്ജം

1958 ലാണ് തൊളിക്കോട് ഭാഗത്ത് വൈദ്യുതി എത്തിയത്. ഇപ്പോൾ തൊളിക്കോട് പഞ്ചായത്ത് അതിർത്തിയിൽപെട്ട തിരുവനന്തപുരം പൊന്മുടി റോഡിൽ മന്നൂർക്കോണം മുതൽ പേരയത്തുപാറ വരെയുള്ള പ്രദേശങ്ങളിലാണ് വൈദ്യുത വെളിച്ചം എത്തിയത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അന്ന് വൈദ്യുതി കടന്ന് ചെന്നിട്ടില്ലായിരുന്നു. സർക്കാരിന്റെ "വെളിച്ച വിപ്ലവം" പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്ന പദ്ധതികളും ഉൾപ്പെട്ടതാണ് ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് വൈദ്യുതി എത്തിച്ചേർന്നത്.

ഈ പഞ്ചായത്തിലെ വൈദ്യുത ഗുണഭോക്താക്കൾ 1423 കുടുംബങ്ങളാണ്. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 10 ട്രാൻസ്ഫോമറുകൾ നിലവിലുണ്ട്. ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കുമായി 100 കണക്ഷനുകൾ ഇന്ന് വൈദ്യുതിക്കായി കാത്തിരിക്കുന്നു. പഞ്ചായത്തിന്റെ വകയായി 455 തെരുവ് വിളക്കുകളും 38 ട്യൂബ് ലൈറ്റുകളും 4 പേപ്പർ ലാമ്പുകളും ഈ ഗ്രാമപഞ്ചയാത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുകയാണ്. കഴിഞ്ഞ ഒരു വർഷമായി പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതി നൽകുന്ന വ്യവസ്ഥിതി പൂർണ്ണമായും നിലച്ചിരിക്കുകയാണ്. O.Y.E.C. പ്രകാരവും ടേൺ വ്യവസ്ഥിതിയിലും പണമടച്ചവർക്ക് വർഷങ്ങളായിട്ടും വൈദ്യുതി ലഭിച്ചിട്ടില്ല. 500 ഓളം കുടുംബങ്ങൾ മിനിമം ഗ്യാരന്റി വ്യവസ്ഥയിൽ എഗ്രിമെന്റ് വച്ച് വൈദ്യുതിക്കായി കാത്തിരിക്കുകയാണ്. പട്ടികവർഗ്ഗ കേന്ദ്രങ്ങളായ മേത്തോട്ടം കണിയാരം തോട് ആനപ്പെട്ടി, ചെട്ടിയാം പാറ, അരുവിയോട് പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകി നിർമ്മാണ ജോലികൾ കരാറുകാരനെ ഏൽപ്പിച്ചു. എങ്കിലും നാളിതുവരെയായി പണികൾ ആരംഭിച്ചിട്ടില്ല. പഞ്ചായത്തിലെ ഹരിജൻ കോളനികളിൽ ചെറുവക്കോണം I.H.D.P. കോളനി ഒഴികെയുള്ള ഹരിജൻ കോളനികളിൽ ഇതുവരെയായി വൈദ്യുതി കടന്ന് ചെന്നിട്ടില്ല.

തൊളിക്കോട് ഗ്രാമപഞ്ചായത്ത് വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടുന്നതിനും തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനും ലക്ഷക്കണക്കിന് രൂപ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ച് വൈദ്യുതിക്കായി കാത്തിരിക്കുകയാണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളിലും വൈദ്യുതി കടന്നെട്ടിയിട്ടില്ല. വൈദ്യുതിയുടെ ദൗർലഭ്യം മൂലം ഉള്ള വ്യവസായങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പുതിയവ ആരംഭിക്കുന്നതിനും സാധിക്കുന്നില്ല. കാർഷിക ആവശ്യങ്ങൾക്കായി പമ്പുസെറ്റുകൾ സ്ഥാപിച്ച് വൈദ്യുതി കണക്ഷനുവേണ്ടി കർഷകർ ഈ ഗ്രാമപഞ്ചായത്തിൽ നിരവധിയാണ്. റബർ മരങ്ങളും മറ്റ് വൃക്ഷങ്ങളും സമൃദ്ധമായിട്ടുള്ള ഈ പഞ്ചായത്തിൽ ചെറിയ ഒരു കാറ്റ് വീശിയാൽ പോലും വൈദ്യുതി നിലയ്ക്കുന്ന കാഴ്ച സർവസാധാരണമാണ്. സ്ലാബ് സമ്പ്രദായത്തിൽ പണം അടയ്ക്കുന്നതു കാരണം ഉപയോഗിക്കാത്ത കറന്റിനായി ഉപഭോക്താക്കൾ പണം അടയ്ക്കുകയാണ്. ഇലക്ട്രിക് ലൈനുകൾക്കായി സ്ഥാപിച്ചിട്ടുള്ള തടിപോസ്റ്റുകളും മറ്റും കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച അവസ്ഥയിലാണ്. പോസ്റ്റുകളും മറ്റും മറിഞ്ഞുവീണ് നിരവധി അപകട മരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

### ഈ പഞ്ചായത്തിലെ വൈദ്യുത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമായ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു.

1. ഈ പഞ്ചായത്തിന്റെ തൊട്ടടുത്ത പ്രദേശമായ പേപ്പാറ ജലവൈദ്യുത പദ്ധതിയിൽ നിന്നുള്ള വൈദ്യുതി ഈ പഞ്ചായത്തിൽ കൂടി ലഭ്യമാക്കണം.
2. സൗരോർജ്ജവും കാറ്റിൽ നിന്നുള്ള വൈദ്യുതി ഉൽപാദന പദ്ധതിയും തുടങ്ങുക.
3. പട്ടികജാതി കോളനികളിൽ സൗജന്യമായി വൈദ്യുതി എത്തിക്കുക.
4. പട്ടികവർഗ്ഗകോളനികളിൽ തുടങ്ങിവച്ച വൈദ്യുത വിതരണ പദ്ധതി പൂർത്തീകരിക്കുകയും മറ്റ് കോളനികളിൽ സൗജന്യമായി വൈദ്യുതിനൽകുകയും ചെയ്യുക.
5. O.Y.E.C. യിലും ടേൺ വ്യവസ്ഥിയിലും പണം

അടച്ചവർക്കും വർഷങ്ങളായി വൈദ്യുത കണക്ഷൻ അടിയന്തിരമായി നൽകുക.

6. ഇലക്ട്രിക് പോസ്റ്റ് ഉൾപ്പെടെയുള്ള സാധനസാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തുക.

7. പഞ്ചായത്തിന്റെ തെരുവുവിളക്കുകൾ യഥാസമയം പ്രകാശിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക. പ്രകാശിക്കാത്ത തെരുവുവിളക്കുകൾ മാറ്റി യഥാസമയം പുതിയവ സ്ഥാപിക്കുക.

8. മിനിമം ഗ്യാരന്റിയിൽ എഗ്രിമെന്റ് വച്ചിട്ടുള്ള എല്ലാ അപേക്ഷകർക്കും വൈദ്യുതി കണക്ഷൻ നൽകുക.

9. ലൈൻ നീട്ടുന്നതിനായി പഞ്ചായത്ത് പണം അടച്ചിട്ടുള്ള എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിക്കുകയും മേലിൽ പഞ്ചായത്ത് പണം അടച്ച് ആവശ്യപ്പെടുന്ന പ്രദേശങ്ങളിൽ യഥാസമയം പ്രത്യേക പരിഗണന നൽകി വൈദ്യുതി നൽകേണ്ടതാണ്

10 വൈദ്യുത ബോർഡ് അംഗീകാരം നൽകിയ പൊൻപാറ, മലയടി, ചാരുപാറ, പുളിമൂട്, പുളളിക്കോണം, നാഗര എന്നിവിടങ്ങളിൽ അടിയന്തിരമായി ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക.

11. തൊളിക്കോട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് സബ് ഇൻജിനീയറിംഗ് ആഫീസിൽ ആവശ്യമായ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും രാത്രികാല ജോലിക്കായി ജീവനക്കാരെ നിയോഗിക്കുകയും ചെയ്യുക.

12. ഈ പഞ്ചായത്തിലെ പ്രധാന കവലകളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക.

13. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനുള്ള സാമ്പത്തിക സഹായം നൽകുക.

14. കുടിൽ ജ്യോതി പദ്ധതി ഈ പഞ്ചായത്തിൽ വ്യപകമാക്കുക.

15. അസംസ്കൃത പദാർത്ഥങ്ങളിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

16. മലയടി ഗിരിജൻ സർവീസ് സഹകരണ നെയ്ത്തുശാലക്ക് അടിയന്തിരമായി വൈദ്യുത കണക്ഷൻ നൽകുക.

# ഗതാഗതം

തൊളിക്കോട് പഞ്ചായത്തിലെ പ്രധാന റോഡായ തിരുവനന്തപുരം, പൊൻമുടി റോഡ് വർഷങ്ങൾക്കു മുൻപ് പൊൻമുടി - ബോണക്കാട്, മർച്ചിസ്റ്റൺ തുടങ്ങിയ തേയില തോട്ടങ്ങളിലേക്ക് കുതിരവണ്ടി പോകുന്നതിനുവേണ്ടി ബ്രിട്ടീഷുകാർ നിർമ്മിച്ചതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽകൂടി പോകുന്ന പ്രധാന വീഥികൾ അന്ന് ഊടുവഴികളും, ചിലത് വില്ലുവണ്ടി കടന്നുപോകുവാൻ സൗകര്യം ഉള്ളതുമായിരുന്നു! ഇന്നു കാണുന്ന മിക്ക റോഡുകളും ബഹുജന പങ്കാളിത്തത്തോടെ നിർമ്മിച്ചിട്ടുള്ളതാണ്. കാലക്രമേണ സർക്കാരിന്റെയും മറ്റ് വികസന ഏജൻസികളുടെയും, വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ളവയാണ് ഇന്നത്തെ റോഡുകൾ. ടൂറിസ്റ്റുകേന്ദ്രങ്ങളായ പൊൻമുടിയിലേക്കും, പേപ്പാറയിലേക്കും, കടന്നുപോകുന്ന റോഡുകൾ ഈ പഞ്ചായത്തിലുടെയാണ്. എന്നാൽ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ - എന്നീ റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നില്ല.

1962-ലാണ് തിരുവനന്തപുരം പൊന്മുടി റോഡിൽ നമ്മുടെ പഞ്ചായത്തിൽ ഉൾക്കൊള്ളുന്ന റോഡിൽ ടാറിംഗ് നടത്തിയത്.

ഈ പഞ്ചായത്തിലെ റോഡുകളുടെ ആകെ ദൈർഘ്യം 141 കിലോ മീറ്ററാണ്. എന്നാൽ ഇതിൽ വിവിധ ഭാഗങ്ങളിലായി 23 കിലോമീറ്റർ മാത്രമെ പബ്ലിക് വർക്സ് ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്തിട്ടുള്ളൂ. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന രണ്ട് ജില്ലാ റോഡുകളാണുള്ളത്. ചെറിയ ചെറിയ പതിനാല് വില്ലേജ് റോഡുകൾ ഈ പഞ്ചായത്തിലുണ്ട്. ഇവയുടെ ആകെ നീളം 57 കിലോമീറ്ററാണ്. ബാക്കിയുള്ളവ "പക്കാ" റോഡുകളാണ്.

കാളവണ്ടിയും, വില്ലുവണ്ടിയും മാത്രം സഞ്ചരിച്ചിരുന്ന ഈ ഗ്രാമത്തിൽ 1934-ൽ ഒരു പ്രൈവറ്റ് ബസ് ആദ്യമായി എത്തിച്ചേർന്നു! തുടർന്ന്, കല്ലാർ- കാട്ടക്കട, കല്ലാർ-വർക്കല, എന്നീ പ്രദേശങ്ങളിലേക്ക് RKV പ്രൈവറ്റ് ബസ് സർവ്വീസുണ്ടായിരുന്നു! ഏകദേശം നാല്പത്തിഅഞ്ച് വർഷങ്ങൾക്കുമുമ്പ് ഈ റോഡ് ദേശസാൽക്കരിക്കുകയും, KSRTC സർവ്വീസ് ആരംഭിക്കുകയും ചെയ്തു. ഇന്ന് ജനങ്ങളുടെ ഏക ആശ്രയം KSRTC ബസു മാത്രമാണ്. എന്നാൽ ആവശ്യത്തിന് ബസ് സർവ്വീസുകളില്ല. ഈ പഞ്ചായത്തിൽനിന്നും മറ്റു പ്രദേശങ്ങളിൽ വിവിധ ജോലിക്കായി പോകുന്നവർക്കും, ഉന്നത വിദ്യാഭ്യാസത്തിനായി, നെടുമങ്ങാട്, തിരുവനന്തപുരം, പെരിങ്ങമ്മല, കാട്ടാക്കട എന്നീ പ്രദേശങ്ങളിലേക്ക് വിദ്യാർത്ഥികൾക്കും ഈ പഞ്ചായത്ത് പ്രദേശത്ത് എത്തിചേരേണ്ട വിവിധ ഉദ്യോഗസ്ഥർക്കും, മതിയായ ബസ് സർവ്വീസുകൾ ഇന്നില്ല. പ്രമുഖ കാർഷിക മലഞ്ചരക്ക് വിപണന കേന്ദ്രങ്ങളായ നെടുമങ്ങാട്, കാട്ടാക്കട, എന്നിവിടങ്ങളിൽ തങ്ങളുടെ ഉല്പന്നങ്ങൾ എത്തിക്കുവാൻ കർഷകർ നന്നേ ബുദ്ധിമുട്ടുന്നു! ട്രാൻസ്പോർട്ട് ബസുകളുടെ കുറവുമൂലം കൃത്യസമയത്ത് എത്തിചേരുന്നതിന് ഭൂരിപക്ഷം യാത്രക്കാരും ടെംബോ, ടക്കർ സമാന്തരസർവ്വീസുകളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന തിരുവനന്തപുരം-പൊന്മുടി റോഡും, ആര്യനാട് ഇരുത്തലമൂല റോഡും, റീടാർ ചെയ്യേണ്ട സമയം അതിക്രമിച്ചിരിക്കുന്നതിനാൽ യാത്ര ക്ലേശകരമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട പല റോഡുകളും, യഥാസമയം അറ്റകുറ്റപണികൾ ചെയ്യുന്നതിനും, പുനഃപുദ്ധാരണം നടത്തുന്നതിനും, ആവശ്യമായ ഫണ്ടു പഞ്ചായത്തിന് ലഭിക്കുന്നില്ല. അക്കാരണത്താൽ മിക്കറോഡുകളും ഇന്ന സഞ്ചാരയോഗ്യമല്ല. പഞ്ചായത്തുറോഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന കലുങ്കുകളുടെ നിർമ്മാണം നടത്തുവാൻ ഫണ്ടിന്റെ ദൗർലഭ്യംമൂലം പഞ്ചായത്തിനു കഴിയുന്നില്ല.

### ഗതാഗത പ്രശ്നപരിഹാരത്തിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു!

1. പഞ്ചായത്തിലെ പത്തു വാർഡുകളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലൂടെ KSRTC ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്.
2. നിലവിലുള്ള ബസ് സർവ്വീസുകൾ കൃത്യനിഷ്ഠയോടെ നടത്തേണ്ടതാണ്.
3 പ്രധാന റൂട്ടുകളായ നെടുമങ്ങാട് തൊളിക്കോട് വഴി പാലോട്, നെടുമങ്ങാട് ആനപ്പെട്ടി വഴി വിതുര. നെടുമങ്ങാട് വിതുര വഴി പെരിങ്ങമ്മല. തൊളിക്കോട് മേമല വിതുര തുടങ്ങിയ റൂട്ടുകളിൽ കൂടുതൽ ബസ് സർവ്വീസ് നടത്തേണ്ടതാണ്.

4. നെടുമങ്ങാട് പനയ്ക്കോട് ആര്യനാട് തൊളിക്കോട് ഒരു സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുക.

5. ചുള്ളിമാനൂർ സിറ്റി ഫാസ്റ്റ് സർവ്വീസ് തൊളിക്കോട് വരെ നീട്ടുക.

6. തൊളിക്കോട് കേന്ദ്രമാക്കി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് അനുവദിക്കുക.

7. നിർത്തിവച്ച വിഴിഞ്ഞം പേപ്പാറ, കോവളം - പൊന്മുടി ബസ് സർവീസുകൾ ഉടൻ പുനരാരംഭിക്കുക.

8. വിനോബാ നികേതനത്തിൽനിന്നും 5.20ന് പുറപ്പെടുന്ന ആര്യനാട് നെടുമങ്ങാട് ബസ് തൊളിക്കോടു വഴി പൊകുവാൻ നടപടി സ്വീകരിക്കുക.

9. നിർത്തിവച്ച ചെരുപ്പാണി സ്റ്റേ ബസ് പുനരാരംഭിക്കുക.

10. തൊളിക്കോട് സ്റ്റേ ബസ് അനുവദിക്കുക.

11. നെടുമങ്ങാട്ടുനിന്നും വിതുരയിലേയ്ക്ക് ഒരു നിശാബസ് സർവ്വീസ് ആരംഭിക്കുക.

12. വിതുരയിൽനിന്നും നെടുമങ്ങാട്ടേക്ക് രാത്രി പത്തുമണിക്കുശേഷം ഒരു ബസ് സർവ്വീസ് ക്രമീകരിക്കുക.

13. പാലോട്, നാഗര, തൊളിക്കോട്, തോട്ടുമുക്ക്, മേമല, വിതുര, ആനപ്പെട്ടി, പരപ്പാറ, പാലോട് സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുക.

14. ഈ പഞ്ചായത്തിലുള്ള 57 കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുക. അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ പൊന്മുടിയിലേക്കു റോഡ് നാഷണൽ ഹൈവേയായി പ്രഖ്യാപിക്കുക.

15. നിർദ്ദിഷ്ട ഹിൽ ഹൈവേ മലയോര പ്രദേശമായ തൊളിക്കോട് പഞ്ചായത്തിൽകൂടി കടന്നു പോകാൻ നടപടി സ്വീകരിക്കുക.

16. വിതുര തൊളിക്കോട് പ്രദേശം കേന്ദ്രമാക്കി അനുവദിച്ച KSRTC ബസ് സ്റ്റേഷൻ സൗജന്യമായി സ്ഥലം ലഭിക്കുമെന്ന് ഉറപ്പുള്ള ചായംപ്രദേശത്ത് ആരംഭിക്കുക.

17. പ്രധാനപ്പെട്ട റോഡുകളുടെ സുരക്ഷിതത്വത്തിനായി ഓടകൾ നിർമ്മിക്കുകയും സൈഡുവാൾ കെട്ടുകയും ചെയ്യുക.

18. യഥാസമയങ്ങളിൽ റോഡുകൾ റീടാർ ചെയ്യുക.

19. കലുങ്കുകൾ വീതി കൂട്ടുക. കാലപ്പഴക്കംചെന്ന കലുങ്കുകൾ പുനർനിർമ്മാണം നടത്തുക.

20. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളായ തോട്ടുമുക്ക്, ചായം, മലയടി, പനക്കോട്, മനൂർക്കോണം, വിനോബാനികേതൻ, പറണ്ടോട് തുടങ്ങിയ പ്രദേശങ്ങളിൽ വെയ്റ്റിംഗ് ഷെഡ് നിർമ്മിക്കുക.

# തൊളിക്കോട് ഗ്രാമപഞ്ചായത്ത്

## തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ

| | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| വാർഡ് | വേപ്പർ ലാമ്പ് | ഫ്ളൂറ്റ്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| I | 1 | 6 | 43 | | 50 |
| II | | 4 | 29 | | 33 |
| III | | 2 | 33 | | 35 |
| IV | | 3 | 52 | | 55 |
| V | 1 | 3 | 42 | | 46 |
| VI | – | 4 | 37 | | 41 |
| VII | | 4 | 29 | | 33 |
| VIII | | 4 | 46 | | 50 |
| IX | 1 | 3 | 51 | | 55 |
| X | 1 | 5 | 51 | | 57 |
| ആകെ | 4 | 38 | 413 | | 455 |

# തൊളിക്കോട് ഗ്രാമപഞ്ചായത്തിലുള്ള പുനരുദ്ധാരണ പ്രവർത്തികൾ നടത്തേണ്ട റോഡുകളുടെ വിവരം

| ക്രമ നമ്പർ I | റോഡിന്റെ പേര് II | റോഡിന്റെ സ്വഭാവം III | നീളം IV | വീതി V |
|---|---|---|---|---|
| 1 | ചെട്ടിയാംപാറ-മേത്തോട്ടം റോഡ് | മെറ്റൽ | 5 കി.മി. | 8 മീ |
| 2 | പറണ്ടോട് - കിളിയന്നൂർ റോഡ് | എർത്ത് | 3 കി.മി. | 4 |
| 3 | തേക്കുംമൂട്-പച്ചമലറോഡ് | എർത്ത് | 2 കി.മി. | 4 |
| 4 | തേക്കുംമൂട്-തുരുത്തി റോഡ് | | 1 കി.മി. | 5 |
| 5 | തുരുത്തി-പൊരിയക്കാട് റോഡ് | | 1 കി.മി | 4 |
| 6 | മാങ്കോട്ടുകോണം-അപ്പച്ചിപ്പാറ റോഡ് | | 2 | 6 |
| 7 | മലയടി-ഊളൻകുഴി തച്ചൻകോട് റോഡ് | | 1.50 | 3 |
| 8 | പനയ്ക്കോട്-വെള്ളയമ്പലം റോഡ് | | 1 | 3 |
| 9 | ആനപ്പെട്ടി-പുളിച്ചാമല | | 2.500 | 6 |
| 10 | തേവൻപാറ-പച്ചമല | | 3.500 | 8 |
| 11 | പരപ്പാറ-ചായം റോഡ് | | 2 | 6 |
| 12 | പറണ്ടോട്-ആനപ്പെട്ടി | എർത്ത് | 2 | 6 |
| 13 | കാവുപുറം-പുള്ളിക്കോണം റോഡ് | എർത്ത് | 1 | 6 |
| 14 | ഉണ്ടപ്പാറ-കോങ്കലിൽ റോഡ് | | 2 | 6 |
| 15 | കുളമാംകോട്-വേടരുകോണം റോഡ് | | 1.500 | 2 |
| 16 | കല്ലുവിളാകം-തൊളിക്കോട് | | 1.500 | 2 |
| 17 | ചായം-അരുവിക്കരമൂല റോഡ് | | 0.750 | 6 |
| 18 | മണലയം-ഉണ്ടപ്പാറ റോഡ് | | 2 | 3 |
| 19 | പനയ്ക്കോട്-പള്ളിനടറോഡ് | | 1.750 | 4 |
| 20 | പുളിച്ചാമല-ഭ്രാംവെച്ചപാറ റോഡ് | | 1 | 6 |
| 21 | നാഞ്ചിക്കുന്ന്-ചണ്ണനിരപ്പാട്ടം റോഡ് | | 1 | 3 |
| 22 | പേരയത്തുപാറ-അരുവിക്കരക്കോണം റോഡ് | | 1 | 3 |
| 23 | താന്നിമൂട്-കൊല്ലോട്ടുപാറ റോഡ് | | 0.500 | 3 |
| 24 | തേക്കുംമൂട്-കരുന്തക്കുഴി റോഡ് | | 1 | 3 |
| 25 | തൊളിക്കോട് ആശുപത്രി-പാമ്പാടിറോഡ് | എർത്തൺ | 1 | 5 |
| 26 | തൊളിക്കോട് നേഴ്സറിസ്കൂൾ-തേവൻപാറ റോഡ് | | 0.500 | 3 |
| 27 | തുരുത്തി-പേരിനാട് റോഡ് | | 0.500 | 3 |

| | | | | |
|---|---|---|---|---|
| 28 | ഗവ. ഹൈസ്കൂൾ-തേവൻപാറ റോഡ് | | 0.500 | 4 |
| 29 | ആലുംകുഴി-മുതുപുരം റോഡ് | | 0.500 | 4 |
| 30 | മലയടി-പുന്നവിള ഈരാൻ റോഡ് | | 0.750 | 4 |
| 31 | ചിറ്റിക്കോണം-വെട്ടയിൽ റോഡ് | | 0.750 | 4 |
| 32 | ഊളൻകുഴി-പാട്ടവിളതമ്പൻകോട് റോഡ് | " | 1 | 4 |
| 33 | ചെട്ടിയംപാറ-കാരയ്ക്കാകോട് റോഡ് | | 1.500 | 5 |
| 34 | കിളിയന്നി-കിളിയന്നി ഏലാ റോഡ് | | 0.250 | 5 |
| 35 | ഇലയ്ക്കോട്-വട്ടപുല്ലകണിയാരംകോട് റോഡ് | | 1 | 5 |
| 36 | കണിയാരംകോട്-പനയ്ക്കോട് സ്കൂൾ റോഡ് | | 0.500 | 3 |
| 37 | ഈരടി-ഈരാറ്റുമൂലറോഡ് | | 0.250 | 3 |
| 38 | പള്ളിവേട്ട-മുളയടി റോഡ് | | 0.250 | 4 |
| 39 | തച്ചൻകോട്-കൈതൻകാല റോഡ് | | 1 | 4 |
| 40 | ഈരാട്ടുതിപ്പാച്ചറുകൾ-ഇരുത്തല മൂലറോഡ് | | 1.250 | 6 |
| 41 | വെട്ടയിൽ കാരക്കോണം വലിയകുളം റോഡ് | " | 2 | 5 |
| 42 | ചെറ്റച്ചൽ മൊട്ടമൂട് റോഡ് | " | 0.750 | 5 |
| 43 | ആനപ്പെട്ടി ചെട്ടിയാംപാറ റോഡ് | | 3 | 6 |
| 44 | പനയ്ക്കോട്-പരിലറോഡ് | | 4 | 5 |
| 45 | 18-ാം മൈൽ കല്ലറ റോഡ് | | 1 | 4 |
| 46 | മൊട്ടമൂട്-ആനപെട്ടി റോഡ് | | 1.500 | 4 |
| 47 | വിനോബാനികേതൻ-കടുക്കാക്കുന്ന് റോഡ് | മെറ്റൽ | 1 | 5 |
| 48 | ഈന്തിവിള തുരുത്തിറോഡ് | എർത്തൺ | 1 | 5 |
| 49 | ഉണ്ടപ്പാറ-തുരുത്തിറോഡ് | എർത്തൺ | 1 | 6 |
| 50 | പള്ളിവേട്ട-ചെറുവക്കോണം റോഡ് | | 1 | 6 |
| 51 | കളിക്കളം-തേവൻപാറ റോഡ് | | 0.500 | 4 |
| 52 | മലയടിലക്ഷംവീട് റോഡ് | | 0.200 | 4 |
| 53 | പറണ്ടോട്-ലക്ഷംവീട് റോഡ് | | 1 | 4 |
| 54 | പേരില-മുള്ളുവേങ്ങമൂട് റോഡ് | | 2 | 6 |
| 55 | ഈരാറ്റു-പുളിമൂട് റോഡ് | | 1 | 6 |
| 56 | പള്ളിത്തറ-അരുവിയോട് റോഡ് | | 1 | 4 |
| 57 | ആലുംമൂട്-പാമ്പാടി-കമിയാരംകോട് റോഡ് | | 1 | 4 |
| 58 | മണ്ണാത്തിക്കുഴി-തോണിപ്പാറ ആലുംമൂട് റോഡ് | ' | 1.250 | 4 |
| 59 | തോന്നിപ്പാറ-കണിയാരംകോട് റോഡ് | | 1.250 | 4 |
| 60 | മണ്ണൂർകോണം-എ.കെ.ജി-ചെറുവക്കോണം റോഡ് | | 1.500 | 6 |
| 61 | ചെറുവക്കോണം പൊൻകുഴി റോഡ് | | 1 | 6 |
| 62 | മൈലമൂട് പൊൻകുഴി റോഡ് | | 1 | 8 |

| | | | | |
|---|---|---|---|---|
| 63 | ബാങ്കനട ചെറുവക്കോണം റോഡ് | | 1 | 8 |
| 64 | ബാങ്കനട അപ്പച്ചിപ്പാറ റോഡ് | | 1 | 3 |
| 65 | 18-ാംകല്ല് ആർച്ച് ജംഗ്ഷൻ-ആർച്ച് ജംഗ്ഷൻ എ.കെ.ജി.റോഡ് | | 1 | 3 |
| 66 | അപ്പച്ചിപ്പാറ പേരിലക്കുഴി റോഡ് | | 1 | 4 |
| 67 | പാലത്തിങ്കൽ മുക്കുവൻതോട് റോഡ് | " | 1 | 3 |
| 68 | മുതിയൻക്മ്-ചെറുവക്കോണം റോഡ് | | 1 | 2 |
| 69 | മണ്ണൂർക്കോണം-വലിയകാട്ടിൽ റോഡ് | | 0.500 | 6 |
| 70 | ചെറ്റച്ചൽ വേടരുകോണം റോഡ് | | 0.750 | 4 |
| 71 | മരുതംമൂട് കിഴക്കേവിള റോഡ് | | 0.500 | 4 |
| 72 | പുളിച്ചാമല-താഴെപുളിച്ചാമല കുളമാംകോട് റോഡ് | " | 0.750 | 4 |
| 73 | കുളമാഠകോട് ലക്ഷംവീട് മരുതംമൂട് റോഡ് | | 0.500 | 3 |
| 74 | ദർഭ-മാങ്കാട് റോഡ് | | 1.200 | 4 |
| 75 | പരപ്പാറകുന്നുമുകൾ-മാങ്കാട് റോഡ് | | 0.750 | 4 |
| 76 | കോണത്തുറുടുമ്പിൽ-ചെറ്റച്ചൽ റോഡ് | | 1 | 4 |
| 77 | മാങ്കാട്-മരുതുംമൂട് ഹരിജൻകോളനി റോഡ് | | 1.00 | 4 |
| 78 | ആനപ്പെട്ടി പഴവിളാകം-കണ്ണങ്കര റോഡ് | | 1.500 | 4 |
| 79 | ചിറ്റിക്കോണം-മുക്കുവൻതോട് റോഡ് | | 1 | 4 |
| 80 | തുരുത്തിപുളിമൂട്-പാലത്തിൻകര റോഡ് | | 2.500 | 2 |
| 81 | പാലത്തിൻകര-മുക്കുവൻകോട് റോഡ് | | 1 | 4 |
| 82 | നാഗര-പൊരിയക്കാട് റോഡ് | | 2 | 4 |
| 83 | ആനപ്പെട്ടി-മുള്ളുപാഞ്ഞകോണം റോഡ് | " | 1.500 | 5 |
| 84 | പോങ്ങുംമൂട്-പാറയിൽ റോഡ് | | 2 | 2 |
| 85 | പടിപ്പോട്ടുപാറ-പാറയിൽ റോഡ് | | 2 | 4 |
| 86 | മണലയം-ഊറ്റുകുഴി റോഡ് | | 1 | 4 |
| 87 | പൊൻപാറ-പുഞ്ചിരി എസ്റ്റേറ്റ് | | 1 | 6 |
| 88 | വിനോബാനികേതൻ-കട്ടറക്കോണം റോഡ് | | 1.500 | 6 |
| 89 | വിനോബാനികേതൻ-വേട്ടുവൻതോട് റോഡ് | " | 200 | 5 |
| 90 | തച്ചൻകോട്-തച്ചൻകോട് ഏലാ റോഡ് | " | 2.500 | 7 |
| 91 | ചെരുപ്പാണി-പന്തടിക്കുളം റോഡ് | | 1 | 6 |
| 92 | അരുവിക്കരക്കോണം-ആലുംകുഴി റോഡ് | | 1 | 6 |
| 93 | നാലാംകല്ല്-കട്ടറക്കോണം റോഡ് | | 1 | 5 |
| 94 | പനയ്ക്കോട് സ്കൂൾ ജംഗ്ഷൻ-പന്നിക്കോണം റോഡ് | | 200 | 4 |
| 95 | പനയ്ക്കോട്-പാമ്പുരു റോഡ് | | 300 | 4 |
| 96 | വെള്ളയമ്പലം-കണിയാരംകോട് റോഡ് | | 200 | 2 |

| | | | | |
|---|---|---|---|---|
| 97 | വേടൻവിളാകം-മാങ്കോട് റോഡ് | | 200 | 2 |
| 98 | മാടൻപറ-അടപ്പുപാറ റോഡ് | | 1500 | 8 |
| | | എർത്തൺ | 750 | 3 |
| 99 | മാടൻപാറ-അടപ്പുപാറ റോഡ് | | 750 | 3 |
| 100 | മൺപുറം-നടുവത്തുപറ റോഡ് | | 1 | 2 |
| 101 | കൊച്ചുകോണം -മണലയം കണ്ണോട്ടുതറ റോഡ് | | 1500m. | 5m |
| 102 | അരുവിക്കരമൂല - ചാരുപാറ റോഡ്. | | 1500m. | 5m. |
| 103 | മാങ്കാട് 4 സെന്റ് കോളനിറോഡ് | | 200m | 4m. |
| 104 | കണ്ണങ്കര പ്ലാന്തോട്ടം റോഡ്. | | 1.km. | 3m. |
| 105 | പരപ്പാറ - ഏറെപുളിച്ചാമല റോഡ്. | | 750m | 2m. |
| 106 | വാവറക്കോണം-പുത്തൻവീട് റോഡ്. | | 400m | 3m. |
| 107 | ചായം - ദേവീക്ഷേത്രം റോഡ് | | 500m | 3m. |
| 108 | ആനപ്പെട്ടി - വലിയകൈതറോഡ് എർതേൺ | | 750m | 4m |
| 109 | അരുവിക്കരമൂല - മണലയംറോഡ് | | 1.Km | 2m |
| 110 | ആനപ്പെട്ടി - കണ്ണോട്ടുതറ എസ്റ്റേറ്റ് റോഡ്. | | 1.Km | 7m |
| 111 | തേവൻപാറ വടക്കേവിളറോഡ്. | | 1.Km | 7m |
| 112 | മങ്കോട്ടുകോണം - തോവൻപാറ | | | |
| | ബൈപാസ് റോഡ്. | | 250സ | 6m |
| 113 | വേളാംവെട്ടി - ഒലിപ്പുവിളാകം റോഡ്. | | 1.500m | 6.m |
| 114 | തേവൻപാറലക്ഷംവീട് - പാമ്പാടി റോഡ്. | | 400m | 8m |
| 115 | തേവൻപാറ - പോങ്ങുംമൂട് റോഡ് | | 700m | 8m |
| 116 | വെള്ളംകെട്ടുപാറ - തേവൻപാറ റോഡ് | | 600m | 300m |
| 117 | പൊരിയക്കാട് - പച്ചമലറോഡ്. | | 2.500m | 6m. |
| 118 | തേക്കുംമൂട് വായനശാല - തുരുത്തി റോഡ്. | " | 1.Km | 4m. |
| 119 | മലയടി - തച്ചൻകോട് പാറയിൽ തോടുറോഡ്. | | 750m | 6m. |
| 120 | ഇരുത്തലമൂല - പൊൻപാറകിടാരക്കുഴി റോഡ്. | Tar | 3 Km | 8m |
| 121 | മലയടി - ചെന്നിലം - തുമ്പാററോഡ് | എർത്തേൺ | 2Km | 6m |
| 122 | ശാസ്താംപാറ - ചെറിയകുളംറോഡ്. | | 750m | 5m |
| 123 | ചെരുപ്പാണി - വാഴവിള റോഡ് | | 1500സ | 8m |
| 124 | മലയടി - മൺപുറം വെട്ടയിൽറോഡ് | | 500m | 4m |
| 125 | മലയടി - മൺപുറം - വെട്ടയിൽ റോഡ് | | 500m | 8m |
| 126 | ചിറ്റിക്കോണം - മുക്കംതോട് - തുമ്പററോഡ് | | 1500m | 5m |


# റോഡുകളുടെ പേര് മുൻഗണനാക്രമത്തിൽ.

| ക്രമനമ്പർ | റോഡുകളുടെ പേര് | |
|---|---|---|
| 1. | മുക്കുവൻതോട് പുളിമൂട് തുരുത്തിറോഡ് | 2.കി.മീ. |
| 2. | തൊളിക്കോട് ബാങ്ക് നട ചെറുവക്കോണം പനയ്ക്കോട് റോഡ്. | 1 1/2 കി.മീ. |
| 3. | ചായം കണ്ണങ്കര റോഡ്. | |
| 4. | മലയടി ഊളൻകുടി ചെന്നിലംറോഡ് | 3.കി.മീ |
| 5 | തേവൻപാറ ഹൈസ്ക്കൂൾ റോഡ് | |
| 6. | തോട്ടുമുക്ക് ആനപ്പെട്ടിറോഡ് | |
| 7. | ചെട്ടിയാംപാറ ആനപ്പെട്ടി മേത്തൊട്ടി റോഡ് | |
| 8. | പനയ്ക്കോട് വട്ടപ്പുല്ല് റോഡ് | |
| 9. | ചെറ്റമ്പൽ വേടരുകോണംറോഡ് | |
| 10. | വിനോബാനികേതൻ കടുക്കാക്കുന്ന് ചെരുപ്പാണി റോഡ്. | 2.കി.മീ. |
| 11. | കൈതൻകാല കുഴിവിളചെരുപ്പാണി റോഡ്. | 1 1/2 കി.മീ. |
| 12. | കുളമാംകോട് ലക്ഷം വീട് റോഡ് | |
| 13. | കാരയ്ക്കാംതോട് മേത്തോട്ടം റോഡ് | 2 1/2 കി.മീ |
| 14. | മണലയംപേരയാത്തുപാറ റോഡ് | 1.കി.മീ. |
| 15. | തേക്കുംമൂട്പച്ചമല റോഡ് | |
| 16. | ഊനൻകുടിപാട്ടുവിളതച്ചൻകോട് റോഡ്. | |
| 17. | മഹാത്മാജംഗ്ഷൻ മണലയം റോഡ് | 1 1/2 കി.മീ. |
| 18. | 18–ാം കല്ല് അപ്പച്ചിപ്പാററോഡ് | |
| 19. | ആനപ്പെട്ടി പ്ലാന്തോട്ടം പുളിച്ചാമല റോഡ്. | 2.കി.മീ. |
| 20. | വെള്ളയമ്പലം പാമ്പൂര് റോഡ്. | |
| 21. | ആനപ്പെട്ടി കണ്ണങ്കര റോഡ് | |
| 22. | തൊളിക്കോട് പാമ്പാടി റോഡ് | 1.കി.മീ |
| 23. | കന്നുകാലി വനം ഊറ്റുകുഴിറോഡ് | 1.കി.മീ. |
| 24. | കിടാരക്കുഴി ചെരുപ്പാണി ഗിരിജൻ കോളനി റോഡ്. | 2.കി.മീ. |
| 25 | ചെറുവക്കോണം A.K.G ജംഗ്ഷൻ മുതിയൻക്കാവ് റോഡ് | 4 കി.മീ |
| 26. | വലിയകൈതപ്പൂന്തോട്ടം റോഡ് | |
| 27. | പറണ്ടോട് മുത്തുകാവ് കിളിയത്തിറോഡ് | 3കി.മീ |
| 28. | പനയ്ക്കോട് സ്ക്കൂൾ ജംഗ്ഷന് കണിയാരംകോട് റോഡ് | 3.കി.മി |
| 29. | ചെട്ടിയാംപാറ കാരയ്ക്കാംകോട് റോഡ് | 2കി.മീ |
| 30. | ചായം മാങ്കാട് റോഡ് | |

| | | |
|---|---|---|
| 31. | തുരുത്തി പൊരിയക്കാട് റോഡ് | 2കി.മീ |
| 32. | തേക്കുംമൂട് വായനശാല തരുത്തി റോഡ് | |
| 33. | പൊൻപാറപുഞ്ചിരി എസ്റ്റേറ്റ് റോഡ് | 1കി.മീ |
| 34. | കൊച്ചുകോണം കണ്ണോട്ടുപാററോഡ് | |
| 35. | ഇരുത്തലമൂലവെട്ടയിൽ വലിയകണ്ണം | 2 1/2 കി.മീ |
| 36. | ചെറുവക്കോണം പള്ളിവേട്ട | |
| 37. | മേത്തോട്ടം കണിയാരംകോട് | 3.കിമീ |
| 38. | പള്ളിവേട്ട പന്നിക്കോണം റോഡ് | |
| 39. | തച്ചൻ കോട്തച്ചകോട് ഏലാ റോഡ് 3കി.മീ | |
| 40. | മാങ്കാട് കണിയാകോണം മരുരംമൂട് റോഡ് | |
| 41. | ചിറ്റിക്കോണം ഇരുത്തലമൂലറോഡ് 1കി.മീ | |
| 42. | 18-ാംകല്ല്കംപ്പാറ A.K.G ജംഗ്ഷന്റോഡ് | |
| 43. | വടക്കോവിള തേവൻപാററോഡ് | |
| 44. | താന്നിമൂട് ഉണ്ടപ്പാററോഡ് | 1 കി.മീ |
| 45. | ചെരുപ്പാണി വാഴവിളഗിരിജൻ റോഡ് | 21/2കി.മീ |
| 46. | പേരയത്തു പാറമണലയം റോഡ് | |
| 47. | പറണ്ടോട് ആനപ്പെട്ടി റോഡ് | 1 കി.മീ |
| 48. | 4-ാം കല്ല് കുന്നിൻ മുകൾ റോഡ് | 11/2 കി.മീ |
| 49. | കുതുമാം കോട് ചെറ്റച്ചൽ റോഡ് | |
| 50. | കാവിൻപുറം ചൂരക്കുഴിപുത്തിക്കോണംറോഡ് | |


# റോഡ്

നീളം 141 കി. മീ.




| | | |
|---|---|---|
| A. | - | പൊതുമരാമത്ത് (ജണള) റോഡ് |
| B | - | മെറ്റൽ റോഡ് |
| C | - | പക്ക റോഡ് |
| D | - | കച്ച റോഡ് |
| | | |

# ഗ്രാമീണ പാതകൾ



# വിദ്യാഭ്യാസം

അര നൂറ്റാണ്ടുകൾക്കുമുമ്പ് ഈ ഗ്രാമത്തിൽ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചിരുന്നത് കുടിപ്പള്ളിക്കൂടങ്ങളായിരുന്നു. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പിലായതോടെ ഈ പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. 1986 ൽ നടപ്പിലാക്കിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 6 വയസ്സു മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് സാർവ്വത്രികമായ പ്രാഥമിക വിദ്യാഭ്യസം ഉറപ്പുവരുത്തുകയുണ്ടായി.

തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 78% പേരാണ് സാമാന്യ വിദ്യാഭ്യാസം നേടിയിട്ടുള്ളത്. അതിൽ SSLC പാസ്സായവർ 3026 ഉം സാങ്കേതി വിദ്യാഭ്യാസം നേടിയിട്ടുള്ളവർ 426 ഉം ആണ്. അഭ്യസ്ത വിദ്യരായ തൊഴിലില്ലാത്തവർ 65% ഉം അക്ഷരജ്ഞാനമില്ലാത്തവർ 8% ഉം ആണ്. ഈ പഞ്ചായത്തിലോ സമീപ പഞ്ചായത്തുകളായ വിതുര ആര്യനാട് ഉഴമലയ്ക്കൽ നന്ദിയോട് തുടങ്ങിയ പഞ്ചായത്തുകളിലും കോളേജുകളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ തൊഴിലാധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല.

ഈ പഞ്ചായത്തിൽ ആകെയുള്ള 12 സ്കൂളുകളിൽ ഏഴ് എണ്ണം സർക്കാർ സ്കൂളുകളും നാലെണ്ണം എയ്ഡഡ് സ്കൂളുകളും ഒരെണ്ണം അൺ എയ്ഡഡ് സ്കൂളുമാണ്.

തൊളിക്കോട് പഞ്ചായത്തിലെ സ്കൂളുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഗവ. H.S. തൊളിക്കോട്
2. വി.കെ കാണി H.S. പനയ്ക്കോട്
3. ഗവ. U.P.S. തൊളിക്കോട്
4. വി.വി. ദായിനി UPS വലിയവേങ്കാട്
5. UPS വിനോബാ നികേതൻ
6. സെൻ വിക്ടേഴ്സ് LPS പാറണ്ടോട്
7. കടുക്കാക്കുന്ന് ഗവ. LPS
8. T.S. ചെട്ടിയാംപാറ
9. T.S. മേത്തോട്ടി
10. S.H.L.PS. തേവൻപാറ
11. മോഡേൺ LPS മണലയം
12. ആൾ സെയിൻസ് ഇംഗ്ലീഷ് മീഡിയം UPS ചായം

ഈ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഭൗതിക സൗകര്യങ്ങൾ വളരെ അപര്യാപ്തമാണ്. പല സ്കൂളുകളിലും ആവശ്യത്തിനു കെട്ടിടങ്ങളില്ല. ചുറ്റുമതിലുകളും കളിസ്ഥലങ്ങളും മിക്ക സ്കൂളുകളിലുമില്ല. പ്രാഥമികാവശ്യങ്ങൾക്കുള്ള കക്കൂസും മൂത്രപ്പുരയും ഇല്ലാത്ത സ്കൂളുകളാണധികവും. ആഡിറ്റോറയവും ലൈബ്രറിയും ഫർണിച്ചറും കുടിവെള്ളവും എല്ലാ സ്കൂളുകൾക്കും അന്യമാണ്. മാപ്പുകൾ ചാപ്ടറുകൾ കളിഉപകരണങ്ങൾ ലാബ് സൗകര്യം എന്നീ ഭൗതിക സാഹചര്യങ്ങളുടെ ഇല്ലായ്മ വിദ്യാഭ്യാസ രംഗത്തെ ദോഷകരമായി ബാധിക്കുന്നു. ആവശ്യത്തിനുള്ള അദ്ധ്യാപകരുടെ കുറവ് വിദ്യാഭ്യാസ പുരോഗതിയെ ബാധിക്കുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനായി സ്കൂളുകളിലേയ്ക്കുള്ള ദൂരം പലപ്പോഴും കുട്ടികളെ ബുദ്ധിമുട്ടിക്കുന്നു.

വിദ്യാഭ്യാസ സൗകര്യവും നിലവാരവും മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിക്കുന്നു.

1. തൊളിക്കോട് കേന്ദ്രമാക്കി ഒരു കോളേജ് അനുവദിക്കുക
2. ഈ ഗ്രാമപഞ്ചായത്തിൽ ഒരു പോളീടെക്നിക് അനുവദിക്കുക
3. തൊളിക്കോട് കേന്ദ്രമാക്കി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് സ്ഥാപിക്കുക.
4. കടുക്കാക്കുന്ന് ഗവ: LPS ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുക.
5. എല്ലാ പ്രൈമറി സ്കൂളുകലിലും പ്രീ പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക.
6. എല്ലാ സ്കൂളുകൾക്കും ആവശ്യത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക.
7. തൊളിക്കോട് Govt. H.S. V.K. കാണി Govt. H.S. എന്നിവയ്ക്ക് ആഡിറ്റോറിയം നിർമ്മിക്കുക.
8. തൊളിക്കോട് Govt. H.S. V.K. കാണി H.S. കടു

ക്കാക്കുന്ന് ഗവ. LPS തൊളിക്കോട് ഗവ. UPS, വി.വി. ദായിനി UPS എന്നീ സ്കൂളുകൾക്ക് ചുറ്റു മതിൽ നിർമ്മിക്കുക.

9 തൊളിക്കോട് ഗവ. യു.പി.എസ്സിനും വി.വി. ദായിനി യു.പി.എസ്സിനും പ്രാഥമികാവശ്യ ങ്ങൾക്കായി മൂത്രപ്പുരയും കക്കൂസും പണിയുക.

10 മേത്തോട്ടം, ചെട്ടിയാംപാറ എന്നീ ട്രൈബൽ സ്കൂളിളിലെ അദ്ധ്യാപകർക്ക് താമസ സൗകര്യ ത്തിനായി ക്വോർട്ടേഴ്സ് പണിയുക.

11 എല്ലാ വാർഡുകളിലും നഴ്സറി സ്കൂൾ അംഗൻവാടി, ബാലവാടി എന്നീ സ്ഥാപനങ്ങൾ ആരംഭിക്കുക.

12 പി.റ്റി.എ. കമ്മിറ്റികൾ, മാതൃസംഗമങ്ങൾ പഞ്ചാ യത്തുകമ്മറ്റി എന്നിവയുടെ പഞ്ചായത്തുതല ഏകോപന സമിതി ഉണ്ടാക്കി വിദ്യാഭ്യാസ നില വാരവും ഭൗതിക സൗകര്യവും മാസത്തിലൊരി ക്കൽ വിലയിരുത്തുക.

13 പുളിച്ചാമല, മലയടി, തോട്ടുമുക്ക് എന്നീ പ്രദേ ശങ്ങളിൽ പ്രൈമറി സ്കൂളുകൾ അനുവദിക്കുക.

14 എല്ലാ സ്കൂളുകളിലും പമ്പുസെറ്റ് സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക

15 എല്ലാ സ്കൂളുകളിലും രോഗ പരിശോധനയും പ്രതിരോധ നടപടിയും ഉറപ്പുവരുത്തുക.

16 പഞ്ചായത്തടിസ്ഥാനത്തിൽ മാസത്തിലൊരി ക്കൽ സ്കൂൾ കോംപ്ലക്സുകൾ നിർബ്ബന്ധ മായും നടപ്പിലാക്കുക.

17 എല്ലാ സ്കൂളുകൾക്കും ആവശ്യത്തിനുള്ള ഫർണ്ണിച്ചറുകൾ നിർമ്മിച്ചു നൽകുക.

18 ലൈബ്രറിയും ലാബു സൗകര്യവും ലഭ്യമാക്കുക.

19 മാപ്പുകൾ, ചാപ്ടറുകൾ എന്നിവ എല്ലാ സ്കുളു കൾക്കും നൽകുക.

20 എല്ലാ വിദ്യാലയങ്ങൾക്കും വർത്തമാനപ്പത്രം പഞ്ചായത്തിൽ നിന്നും വിതരണം ചെയ്യുക.

21 കുട്ടികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ബാലസാഹിത്യ പ്രസിദ്ധീകരണങ്ങളും കുട്ടികളുടെ മാസികകളും പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുക.

22 വേണ്ടത്ര കളിസ്ഥലം ഓരോ സ്കൂളുകൾക്കും ലഭ്യമാക്കുക.

23 കുട്ടികളുടെ കായിക പരിശീലനത്തിനു പൊതു കളിസ്ഥലവും നീന്തൽ അഭ്യസിക്കുന്ന കുട്ടി കൾക്കു പൊതു നീന്തൽക്കുളവും നിർമ്മിച്ചു നൽകുക.

24 സ്കൂളിനോടനുബന്ധിച്ച് വിദൂര സ്ഥലങ്ങളിൽ നിന്നും വരുന്ന അദ്ധ്യാപികമാർക്ക് ക്വോർട്ടേഴ്സ് നിർമ്മിച്ചുനൽക്കുക.

25 സ്കൂൾ സമയങ്ങളിൽ കൃത്യമായി എത്തിച്ചേരു ന്നതിന് വാഹന സൗകര്യം ഉറപ്പുവരുത്തുക.

26 എല്ലാ സ്കൂളിലുകളിലേയും കുട്ടികളുടെ വിദ്യാ ഭ്യാസനിലവാരം ഏകീകരിക്കാനുള്ള നടപടി സ്വീകരിക്കുക.

27 അർഹമായ എല്ലാ കുട്ടികളും സ്കൂളിൽ എത്തു ന്നതിനും എത്തിയവർ കൊഴിഞ്ഞുപോകാതിരി ക്കുന്നതിനും രക്ഷകർത്താക്കൾക്ക് ബോധ വൽക്കരണ ക്യാമ്പുകൾ പഞ്ചായത്തു തല ത്തിൽ സംഘടിപ്പിക്കുക.

28 സർക്കാർ അദ്ധ്യാപകരുടെ സ്ഥലം മാറ്റവും നിയ മനവും അവധിക്കാലത്തു തന്നെ നടത്തുക.

29 പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെ വിദ്യാ ഭ്യാസ നിലവാരം ഏകീകരിക്കുന്നതിനും ടെസ്റ്റ് പേപ്പറുകൾ ഒരേ സമയത്തുതന്നെ നടത്തുന്ന തിനും നിലവാരം വിലയിരുത്തുന്നതിനുവേണ്ടി പഞ്ചായത്തുതല അക്കാഡമിക് കമ്മറ്റിക്കുരൂപം നൽകുക.

30 പനയ്ക്കോട് V.K. കാണി HS ന് 18 ക്ലാസുമുറി കളുള്ള ഒരു ഇരുനിലകെട്ടിടം നിർമ്മിക്കുന്നതി നുള്ള നടപടി സ്വീകരിക്കുക.

31 സുരക്ഷിതമല്ലാതിരിക്കുന്ന VV ദയാനി UPS ന്റെ ഒരു കെട്ടിടം അടിയന്തിരമായി പുനർനിർമ്മാണം നടത്തുക.

*" ഗ്രാമീണ വിദ്യാലയങ്ങളിൽ പഠിപ്പിക്കേണ്ടത്*
*ഗ്രാമത്തിന്റെ ഭൂമിശാസ്ത്രവും ഗ്രാമത്തിന്റ ചരിത്രവും*
*ഗ്രാമത്തിന്റെ കണക്കും ഗ്രാമത്തിന് ആവശ്യമായ*
*വികസനവുമാണ്''*

*ഗാന്ധിജി ഗ്രാമസ്വരാജ്*

# സംസ്കാരം

തൊളിക്കോടു ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പതിനൊന്നോളം ആർട്ട്സ് ആന്റ് സ്പോർട്ട്സു ക്ലബുകൾ ഉണ്ട് വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ലൈബ്രറികൾ ആറ് എണ്ണം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളലിൽ പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം മഹിളാ സമാജങ്ങളും ജനവിദ്യാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. ചായം വിനോബാ എന്നീ സ്ഥലങ്ങളിൽ നാടക സംഘങ്ങൾ പ്രവർത്തിക്കുന്നു. സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള കേരളോത്സവ പരിപാടികളും പഞ്ചായത്തിൽ സംഘടിപ്പിച്ചിട്ടുണ്ട് ഈ പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ കലാകായിക സാംസ്കാരിക സംഘടനകളെയും ഈ പരപാടിയിൽ പങ്കെടുപ്പിച്ചിട്ടുണ്ട് കുട്ടികളുടെ കലാകായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സ്കൂൾ യുവജനോത്സവങ്ങളും മറ്റും പ്രാദേശിക ഉത്സവങ്ങളും സംഘടപിക്കാറുണ്ട്. ചരിത്രപരപമായി ഒരു സാംസ്കാരിക പാരമ്പര്യം ഈ പഞ്ചായത്തിന്റെ ഒരു പ്രത്യേകതയാണ്.

നിലവിലുള്ള സാംസ്കാരിക പ്രവർത്തനങ്ങളിൽ പരിഹരിക്കപ്പെടേണ്ട ചില ന്യൂനതകൾ ഉണ്ട് വ്യാജചാരായ നിർമ്മാണം ഉപയോഗം, മറ്റു ലഹരി മരുന്നുകളുടെ ഉപയോഗവും ചില പ്രദേശങ്ങളിൽ വിരളമായി കാണുന്നു.

കലാസാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ ഈ പഞ്ചായത്തിന്റെ പ്രത്യേകരതയാണ്. ആദിവാസികൾക്ക് സാംസ്കാരികമായ പരിരക്ഷയില്ലായ്മയും ഈ പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചക്ക് തടസ്സമാണ് സാംസ്കാരികമായ ഉന്നമനത്തിനുള്ള പ്രവർത്തന സാദ്ധ്യതകൾ ധാരാളമുണ്ട്. അതിനുള്ള ആവശ്യങ്ങൾ ധാരാളമുണ്ട്.

1. പഞ്ചായത്ത് ആസ്ഥാനത്ത് വായനാ സൗകര്യങ്ങളോടു കൂടിയ ഒരു ലൈബ്രറിയും, പ്രവർത്തിപ്പിക്കുന്നതിനും ഗസറ്റ് തൊഴിൽ വാർത്ത മുതലായവ പ്രസിദ്ധീകരണങ്ങൾ ലഭ്യമാകുകയും ചെയ്യുക.
2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സാംസ്കാരിക സ്ഥാപനങ്ങൾ ആവശ്യമാണ്.
3. നിലവിലുള്ള ആർട്ടസ് ക്ലബുകൾക്കും ലൈബ്രറികൾക്കും മഹിളാസമാജങ്ങൾക്കും ഗ്രാന്റുകൾ അനുവദിച്ച് അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
4. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ഫണ്ടു അനുവദിക്കുകയും ജനവിദ്യാ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക.
5. സാംസ്കാരിക ഉന്നമനത്തിനുവേണ്ടി ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനു വേണ്ടിയും ഈ പഞ്ചായത്തിലെ എല്ലാ കേന്ദ്രങ്ങളിലും റ്റി.വി. ക്യാസ്കുകൾ സ്ഥാപിച്ച് നിശ്ചിത സമയത്ത് കൃത്യതയോടെ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുക.
6. ജനങ്ങളുടെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് ചർച്ചാ ക്ലാസുകൾ സെമിനാറുകൾ ബോധവൽക്കരണ ക്ലാസുകൾ സാഹിത്യ ക്ലാസുകൾ എന്നീ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്തിനു അനുവദിക്കുക.
7. കലാ-കായിക പ്രവർത്തനങ്ങളിൽ സംഘടിപ്പിക്കുന്നതിന് ധനസഹായം പഞ്ചായത്തിന് അനുവദിക്കുക.
8. മദ്യപാനം ലഹരി മരുന്നുകളുടെ ഉപയോഗം എന്നിവ നിർമ്മാർജ്ജനം ചെയ്യാനുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്തിന് അനുവദിക്കുക.
9. നാടൻ കലകൾക്ക് പ്രോത്സാഹനം കൊടുക്കുകയും അവശകലാകാരൻമാർക്ക് പെൻഷൻ അനുവദിക്കുകയും വേണം.
10. പൊതുസാംസ്കാരിക പരിപാടികൾക്കായി നിലവിലുള്ള സ്റ്റേഡിയത്തിൽ ചുറ്റുമതിൽ സ്ഥിരം സ്റ്റേജ് എന്നിവ പണിയുന്നതിനുള്ള ധനസഹായം പഞ്ചായത്ത് വഴി അനുവദിക്കുക.
11. നാട്ടുകാരുടെ ശ്രമഫലമായി കലാസമിതികൾക്കു വേണ്ടി വാങ്ങിയിട്ടുള്ള പൊതുസ്ഥലങ്ങളിൽ സാംസ്കാരിക നിലയങ്ങളും കലാസമിതിക്ക് കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുള്ള ധനസഹായം പഞ്ചായത്ത് വഴി അനുവദിക്കുക.
12. നിലവിലുള്ള സ്കൂളുകളോടനുബന്ധിച്ച് കുട്ടി

കൾക്ക് കലാകായിക പരിശീലനങ്ങൾ നൽകുന്നതിന് കളിക്കളം സ്റ്റേഡിയം എന്നിവ പണിയുന്നതിനുള്ള ധനസഹായം അനുവദിക്കുക.

13 ആദിവാസിമേളകളും യുവജനോത്സവങ്ങളും സംഘടിപ്പിക്കുന്നതിന് സർക്കാർ ഗ്രാന്റു അനുവദിക്കുക.

14 വർഷത്തിൽ ഒരിക്കൽ യുവജനക്ഷേമബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിലുള്ള എല്ലാ ക്ലബുകൾക്കും സ്പോർട്ട്സ് ഉപകരണങ്ങൾ നൽകുന്നത്. യുവാക്കളുടെ കായിക പരിശീലനം വളർത്തുന്നതിനു ഉപകരിക്കും.

15 സാംസ്കാരിക സ്ഥാപനങ്ങൾ അനുവദിച്ച് ഈ പഞ്ചായത്ത് പ്രദേശത്തെ സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹനം നൽകുക.

16 നിലവിലുള്ള കലാസാംസ്കാരിക സംഘടനകളുടെ വാർഷിക കണക്കുകൾ പരിശോധിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റികൾക്ക് അധികാരം നൽകുക.

17 വർഷത്തിൽ ഒരിക്കൽ ഈ സമിതികൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം നടപ്പിലാക്കുക.

18 സ്വന്തമായി സ്ഥലമുള്ള സാംസ്കാരിക സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക.

19 പഞ്ചായത്തിന്റെ സാംസ്കാരിക നിലയം കേന്ദ്രമാക്കി ഒരു പഞ്ചായത്ത് ലൈബ്രറി ആരംഭിക്കുക.

20 തൊളിക്കോട് പബ്ലിക് മാർക്കറ്റുമായി ബന്ധപ്പെട്ട സ്ഥലത്ത് ഒരു കായിക പരിശീനകേന്ദ്രം ആരംഭിക്കുക.

21 ചെറുവക്കോണം IHDP കോളനിയിലും ചെട്ടിയാംപാറ പട്ടിക വർഗ്ഗകോളനിയിലും ചെട്ടിയാംപാറ പട്ടിക വർഗ്ഗകോളനിയിലും കായിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.

22 തിരുവാതിരക്കളി, കാക്കരിശ്ശിനാടകം എന്നിവ പരിശീലിപ്പിക്കുന്ന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുകയും വേണ്ട പ്രോത്സാഹനം നൽകുകയും ചെയ്യുക.

23 എല്ലാ വാർഡുകളിലും വായനാശാലകൾ സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.

24 വാർഷികാഘോഷ പരിപാടികൾ കലാകായിക മത്സരങ്ങൾ, സാഹിത്യ സമ്മേളനങ്ങൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാനുള്ള പ്രോത്സാഹനം നൽകുക.

25 ചെട്ടിയാംപാറ വാർഡിലുള്ളകുളം നീന്തൽ പരിശീലനത്തിന് ഉപയോഗിക്കാൻ പാകത്തിൽ ഒരുക്കിയെടുക്കുക.

26 തൊളിക്കോട്, പുളിമൂട് എന്നിവിടങ്ങളിലുള്ള പഞ്ചായത്ത് സ്ഥലങ്ങളിൽ ലൈബ്രറിയും സാംസ്കാരിക നിലയവും പണികഴിപ്പിക്കുക.


27 സ്ത്രീ പീഡനങ്ങൾക്കെതിരെ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക

28 നാട്ടിലെ അക്രമവാസനകളും കുറ്റകൃത്യങ്ങളും ഇല്ലായ്മ ചെയ്യുന്നതിനുള്ള ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിക്കുക.

29 തൊളിക്കോട് കേന്ദ്രമാക്കി ഒരു പോലീസ് സ്റ്റേഷൻ അനുവദിക്കുക.

തൊളിക്കോട് വില്ലേജാഫീസ് വക വസ്തുവിൽ നിന്നും 5 സെന്റ് ഭൂമി, ഒരു ബാലവാടിയും സാംസ്കാരിക കേന്ദ്രവും നിർമ്മിക്കുവാൻ പഞ്ചായത്തിന് നൽകേണ്ടതാണ്.

# ജനസംഖ്യാനുപാതം



# വ്യവസായം

തൊളിക്കോട് പഞ്ചായത്തിന്റെ വ്യവസായ മേഖലയെ കുറിച്ച് ആമുഖം എഴുതുവാൻ ബുദ്ധിമുട്ടാണ് കാരണം തിരുവനന്തപുരം ജില്ലയിൽ വ്യവസായികമായി ഏറ്റവും പിന്നോക്കം നൽക്കുന്ന ഒരു ഗ്രാമമാണ് തൊളിക്കോട് പഞ്ചായത്ത്. വർഷങ്ങൾക്കു മുൻപ് തോട്ടുമുക്കിൽ ഉണ്ടായിരുന്ന റബ്ബർ ക്രാപ്പ് ഫാക്ടറിയും, ശർക്കര ഉല്പാദന യൂണിറ്റും വിനോബ നികേതനിൽ ഉണ്ടായിരുന്ന സോപ്പു നിർമ്മാണ യൂണിറ്റും എണ്ണയാട്ടുശാലയും നമ്മുടെ ഗ്രാമത്തിലെ കുടിലുകളിൽ ഉണ്ടായിരുന്ന നൂലുനൂല്പും നെയ്ത്തു വ്യവസായവും ആണ് എടുത്തു പറയത്തക്ക മുൻകാല വ്യവസായ സംരഭങ്ങൾ. കാലാന്തരത്തിൽ അവയുടെ പ്രവർത്തനങ്ങൾ നലച്ചുപോയതതോടുകൂടി വ്യവസായ രംഗത്ത് നമ്മുടെ ഗ്രാമം ഒറ്റപ്പെട്ടു.

വ്യാവസായിക അഭിവൃദ്ധിയ്ക്കുള്ള സാധ്യതകൾ വളരെ കൂടുതൽ ഉള്ള പ്രദേശമാണ് തൊളിക്കോട് പഞ്ചായത്ത്. വ്യവസായ ആവശ്യത്തിനുള്ള ഒട്ടനവധി അസംസ്കൃത വസ്തുക്കൾ നമ്മുടെ ഭൂസമ്പത്തിൽ നിന്നും ലഭിക്കുമെങ്കിലും എടുത്തു പറയത്തക്ക യാതൊരു വ്യവസായിക യൂണിറ്റ്. ഇന്ന് ഈ പഞ്ചായത്തിൽ ഇല്ല. ചായം വാർഡിൽ ഉള്ള കളിമൺ നിർമ്മാണ യൂണിറ്റും ഖാദി ബോർഡിന്റെ നൂല് നൂല്പുകേന്ദ്രവും മലയടിയിലും വിനോബനികേതനിലും ഉള്ള നെയ്ത്തുശാലകളുമാണ് ഈ ഗ്രാമപഞ്ചായത്തിലെ ചെറുകിടവ്യവസായശാലകൾ

ഈറ്റ, ചൂരൽ, തുടങ്ങിയ വനസമ്പത്തുകൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിലെ വന പ്രദേശങ്ങളിൽ നിന്നു ലഭിക്കുമെങ്കിലും അവകൊണ്ടുള്ള നിർമ്മാണ യൂണിറ്റുകൾ ഈ പ്രദേശത്ത് ഒന്നും തന്നെയില്ല. വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുവാനുള്ള കാലതാമസവും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള പ്രയാസങ്ങളും ഊർജ്ജപ്രതിസന്ധികളും പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിൽ പകുതി പ്രദേശത്തും റബ്ബർകൃഷി വ്യാപകമാണെങ്കിലും അതുകൊണ്ടുള്ള വ്യവസായ യൂണിറ്റുകൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇന്നില്ല. കാർഷികോൽപാദനത്തിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന നാളികേരത്തിന്റെ കാര്യത്തിലും സ്ഥിതിവ്യത്യസ്തമല്ല. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായി വരുന്ന കെട്ടിട നിർമ്മാണ സാമഗ്രികളായ ഇഷ്ടിക, ഹോളോബ്രിക്സ്, സിമന്റ് ജാളികൾ എന്നിവ മറ്റുസ്ഥലങ്ങളിൽ നിന്നാണ് എത്തുന്നത്.

സാങ്കേതിക വൈദഗ്ദ്ധ്യവും പരിചയവും സിദ്ധിച്ച ഒട്ടനവധി യുവതീ- യുവാക്കൾ പഞ്ചായത്തിൽ ഉണ്ട്. അതു പ്രയോജനപ്പെടുത്തി തീപ്പെട്ടി, സോപ്പ്, മെഴുകുതിരി, ചന്ദനത്തിരി, എന്നീ ചെറുകിട വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കുവാൻ വൻ സാധ്യതകളാണ് ഉള്ളത്. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുവാൻ ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണവും പങ്കാളിത്തവും ആശാവഹമല്ല.

ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാമമാത്രമായ യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ ഈ പഞ്ചായത്തിൽ തന്നെ ധാരാളമായി ലഭ്യമാണെങ്കിലും ഇത്തരത്തിലുള്ള യാതൊരുവിധ സംരംഭങ്ങളും ഈ ഗ്രാമത്തിൽ ഇല്ല.

മലയടിയിൽ ഒരു സ്പിന്നിംഗ് മില്ല് ആരംഭിക്കുന്നതിനുള്ള സർവ്വേ നടന്നിട്ട് വർഷങ്ങൾ ഏറെ കഴിഞ്ഞു എങ്കിലും അനന്തര നടപടികൾ ഇന്നുവരെ ആരംഭിച്ചിട്ടില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1. ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ തൊളിക്കോട്, പഞ്ചായത്തിൽ പുളിമൂട്, മലയടി, പനയ്ക്കോട്, ചായം എന്നീപ്രദേശങ്ങളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ അനവദിക്കുക.
2. പ്ലൈവുഡ് വ്യവസായത്തിന് ആവശ്യമായ റബ്ബർ തടികൾ സുലഭമായി ലഭിക്കുന്ന ഈ പ്രദേശത്ത് തൊളിക്കോട് കേന്ദ്രമായി ഒരു ഫാക്ടറി സ്ഥാപിക്കുക
3. പഞ്ചായത്തിലെ തോട്ടമുക്ക്, ചായം, എന്നീ സ്ഥലങ്ങളിൽ വനിതാ കോർപ്പറേഷന്റെ കീഴിൽ മെഴുകുതിരി, ചന്ദനത്തിരി, സോപ്പ്, പർപ്പടകം എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

4 പഞ്ചായത്തിലെ പുളിച്ചാമല, മലയിടി എന്നി സ്ഥലങ്ങളിൽ ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ തീപ്പെട്ടി യൂണിറ്റുകൾ സ്ഥാപിക്കുക.

5 വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാൻ വിനോബാനികേതൻ, തേവൻപാറ എന്നി സ്ഥലങ്ങളിൽ വനിതാ കോർപറേഷന്റെ കീഴിൽ സെറികൾടച്ചർ, നൂൽനൂല്പ് എന്നീ വ്യവസായ സൊസൈറ്റികൾ ആരംഭിക്കുക.

6 കരകൗശവ വസ്തുക്കളുടെ നിർമ്മാണത്തിനായി പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ ആരംഭിക്കുക.

7 മലയടി കേന്ദ്രമായി സ്പിന്നിംഗ് മിൽ ആരംഭിക്കുക.

8 അച്ചാർ, സ്കാഷ്, ജാം മുതലായ പഴം സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുക.

9 പഞ്ചായത്തിന്റെ രണ്ടു സ്ഥലങ്ങളിൽ കൊപ്ര, സംഭരണ കേന്ദ്രങ്ങളും എക്സിപില്ലർയൂണിറ്റുകളും അനുവദിക്കുക.

10 വനിതകൾക്ക് സ്വയം തൊഴിൽ നൽകുന്നതിന് വേണ്ടി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും DWCRA യുടെ കീഴിൽ നിർമ്മാണ യൂണിറ്റുകൾ അനുവദിക്കുക.

11 പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി അഭ്യസ്തവിദ്യരായ ജനങ്ങളെ ഉൾപ്പെടുത്തി വ്യവസായ സംരഭങ്ങൾ ആരംഭിക്കുക.

12 ചെട്ടിയംപാറ PCTC യുടെ ഉല്പദാന യൂണിറ്റുകൾ കൂടുതൽ മൂലധനം മുടക്കി ഉല്പാദനം വർദ്ധിപ്പിക്കുക.

13 ചെറുകിട വ്യവസായ സ്ഥാപനങ്ങളിലൂടെ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ വിറ്റഴിക്കുവാൻ മാർക്കറ്റിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.

14 ഇലക്ട്രിക്-സിമന്റ് പോസ്റ്റ് നിർമ്മാണ യൂണിറ്റുകൾ തൊളിക്കോട് കേന്ദ്രമായി ആരംഭിക്കണം.

15 റബ്ബർ കൊണ്ട് ബുഷ്, ചെരുപ്പ്, റബ്ബർബാൻഡ്, റബ്ബർ മാറ്റ്, എന്നീ യൂണിറ്റുകൾ അനുവദിക്കുക.

16 പഞ്ചായത്തിലെ തോട്ടുമുക്ക് കേന്ദ്രമായി തുകൽ കൊണ്ടുള്ള ബാഗ്, ഷൂ, ചെരുപ്പ് എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.

17 പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർ ഒട്ടുകറ ഷീറ്റായി മാറ്റുവാൻ ഒരു CRUMP Rubber Factory മലയടി കേന്ദ്രമായി ആരംഭിക്കുക.

18 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഒരു ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക

19 കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നവാനുള്ള ഈറ, ചൂരൽ, മുള എന്നിവ സൗജന്യ നിരക്കിൽ ലഭിക്കുവാൻ ബാംബൂ കോർപ്പറേഷന്റെ ഒരു ഡിപ്പോ പഞ്ചായത്തിൽ ആരംഭിക്കുക.

20 ഇരുമ്പ് ഫർണീച്ചറുകളും തടി ഫർണീച്ചറുകളും നിർമ്മിക്കുന്ന യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക.

# സഹകരണമേഖല

കേരളത്തിന്റെ ഇതരഭാഗങ്ങളിൽ ഗ്രാമീണ സഹകരണ സംഘങ്ങൾ രൂപം കൊണ്ടപ്പോൾ ഈ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ ഉൾപ്പെട്ട വിനോബാനികേതൻ കേന്ദ്രമായാണ് ആദ്യസംഘം ഉടലെടുത്തത്. ഭൂദാനപരസ്പരസഹായ സഹകരണസംഘം വിനോബാനികേതൻ (4005-ാം നമ്പർ ആയിരുന്ന അത്. ഈ സംഘം ഇന്ന് നിലവിലില്ല.

1973 ൽ ഈ പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം ഇവിടെ സ്ഥാപിച്ച സഹകരണ സംഘങ്ങൾ, പനയ്ക്കോട് സർലവ്വീസ് സഹകരണ സംഘം, പട്ടികജാതി, സർവ്വീസ് സഹകരണ സംഘം ചെറുവക്കോണം, പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ചെട്ടിയാംപാറ ഖാദി നെയ്ത്ത സഹകരണ സംഘം വിനോബാനികേതൻ, കൈത്തറി നെയ്ത്ത് സഹകരണ സംഘം മലയടി എന്നിവയാണ്.

ഇതിൽ ഈ ഗ്രമപഞ്ചായത്തിലെ 6,7,8,9,10 വാർഡുകൾ പ്രപവർത്തന പരിധി ആയിട്ടാണ് പനക്കോട് സർവ്വീസ് സഹകരണ ബാങ്ക് നിലകൊള്ളുന്നത്. ഈ ബാങ്കിൽ ഇപ്പോൾ ആകെ 4745 അംഗങ്ങളുണ്ട്. ഇതിന്റെ മൂലധനം 10 ലക്ഷം രൂപയുമാണ്.

തൊട്ടടുത്ത വിതുര ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ചായം സർവ്വീസ് സഹകരണ സംഘത്തിന്റെ പരിധിയിലാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ അഞ്ചു വാർഡുകൾ.

ഈ പ്രദേശത്തെ കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ജീവിതനിലവാരം ഒരു പരിധി വരെ ഉയർത്തുന്നതിന് ഈ സംഘങ്ങൾ മുഖേന നൽകിയ കാർഷിക വായ്പകളും കാർഷികേതര വായ്പകളും സഹായിച്ചിട്ടുണ്ട്. കർഷകന്റെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് ബാങ്ക് നടത്തുന്ന കൊപ്രാ സംഭരണ ഡിപ്പോകളും, റബ്ബർ ഡിപ്പോകളും ഒരളവുവരെ സഹായകരമാണ്.

ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് എല്ലാ പ്രദേശത്തുള്ളവർക്കും പ്രയോജനപ്പെടുത്താൻ കഴിയാത്ത വിധമാണ് പനയ്ക്കോട് ക്ഷീരസഹകരണ സംഘവും മലയടി ക്ഷീര സഹകരണ സംഘവും നില കൊള്ളുന്നത്.

തൊളിക്കോട് പഞ്ചായത്തിൽ വനിതാ സഹകരണ സംഘങ്ങൾ ഒന്നും തന്നെയില്ല. നിരവധി സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിൽ സഹകരണ മാവേലി സ്റ്റോർ ഇല്ലാത്തത് കാരണം സാധാരണക്കാരായ ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകയാണ്. പട്ടികജാതി, പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘങ്ങൾക്ക് യഥാസയമം ഗ്രാന്റുകൾ നൽകാത്തതിലും ഈ വിഭാഗത്തിലുള്ള സാധാരണക്കാർക്ക് ലഭിക്കേണ്ട ലോണുകളും മറ്റ് ആനുകൂല്യങ്ങളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളുടെ കീഴിൽ കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഭവനരഹിതരായ ആളുകൾക്ക് കെട്ടിട നിർമ്മാണ വായ്പ എടുക്കുന്നതിന് പഞ്ചായത്തിനകത്ത് ഒരു ഹൗസിംഗ് സഹകരണ സംഘം ഇല്ലാത്തത് വളരെ ബുദ്ധിമുട്ടാണ്.

## സഹകരണ മേഘല നേരിടുന്ന പ്രശ്നങ്ങൾ

1) തൊളിക്കോട് പഞ്ചായത്തിലെ 1,2,5,6, 10 വാർഡുകൾ ഉൾപ്പെടുത്തി ഒരു സർവ്വീസ് സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

2) തിരുവനന്തപുരം ജില്ല സഹകരണ ബാങ്കിന്റെ ഒരു ശാഖ ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

3) വനിതാ സർവ്വീസ് സഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4) ചെറുവക്കോണം ഹരജൻ സൊസൈറ്റിയുടെയും ചുളിയാമല ഗിരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും, യഥാസമയം വായ്പകളും, ഗ്രാന്റുകളും നൽകുകയും. അംഗങ്ങൾക്ക് പലിശയില്ലാ ലോൺ വിതരണം ചെയ്യുകയും ചെയ്യുക.

5) പട്ടികജാതി - പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരികൾ വർദ്ധിപ്പിക്കുക.

6) പനയ്ക്കോട്, തോട്ടുമുക്ക്, എന്നീ പ്രദേശങ്ങളിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ ആരംഭിക്കുക.

7) തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ തൊളിക്കോട്,

തോട്ടുമുക്ക്, മലയടി, ചായം എന്നീ പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.

8) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പുളിമൂട് ജംഗഷനിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9) പഞ്ചായത്തിലെ എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും സർവ്വീസ് സഹകരണ സംഘങ്ങളുടെ കീഴിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുക.

10) ഹോർട്ടി കൾച്ചർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തൊളിക്കോട് ജംഗഷനിൽ ഒരു പച്ചക്കറി സ്റ്റാൾ ആരംഭിക്കുക.

11) ഹാൻവീവിന്റെയും കയർഫെഡിന്റെയും സഞ്ചരിക്കുന്ന ഡിപ്പോകൾ മാസത്തിലൊരിക്കൽ നിർബന്ധമായും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിച്ചേരുവാനുള്ള നടപടി സ്വീകരിക്കുക.

12) പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

13) സെറിക്കൾച്ചറൽ, ഇഷ്ടിക നിർമ്മാണം, മുട്ട ഉല്പാദനം എന്നിവയ്ക്കായി സൊസൈറ്റികൾ രൂപീകരിക്കുക.

14) പച്ചക്കറി ഉല്പാദനത്തിനായി നിലവിലുള്ള സർവ്വീസ് സഹകരണ സംഘങ്ങളിൽ നിന്നും സബ്സിഡിയോടുകൂടി ലോൺ അനുവദിക്കുക.

15) പുളിമൂട്, തോട്ടുമുക്ക്, ചായം, തേവൻപാറ എന്നീ പ്രദേശങ്ങളിൽ ക്ഷീരോല്പാദക സർവ്വീസ് സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

16 ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിക്കുക.

17 കാർഷിക വികസന ബാങ്ക് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

18 പ്രവർത്തനം നിലച്ചിരിക്കുന്ന തൊളിക്കോട് കൺസ്യൂമർ സൊസൈറ്റിയുടെ പ്രവർത്തനം പുനഃരാരംഭിക്കുക.

19 പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾക്ക് നാശനഷ്ടം സംഭവിച്ചാൽ പലിശ ഇളവു ചെയ്തു കൊടുക്കുക.

20 റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷന്റെ ഒരു ഡിപ്പോ തൊളിക്കോട്ട് ആരംഭിക്കുക.

21 കേന്ദ്ര – അടയ്ക്ക് കൊക്കോ വിപണന സംഭരണ സഹകരണ സംഘത്തിന്റെ ഒരു ഡിപ്പോ സ്ഥാപിക്കുക.

# വനിതാക്ഷേമം

അതിപുരാതന കാലം മുതൽ സ്ത്രീക്ക് സമൂഹത്തിൽ അതിമഹത്തായ ഒരു സ്താനം നല്കി ആദരിച്ചിരുന്നു നമ്മുടെ ഗ്രാമം. സ്ത്രീ കുടുംത്തിന്റെ ഐശ്വര്യദേവതയാണ്. മുൻകാലങ്ങളിൽ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ കടന്നുവരുന്നത് നമ്മുടെ ഗ്രാമത്തിൽ വിരളമായിരുന്നു. കുടുംബത്തിനകത്ത് സ്ത്രീ ഒതുങ്ങികൂടിയിരുന്നു. വിദ്യാഭ്യാസ രംഗത്തും അക്കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ വളരെ പിന്നിലായിരുന്നു. മതാചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും ചട്ടക്കൂട്ടിൽ ഒതുങ്ങിക്കഴിയുകയായിരുന്നു അന്നത്തെ ഗ്രാമീണ സ്ത്രീ കാലാന്തരത്തിൽ നമ്മുടെ ഗ്രാമീണ സ്ത്രീകൾ പുരുഷന്മാരോടൊപ്പം സാമൂഹ്യരാഷ്ട്രീയ വിദ്യാഭ്യാസ മണ്ഡലങ്ങളിൽ കടന്നു ചെല്ലുവാനുള്ള തീവ്രമായ പരിശ്രമം നടത്തിയിട്ടുണ്ട്. എങ്കിലും ഫലപ്രാപ്തിയിൽ എത്തുവാൻ കഴിഞ്ഞിട്ടില്ല. റബ്ബർ തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും പണിയെടുക്കുന്നതിന് പുരുഷൻമാരോടൊപ്പം സ്ത്രീയും ഇന്നു കടന്നുവരികയാണ്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ സ്ത്രീകൾ ഏറെയുള്ള പഞ്ചായത്താണ് നമ്മുടേത് എങ്കിലും തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന്റെ അഭാവം സ്ത്രീയുടെ തൊഴിൽ രംഗത്തെ മുന്നേറ്റം തടസ്സപ്പെടുത്തുന്നു. കാർഷികരംഗത്തും നിർമ്മാണ രംഗത്തും പണിയെടുക്കുന്ന നൂറുകണക്കിനു സ്ത്രീകൾ ഈ പഞ്ചായത്തിലുണ്ട്. പുരുഷന്മാരെപ്പോലെ വേതനം ലഭിക്കാത്തതിനാൽ അവർക്ക് ജീവിതക്ലേശങ്ങൾ ഏറെയാണ്. നമ്മുടെ പഞ്ചായത്തിൽ ബേബിക്രഷുകളും ബാലവാടികളും ഇല്ലാത്തതിനാൽ പണിയെടുക്കാൻ പോകുന്ന സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ ബുദ്ധിമുട്ടാണ്.

ഈ ഗ്രാമപഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 27409 ൽ 12287 സ്ത്രീകളാണ്. സ്ത്രീകൾ ഭൂരിപക്ഷമുള്ള ഈ പഞ്ചായത്തിൽ നിരക്ഷരർ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർ വികലാംഗർ വിധവകൾ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ അനവധിയാണ്. ഏഴ് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവകളിൽ ഒന്നിൽ നിന്നുപോലും സ്ത്രീകൾകൾക്ക് തൊഴിൽ നൽകുന്ന സ്കീമുകളോ സാമ്പത്തിക സഹായമോ സൗകര്യമോ ഇല്ല. ആരോഗ്യം തൊഴിൽ. ചെയ്യാനുള്ള പരിശീലനംഎന്നിവയ്ക്കുവേണ്ടിയുള്ള ബോധവൽക്കരണം ഇവയൊന്നും തന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇന്നില്ല. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള യാതൊരു സ്കീമുകളും ഈ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കിയിട്ടില്ല.

ഖാദി യൂണിറ്റ്, റബ്ബർ കൊണ്ടുള്ള നിർമ്മാണ യൂണിറ്റുകൾ, സെറിക്കൾച്ചർ യൂണിറ്റ് ചന്ദനത്തിരി, തീപ്പെട്ടി നിർമ്മാണം തുടങ്ങിയ വനിതകൾക്ക് ജോലി ലഭിക്കുന്ന ഒരു ഉല്പാദന യൂണിറ്റും ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിൽ നിലവിലുള്ള ബാലവാടികളിൽ കുട്ടികൾക്ക് ആവശ്യമായ കളിക്കോപ്പുകൾ മാനസിക ഉല്ലാസത്തിനുള്ള ഉപകരണങ്ങളോ ഇല്ല.

വനിതാ ക്ഷേമ പ്രശ്ന പരിഹാരത്തിനായി ഉന്നയിക്കുന്ന നിർദ്ദേശങ്ങൾ

1. സ്തീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
2. ഖാദി യൂണിറ്റ്, കളിമൺഷശില്പശാല നിർമ്മാണ യൂണിറ്റ്, സെറിക്കൾച്ചർ യൂണിറ്റു തുടങ്ങിയവ സ്ഥാപിക്കുക.
3. ചല്ലി നിർമ്മാണ യൂണിറ്റ്, ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റ്, ചന്ദനത്തിരി തീപ്പെട്ടി നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുക.

4 സ്ത്രീ വയോജന വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക

5 പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ബാലവാടികൾ ആരംഭിക്കുക.

6 തേവർപാറ, ചെറുവക്കോണം, ആനപ്പെട്ടി, പരപ്പാറ, തച്ചൻകോട് എന്നീ സ്ഥലങ്ങളിൽ ബേബി ക്രഷുകൾ ആരംഭിക്കുക.

7 പനക്കോട്, പുളിമൂട്, തോട്ടുമുക്ക്, ചായം, പുളിച്ചാമല, മലയടി വിനോബാനികേതൻ എന്നീ സ്ഥലങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക. എല്ലാ ബാലവാടികൾക്കും കളിക്കോപ്പുകളും ഫർണിച്ചറുകൾ നിർമ്മിച്ചു നൽകുക.

8 ജീർണ്ണാവസ്ഥയിലുള്ള ബാലവാടികെട്ടിടങ്ങളെ പുതുക്കിപ്പണിയുക.

9 ഗർഭണികളുടെയും ശിശുക്കളുടെയും രോഗ നിർണ്ണയ പരിശോധനയും പ്രതിരോധ ചികിത്സയും യഥാസമയം ഉറപ്പുവരുത്തുക.

10 പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാർക്ക് തുല്യം വേതനം ഉറപ്പുവരുത്തുക.

11 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി ഒരു വനിതാ പോളിടെക്നിക് അനുവദിക്കുക

12 വ്യാജമദ്യം കർശനമായി നിയന്ത്രിക്കുക

14 കോഴി, ആട്, എന്നിവ വളർത്തി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

15 വനിതാ സർവ്വീസ് സഹകരണസംഘങ്ങൾ പഞ്ചായത്തിലെ പത്തു വാർഡുകളിലും സ്ഥാപിക്കുക.


16 വിധവകളായ വൃദ്ധകൾക്ക് വാർദ്ധക്യകാല പെൻഷൻ നൽകുന്ന നിയമ നടപടികൾ ഉദാരവൽക്കരിക്കുക.

17 തൊളിക്കോട് കേന്ദ്രമാക്കി നിരാലംബരായ സ്ത്രീകൾക്കുവേണ്ടി അഗതി മന്ദിരം നിർമ്മിക്കുക.

18 സ്ത്രീകൾക്ക് നേരേയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് വനിതാ പോലീസ് സ്റ്റേഷൻ തൊളിക്കോട് പഞ്ചായത്തിൽ സ്ഥാപിക്കുക.

19 പട്ടികജാതി പട്ടികവർഗ്ഗ വനിതകൾക്കായി ചെറുവക്കോണം IHDP കോളനിയിലും ചെട്ടിയംപാറ ഗിരിജൻ കോളനിയിലും തൊഴിൽ പരിശീലന കേന്ദ്രവും നിർമ്മാണ യൂണിറ്റും ആരംഭിക്കുക.

# പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ



# പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണ് തൊളിക്കോട് പഞ്ചായത്ത്. പഞ്ചായത്തിന്റെ കിഴക്കുതെക്ക് ഭാഗങ്ങളിൽ ഗിരിജനങ്ങളാണ് ഭൂരിപക്ഷവും. ചെട്ടിയാം പാറ ആദിവാസികോളനി നമ്മുടെ സംസ്ഥാനത്ത് പ്രശസ്തമാണ്. വർഷങ്ങൾക്കുമുമ്പ് കേന്ദ്രസർക്കാർ രൂപീകരിച്ച് ഗിരിജനക്ഷേമ ഉപദേശക കമ്മിറ്റിയിൽ ചെട്ടിയാം പാറയിലുള്ള ആദിവാസിനേതാവ് ശ്രീ എം. ലക്ഷ്മണൻ കാണി അംഗമായിരുന്നു. കാട്ടാനകളും, കാട്ടുമൃഗങ്ങളും കടന്നുചെല്ലുവാൻ മാത്രം സൗകര്യമുണ്ടായിരുന്ന ഈ വനപ്രദേശത്ത് ഒരു നൂറ്റാണ്ടിനുമുമ്പേ ആദിവാസികൾ കുടിയേറി പാർക്കുവാൻ തുടങ്ങി. പ്രാകൃത യുഗത്തിലെ ജീവിത രീതികളുമായി മുന്നോട്ടുപോയ ആദിവാസികൾ ഈ പ്രദേശങ്ങളിൽ മുൻകാലങ്ങളിൽ ധാരാളം ഉണ്ടായിരുന്നു. ഈ ഗ്രാമപഞ്ചായത്തിലെ ആദിവാസികൾ ഗിരിവർഗ്ഗസമുദായത്തിൽപ്പെട്ട കാണിക്കാരാണ് വർഷങ്ങൾക്കുമുമ്പ് ഈ ആദിവാസിമേഖലകളിൽ മൂട്ടുകാണി സമ്പ്രദായമാണ് നിലനിന്നിരുന്നത്. ആദിവാസികളുടെ ഇടയിൽ ഉണ്ടായിരുന്ന സമസ്ത, പ്രശ്നങ്ങൾക്കും, പരാതികൾക്കും, പരിഹാരം കണ്ടിരുന്നതും, തീർപ്പുകല്പിക്കുന്നതും മൂട്ടുകാണിമാരാണ്. ജനാധിപത്യഭരണം വന്നതിനുശേഷമാണ് ഇതിന് ഒരു മാറ്റമുണ്ടായത്. കാലാന്തരത്തിൽ സർക്കാരിന്റെയും, മറ്റ് സന്നദ്ധസംഘനകളുടെയും, വിവിധ വികസന പദ്ധതികളിലൂടെയും, ബോധവൽക്കരണപരിപാടികളിലൂടെയും, നമ്മുടെ ഗ്രാമത്തിലെ ആദിവാസികൾ ഇന്ന് കാണുന്ന ജീവിത രീതിയിലേക്ക് എത്തിചേർന്ന്! വൈദ്യുതിയും, വിദ്യാഭ്യാസവും, ഗതാഗതസൗകര്യവും, മറ്റ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളും നമ്മുടെ ഗ്രാമത്തിലെ ആദിവാസി മേഘലകളിൽ എത്തിചേർന്ന് എങ്കിലും, ആദിവാസികളുടെ ജീവിതം ഇന്നും ദുരിത പൂർണ്ണമാണ്. വികസന പ്രവർത്തനങ്ങൾ കടന്നു ചെല്ലാത്ത ആദിവാസിസെറ്റിൽമെന്റുകളാണ് ഈ പഞ്ചായത്തിൽ കൂടുതലും, വൈദ്യുതിക്കും, ഗതാഗതത്തിനും, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ വകകൊള്ളിക്കുന്ന ലക്ഷകണക്കിന് രൂപയാണ് ഓരോ വർഷവും നഷ്ടമായിക്കൊണ്ടിരിക്കുന്നത്.

പട്ടികവർഗ്ഗവിദ്യാർത്ഥികൾക്കായുള്ള പ്രീ.മെട്രിക്ഹോസ്റ്റൽ ചെട്ടിയാംപറയിലും ഗിരിജൻ വിദ്യാർത്ഥികൾക്കായുള്ള എൽ.പി. സ്കൂളുകൾ മേത്തോട്ടിയിലും ചെട്ടിയാം പാറയിലും നിലവിലുണ്ട്. തൊളിക്കോട് പഞ്ചായത്തിലെ പതിമൂന്ന് ഗിരിജൻ സെറ്റിൽമെന്റുകളിലായി നാല് ബാലവാടികളും, രണ്ട് ബേബി ക്രഷുകളും മാത്രമാണ് പ്രവർത്തിക്കുന്നത്. ചെട്ടിയാംപാറയിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രി പകൽ പകുതി സമയമാണ് പ്രവർത്തിക്കുന്നത്. കിടത്തി ചികിത്സിക്കുന്നതിനോ, എല്ലാസമയങ്ങളിലും, ചികിത്സലഭിക്കുന്നതിനോ ഉള്ള യാതൊരു സൗകര്യങ്ങളും നിലവിലില്ല.

ചെട്ടിയാം പാറയിൽ പ്രവർത്തിക്കുന്ന ഐ.റ്റി.സിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥല സൗകര്യം ഉണ്ട് എങ്കിലും, കെട്ടിട നിർമ്മാണം നടക്കാത്തതിനാൽ മിനിറ്റി തീയേറ്ററിലാണ് ഇപ്പോഴും പ്രവർത്തിച്ചുവരുന്നത്. ആദിവാസി കുട്ടികൾക്ക് താമസിക്കുവാൻ ചെട്ടിയാം പാറയിൽ പ്രീമെട്രിക് ഹോസ്റ്റൽ ഉണ്ട്. എങ്കിലും, സ്ഥലപരിമിതിയും, കെട്ടിടത്തിന്റെ ജീർണ്ണാവസ്ഥയും, കുട്ടികളുടെ ജീവിതം നരകതുല്യമാക്കുന്നു! പൊൻപാറ, ചെട്ടിയാംപാറ, മേത്തോട്ടം എന്നീ ബാലവാടികൾ ഇപ്പോൾ പ്രവർത്തിക്കുന്നത് താൽക്കാലിക ഓലഷെഡുകളിലാണ്. പ്രതികൂലാവസ്ഥയിൽ ഇത് കാരണം ബാലവാടികൾ പ്രവർത്തിക്കുവാൻ കഴിയുന്നില്ല. ചെരുപ്പാണിയിൽ നിലവിലുള്ള കമ്മ്യൂണിറ്റീഹാൾ ഓലഷെഡും, അപകട നിലയിലുമാണ്. സ്വന്തമായി സ്ഥലമുണ്ട് എങ്കിലും, ഇതുവരെയായി കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. ആദിവാസി മേഖലകളിലൂടെ കടന്നുപോകുന്ന ബഹുഭൂരിപക്ഷം റോഡുകളും, സഞ്ചാരയോഗ്യമല്ല. പതിമൂന്ന് സെറ്റിൽമെന്റുകളിൽ പത്തെണ്ണത്തിലും, വൈദ്യൂതി എത്താത്ത പ്രദേശങ്ങളാണ്. ഗതാഗതയോഗ്യമായ റോഡുകൾ നിലവിലുള്ള സെറ്റിൽമെന്റുകളിൽ കൂടി ബസ് സർവ്വീസ് ആരംഭിക്കണമെന്നുള്ള ഗിരിജനങ്ങളുടെ ആവശ്യം ഇന്നും വനരോദനമായി നിലനിൽക്കുന്നു!. ഈ ഗ്രാമത്തിലെ ഗിരിജൻ മേഖലകളിൽ ശുദ്ധജലം ഇന്നും അന്യമാണ്. നമ്മുടെ ഗ്രാമത്തിലെ ആദിവാസികൾക്ക് അലോപ്പതി ചികിത്സ വേണ്ടത്ര ലഭിക്കുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവും, രക്ഷിതാക്കളുടെ ബോധവൽക്കരണ പരിപാടികളുടെ കുറവും ഇന്നും, ആദിവാസി കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസനിലവാരം ഉണ്ടാകുന്നില്ല. ആദിവാസികൾക്ക് നാമ മാത്രമായി നൽകുന്ന ഭവന നിർമ്മാണ സഹായ പദ്ധതികൊണ്ട് ഭൂരിഭാഗം ഗിരിവർഗ്ഗക്കാർക്കും നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല.

ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് ഇന്നും തടസ്സമായി നിൽക്കുന്നത് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ കർക്കശമായ നിലപാടാണ്. നമ്മുടെ പഞ്ചായത്തിലെ ആദിവാസികളുടെ അപകടനിലയിലായ വാസസ്ഥലങ്ങൾ പുനർ നിർമ്മാണം നടത്തുവാൻ നാളിതുവരെയായി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

പട്ടികവർഗ്ഗക്ഷേമ പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശം.

1. തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ എല്ലാ ആദിവാസിസെറ്റിൽമെന്റുകളിലും അടിയന്തിരമായി വൈദ്യുതിഎത്തിക്കുക.
2. ആദിവാസി സെറ്റിൽമെന്റുകളായ കാരയ്ക്കംതോട് ചെട്ടിയാംപാറ ആനപ്പെട്ടി, മേത്തോട്ടം, കണിയാരംകോട് തുടങ്ങിയ പ്രദേശങ്ങളിൽ നിർമ്മാണം ആരംഭിച്ച് ഇപ്പോൾ നിർത്തിവച്ചിരിക്കുന്ന വൈദ്യുതനിർമ്മാണ ജോലികൾ ഉടൻപുനരാരംഭിക്കുക.
3. ആദിവാസിമേഖലകളെ ബന്ധിപ്പിക്കുന്ന താഴെ പറയുന്ന റോഡുകൾ സഞ്ചാരയോഗ്യമാക്കുക.
   1. ചെട്ടിയാംപാറ - ആനപ്പെട്ടി മേത്തോട്ടി റോഡ്.
   2. കാരയ്ക്കാംതോട് - മേത്തോട്ടം റോഡ്.
   3. കിടാരക്കുഴി - ചെരിപ്പാണിറോഡ്.
   4. കിളിയന്നി - മേത്തോട്ടം റോഡ്.
   5. ചെട്ടിയാംപാറ - കാരയ്ക്കാംതോട് റോഡ്.
   6. പനയ്ക്കോട് - കണിയാരം കോട് റോഡ്.
   7. ഇരുത്തലമൂല വെട്ടയിൽ വലിയകളംറോഡ്.
   8. മേത്തോട്ടം - കണിയാരംകോട് റോഡ്.
   9. ചെരുപ്പാണി വാഴി പൊൻപാറ റോഡ്.
4. തൊളിക്കോടു പഞ്ചായത്തിലുള്ള താഴെ പറയുന്ന ഗിരിജൻകോളനികളിൽ ബേബിക്രഷും, ബാലവാടിയും അനുവദിക്കുക.

1. മലയടി, ആനപ്പെട്ടി, കണിയാരംകോട്, അരുവിയോട്, കരയ്ക്കാംതോട്, മണ്ണാത്തികുഴി, മണ്ണാറം നാലാം കല്ല്, തോട്ടുമുക്ക്, വേട്ടുവൻകോട്.

5. പൊൻപാറയിലും ചെട്ടിയം പാറയിലും പ്രവർത്തിക്കുന്ന ആർട്സ് ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുക.
6. പൊൻപാറ സെറ്റിൽമെന്റിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
7. പൊൻപാറയിൽ നഴ്സറി സ്കൂൾകെട്ടിടവും ചെരിപ്പാണിയിൽ കമ്മ്യൂണിറ്റിഹാളും പണിയുക.
8. മേത്തോട്ടം കേന്ദ്രമാക്കി ഒരു നഴ്സറിസ്കൂൾ സ്ഥാപിക്കുക.
9. എല്ലാ ഗിരിജനങ്ങൾക്കും സൗജന്യമായി വീട് നിർമ്മിച്ചു നൽകുകയും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുക്കുകയും ചെയ്യുക.
10. പ്രാഥമിക സൗകര്യത്തിനു കക്കൂസുകൾ എല്ലാ വീടുകൾക്കും നിർമ്മിച്ചു നൽകുക.
11. ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക.
12. സഞ്ചരിക്കുന്ന മെഡിക്കൽ ക്യാമ്പ് ഒരു മാസത്തിലൊരിക്കൽ സെറ്റിൽമെന്റുകളിൽ നടപ്പിലാക്കുക.
13. അപകടാവസ്ഥയിലായിരിക്കുന്ന ചെട്ടിയാംപാറ ഹോസ്റ്റൽ പുനർനിർമ്മാണം നടത്തുകയും, ഒരു പുതിയ ഹോസ്റ്റൽ കൂടി നിർമ്മിക്കുകയും ചെയ്യുക.
14. ചെട്ടിയാംപാറ ഐ.റ്റി.സി യ്ക്കുവേണ്ടി പുതിയ കെട്ടിടം പണിയുക.
15. ഗതാഗത യോഗ്യമായ സെറ്റിൽമെന്റ് റോഡുകളിൽ കൂടി K.S.R.T.C. ബസ് സർവ്വീസ് ആരംഭിക്കുക.
16. ചെട്ടിയാംപാറ ആയൂർവ്വേദ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയും മുഴുവൻ സമയപ്രവർത്തനം ആരംഭിക്കുകയും രോഗികളെ കിടത്തിചികിത്സിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുകയും ചെയ്യുക. വൈദ്യുതി കണക്ഷൻ നൽകുക.
17. ഗിരിജൻ സർവ്വീസ് സഹകരണ സംഘം മുഖേന പലിശയില്ലാവായ്പ വിതരണം ചെയ്യുകയും സംഘത്തിന്റെ പ്രവർത്തനംമെച്ചപ്പെടുത്തുന്നതിനുള്ള സർക്കാർ ഓഹരികൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
18. എല്ലാ ആദിവാസി മേഖലകളിലും ശുദ്ധജലം എത്തിക്കുക.
19. ചെട്ടിയാംപറയിൽ മിനിവാട്ടർ സപ്ലൈ സ്കീം ആരംഭിക്കുക.
20. എല്ലാ പട്ടികവർഗ്ഗകുടുംബങ്ങൾക്കും സൗജന്യമായി കിണർ നിർമ്മിച്ചു നൽകുക.
21. ഗിരിജൻ വനിതകൾക്ക് സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുക.
22. ചെട്ടിയാംപറയിലും, പൊൻപാറയിലും ഹെൽത്ത്സബ് സെന്ററുകൾ ആരംഭിക്കുക.

23. ആദിവാസി മേഖലയിൽ ജോലിചെയ്യുന്ന സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിക്കുക.

24. ചെട്ടിയാംപാറകേന്ദ്രമാക്കി ഒരു തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക.

25. ആദിവാസി മേഖലയിൽ ബോധവൽക്കരണക്യാമ്പുകൾ നടത്തുക.

26. വീടുകൾ നിർമ്മിക്കുന്നതിനു നൽകുന്ന ഗ്രാന്റും സാമ്പത്തിക സഹായവും വർദ്ധിപ്പിക്കുകയും യഥാസമയം ലഭ്യമാക്കുകയും ചെയ്യുക.

27. ആദിവാസി മേഖലയിലെ വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടലുകൾ അവസാനിപ്പിക്കുക.

28. ട്രൈബൽ എക്സ്റ്റൻഷൽ ആഫീസർ ആഴ്ചയിൽ ഒരിക്കൽ തൊളിക്കോട് പഞ്ചായത്തിലെ ആദിവാസിമേഖലയിൽ സന്ദർശനം നടത്തുക.

29. പട്ടികവർഗ്ഗസെറ്റിൽമെന്റുകളിലെ ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക.

30. സബ്സിഡി നിരക്കിൽ ഗിരിവർഗ്ഗക്കാർക്ക്, മലയടി ക്ഷീരവ്യവസായ സംഘം വഴി കറവമാടുകളെ വിതരണം ചെയ്യുക। കന്നു കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം ചെയ്യുക।

32) എല്ലാ സെറ്റിൽമെന്റിലും T.V. സ്ഥാപിക്കുക.

33) കിഴങ്ങുവർഗ്ഗങ്ങൾ ധാരാളമായി ഉൽപാദിപ്പിക്കുന്ന ഈ മേഖലയിൽ കിഴങ്ങുവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു യൂണിറ്റ് സർക്കാർ തലത്തിൽ ആരംഭിക്കുക।

34) മണ്ണൊലിപ്പ് തടയുന്നതിനും, ഊർപ്പംനിലനിർത്തുന്നതിനുമായി സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഈ മേഖലയിൽ ഒരു കല്ലടുക്കു പദ്ധതി ആരംഭിക്കുക।

35) ഗിരിജൻ ക്ഷേമ ഡിപ്പാർട്ടുമെന്റും, റബ്ബർബോർഡുമായി സംയുക്തമായി നടപ്പാക്കുന്ന റബ്ബർ തൈ വിതരണം ഇതുവരെ അനുവദിക്കാത്ത മേഖലകളിൽ ലഭ്യമാക്കുക.

36) കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്ന്, വളം, കീടനാശിനികൾ, വിത്ത്, പണിയായുധങ്ങൾ, എന്നിവ സൗജന്യമായി ഗിരിവർഗ്ഗകർഷകർക്ക് അനുവദിക്കുക।

37) ഗിരിവർഗ്ഗ മേഖലയിൽ ട്രൈബൽ സപ്ലാന്റ് സ്ക്കീമിൽ അനുവദിച്ച മലയടി ആശുപത്രിക്ക് 20 കിടക്കകളുള്ള വാർഡും ആവശ്യമായ ഡോക്ടർമ്മാരും, മറ്റ് സ്റ്റാഫുകളേയും അനുവദിക്കുകയും ക്വോർട്ടേഴ്സ് പണിയുകയും ചെയ്യുക।

## പട്ടിക ജാതിക്ഷേമം.

തൊളിക്കോട് ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതിക്കാർ തിങ്ങിപാർക്കുന്ന കോളനികളാണ് ചെറുവക്കോണം 1. H.D.P കോളനി, ഉണ്ടപ്പാറ, ചേന്നൻപാറ, തച്ചൻകോട്, തുരുത്തി, മാങ്കാട്, എന്നീ പട്ടികജാതി കോളനികൾ. അരനൂറ്റാണ്ടിന് മുമ്പ് ഈ ഗ്രാമത്തിലെ പട്ടികജാതിക്കാർ ജന്മിമാർക്കായി കാർഷിക മേഖലയിൽ പണിയെടുത്തവരായിരുന്നു. മതിയായ വേദനം ലഭിക്കാതെയും, മറ്റ് ജീവിതസൗകര്യങ്ങൾ ഇല്ലാതെയും, സമൂഹത്തിൽ അർഹമായ സ്ഥാനം ലഭിക്കാതെയും, പട്ടിക ജാതിക്കാരുടെ ജീവിതം, ദുരിതപൂർണ്ണമായിരുന്നു। വിദ്യാഭ്യാസ രംഗത്തും, സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും, നമ്മുടെ ഗ്രാമത്തിലെ പട്ടികജാതിക്കാർ അന്ന് പിന്നോക്കാവസ്ഥയിലായിരുന്നു। സമൂഹത്തിൽ മറ്റുള്ളവർക്കുള്ള അവകാശങ്ങളൊക്കെയും, പട്ടികജാതിക്കാർക്ക് നിഷേധിച്ചിരുന്നു। പണിയെടുക്കുവാൻ വേണ്ടി മാത്രം ജീവിക്കുന്നവരാണ് പട്ടികജാതിക്കാർ എന്ന് അന്നത്തെ സമൂഹം ധരിച്ചിരുന്നു. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ വികസന പ്രവർത്തനങ്ങളുടെ ഫലമായും, ബോധവൽക്കരണ പരിപാടികളുടെ ഭാഗമായും, സമൂഹത്തിലെ ചിന്താഗതികളിൽ മാറ്റങ്ങൾ ഉണ്ടാക്കുകയും, പട്ടികജാതിക്കാരുടെ ജീവിതത്തിൽ അത് പ്രതിഫലിപ്പിക്കുകയും ചെയ്തു! അങ്ങനെ നമ്മുടെ പഞ്ചായത്തിലെ പട്ടിക ജാതിക്കാർ ഇന്നത്തെ ജീവിത രീതിയിലേക്ക് എത്തിച്ചേർന്നു ।

ഈ പഞ്ചായത്തിലെ ഏഴ് പട്ടിക ജാതി കോളനികളിൽ ചെറുവക്കോണം 1. H.D.P. കോളനിയിൽ മാത്രമാണ് വൈദ്യുതി എത്തിചേർന്നത്. വർഷങ്ങളായി വൈദ്യുതിക്കായി കാത്തിരിക്കുന്ന ഈ ഗ്രാമത്തിലെ പട്ടിക ജാതിക്കാർക്ക് വൈദ്യുതി എത്തിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പട്ടികജാതി കോളനികളിലൂടെ കടന്നുപോകുന്ന റോഡുകൾ ഒന്നും ഇന്നും സഞ്ചാരയോഗ്യമല്ല. ആവശ്യത്തിന് ശുദ്ധജലം ലഭിക്കാതെ പട്ടികജാതിക്കാർ ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഈ പഞ്ചായത്തിലെ പട്ടിക ജാതികോളനികളിലൊന്നും ഇതുവരെയും, ശുദ്ധജല വിതരണം എത്തിയിട്ടില്ല। ചെറുവക്കോണത്ത് പ്രവർത്തിക്കുന്ന ഹരിജൻ സർവ്വീസ് സഹകരണ സംഘത്തിന്റെ നില വളരെ പരിതാപകരമാണ്. യഥാസമയങ്ങളിൽ ഗ്രാന്റുകൾ ലഭിക്കാതെയും, മറ്റ് സാമ്പത്തിക സഹായങ്ങൾ ലഭിക്കാതെയും, വായ്പാ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്.

പട്ടിക ജാതികോളനികളിൽ പൊതു കിണറുകൾ ഇല്ലാത്തതും, ഉള്ള കിണറുകൾ വേനൽക്കാലത്ത് വറ്റിപോകുന്നതും, കുടിവെള്ള പ്രശ്നം രൂക്ഷമാക്കിയിരിക്കുകയാണ്. ഈ പഞ്ചായത്തിൽ പട്ടികജാതിക്കാർക്കായി യാതൊരു വിധ തൊഴിൽ പരിശീലന കേന്ദ്രങ്ങളും ഇല്ല. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള നിർമ്മാണയൂണിറ്റുകളോ വ്യവസായ ശാലകളോ ഇല്ല. മുൻകാലങ്ങളിൽ ഈറ, ചൂരൽ, മുള, തുടങ്ങിയ വന സമ്പത്തുകൊണ്ട് നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാർ ഇന്ന് തീർത്തും, തൊഴിൽ രഹിതരാണ്.

വീടുവയ്ക്കുവാൻ വിവിധ ഏജൻസികൾ അനേകം പദ്ധതികളിലൂടെ സാമ്പത്തിക സഹായം ചെയ്യുന്നു എങ്കിലും, ഈ പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ ഭൂരിഭാഗം പേർക്കും സൗകര്യമായ വിടുകൾ ഇല്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള യാതൊരു വിധ സൗകര്യങ്ങളും ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാർക്ക് ഇല്ല.

പട്ടികജാതി കോളനികളിൽ ബാലവാടികളും, ബേബിക്രഷുകളും, ഇല്ലാത്തതിനാൽ പണിയെടുക്കുന്ന പട്ടികജാതി സ്ത്രീകൾക്ക് വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു! ചെറുവക്കോണത്തു പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തനമില്ലാതെ ജീർണ്ണാവസ്ഥയിലാണ്.

പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ.

1) എല്ലാ പട്ടികജാതി കോളനികളിലും, സൗജന്യമായി വൈദ്യുതി എത്തിക്കുക।

2) തൊളിക്കോട് ഗ്രാമ പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി കോളനികളിലും, ശുദ്ധജലം എത്തിക്കുക।

3) പട്ടികജാതി കോളനികളിലേക്ക് കടന്നുപോകുന്ന താഴെപറയുന്ന റോഡുകൾ സഞ്ചാര യോഗ്യമാക്കുക।

    1) മന്നൂർക്കോണം എ.കെ.ജി. ജംഗ്ഷൻ - ചെറുവക്കോണം റോഡ്.ചൈപ്പൂട്ട്

    2) ചെറുവക്കോണം - പള്ളിവെട്ട റോഡ്.

    3) കണ്ണങ്കര മാങ്കാട് - ചായം റോഡ്.

4) തത്വൻകോട് നാല് സെന്റ് പട്ടികജാതി കോളനി റോഡ്.

5) ചേന്നൻ പാറ പട്ടിക ജാതി കോളനി റോഡ്.

6) ആനപ്പെട്ടി മണലയം ഉണ്ടപ്പാറ റോഡ്.

7) തുരുത്തി പേരിനാട് റോഡ്.

8) മരുതുംമൂട്ട് - മാങ്കാട് - ചായം റോഡ്.

4) കിണർ ഇല്ലാത്ത എല്ലാ പട്ടികജാതി കോളനികൾക്കും, സൗജന്യമായി കിണർ നിർമ്മിച്ചു നൽകുക! എല്ലാ പട്ടികജാതി വീടുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകുക!

5) തൊളിക്കോട് ഗ്രാമപഞ്ചായത്തിലെ എഴ് പട്ടിക ജാതി കോളനികളിലും ബേബിക്രഷും, ബാലവാടിയും ആരംഭിക്കുക!

6) പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം ആരംഭിക്കുക!

7) പട്ടികജാതി കോളനികളിൽ T.V.യും കിയോസ്ക്കും സ്ഥാപിക്കുക!

8) ചെറുവക്കോണം പട്ടികജാതി കോളനിയിൽ പട്ടികജാതി വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ ഒരു ലൈബ്രറിയും, വായനശാലയും, സ്ഥാപിക്കുക.

9) എല്ലാ പട്ടികജാതി കോളനികളിലും, പട്ടികജാതിക്കാർക്ക് തൊഴിൽ ലഭിക്കുന്നതിനായി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക!

10) ചെറുവക്കോണം പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും, പട്ടികജാതിക്കാർക്ക് പലിശയില്ലാ വായ്പ യഥാസമയം നൽകുകയും, ഗവൺമെന്റ് ഗ്രാന്റും മറ്റ് സാമ്പത്തിക സഹായവും, ഉറപ്പു വരുത്തുക!

11) എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖേന സൗജന്യമായി വീട് നിർമ്മിച്ചു നൽകുക!

12) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി നൽകുന്ന നാല്സെന്റ് ഭൂമിക്ക് സെക്കൻഗ്രേഡ് പഞ്ചായത്തിന് സർക്കാർ നൽകുന്ന സെന്റ് ഒന്നിന് മൂവായിരം രൂപ. അയ്യായിരം രൂപയായി ഉയർത്തുക!

13) പട്ടികജാതിക്കാരുടെ അപകടാവസ്ഥയിലായ വീടുകൾ നന്നാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുക!

14) ഈറ്റ, മുള, ചൂരൽ മുതലായ വന സമ്പത്തുകൾ ലഭിക്കുന്നതിന് ആവശ്യമായ പാസ് യഥാസമയം നൽകുക!

15) സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, നിർമ്മാണയൂണിറ്റുകൾ ആരംഭിക്കുന്നതിനും, സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ നൽകുന്ന നടപടി ഉദാരവത്കരിക്കുക!.

ക്കുന്നതിന് ഭൂമിഇല്ലാത്തവർക്ക് 4 സെന്റ് ഭൂമിനൽക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുവെങ്കിലും നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഭൂരഹിതർക്കും ഭൂമിനൽക്കുവാൻ കഴിഞ്ഞിട്ടില്ല. ആത്തരത്തിലുള്ള പദ്ധതികൾ ഇനിയും ഏറെ നടപ്പിലാക്കേണ്ടതുണ്ട്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, പാറപ്പൊടി, ഹോളോബ്രിക്സ് എന്നിവനിർമ്മിക്കുന്നതിനുള്ള സാഹചര്യം നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അത്തരത്തിലുള്ള യാതൊരു നിർമ്മാണയൂണിറ്റും നമ്മുടെ പഞ്ചായത്തിൽ ഇല്ലാപുറമ്പോക്കുകളിലും, റോഡുവക്കിലും കൂരകൾ നിർമ്മിച്ച് താമസിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമായി ഉണ്ട്. വർഷകാലങ്ങളിൽ വീടുനശിച്ചവർ വെള്ളപ്പൊക്ക ദുരിതാശ്വാസപദ്ധതിയിൽ വീടു നിർമ്മിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം സല്കിയെങ്കിലും തവണകൾ യഥാസമയം ലഭിക്കാത്തതിനാൽ വീടുകൾ പൂർത്തീകരിക്കുവാൻ കഴിയാതെ വിഷമിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ നൂറുകണക്കിനുണ്ട്.

ഭവന നിർമ്മാണപ്രശ്മങ്ങൾക്കുള്ള പരിഹാര മാർഗ്ഗം.

1. ദുർബ്ബലവിഭാഗത്തിൽപ്പട്ട എല്ലാ കുടുംബങ്ങൾക്കും സർക്കാറിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ സാമ്പത്തിക സഹായം നല്കി വീടു നിർമ്മിക്കുക.
2. മൈത്രീ ഭവനനിർമ്മാണ പദ്ധതിയിലൂടെയുള്ള ഭവന നിർമ്മാണ വായ്പ പദ്ധതി ഉദാഹരമാക്കുക.
3. വീടുകളുടെ പുനരുദ്ധാരണപണികൾക്കായി സർക്കാറിന്റെ വിവിധ ഏജൻസികളിൽ നിന്നും വായ്പാവിതരണം നടത്തുക.
4. ഭൂരഹിതരായ കർഷകത്തൊഴിലാളികൾക്കും 4 സെന്റ് ഭൂമി നല്കുന്നതിന് സർക്കാർ ഇപ്പോൾ സെക്കന്റ് ഗ്രേഡു പഞ്ചായത്തുകൾക്ക് വിലയായി നല്കുന്ന സെന്റിന് 3000/- മൂവായിരം രൂപാ അയ്യായിരം രൂപയായി വർദ്ധിപ്പിക്കുക.
5. ഭൂവിതരണത്തിന് പുറം ബോക്കിലും റോഡു സൈഡിലും താമസിക്കുന്നവർക്ക് മുൻഗണന നല്ക്കുക.
6. കെട്ടിടനിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, പാറപ്പൊടി, ഹോളോബ്രിക്സ് എന്നിവ നിർമ്മിക്കുന്നതിനുള്ള നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക. മാക്കുവാൻ തൊളിക്കോടു പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുക.
7. ഭവന വായ്പ സുഗമമാക്കുവാൻ തൊളിക്കോട് പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുക.

# ഭവന നിർമ്മാണവും ക്ഷേമ പ്രവർത്തനവും

നമ്മുടെ ഗ്രാമത്തിലെ വാസസ്ഥലം അരനൂറ്റാണ്ടുകൾക്കുമുമ്പ് ഓലയും പുല്ലും ഇറയിലയും കൊണ്ട് മേഞ്ഞതും മേൽക്കൂര കാട്ടുകമ്പുകളും മുളയും കൊണ്ട് നിർമ്മിച്ചതും ആയിരുന്നു. ചിവരുകൾ മൺകട്ടകൾ കൊണ്ടും മണ്ണുകൊണ്ടും നിർമ്മിച്ചവയായിരുന്നു. മുളച്ചീളുകളും ഈറ്റകൊണ്ടും ചുവരുകൾ നിർമ്മിച്ച വീടികൾ ധാരാളമായി അന്നുണ്ടായിരുന്നു. അറുപ്പുതടികൾ കൊണ്ട് മേൽക്കൂര നിർമ്മിച്ച വീടുകളും അപൂർവമായി കാണാമായിരുന്നു. ജനസാന്ദ്രത കുറഞ്ഞിരുന്ന ആ കാലഘട്ടത്തിൽ കാട്ടുമൃഗങ്ങളുടെ ഉപദ്രവം ഭയന്നും പ്രതികൂല സാഹചര്യങ്ങൾ കാരണവും നമ്മുടെ ഗ്രാമത്തിൽ അന്ന് വാസസ്ഥലങ്ങൾ കുറവായിരുന്നു. അന്യപ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകൾ നമ്മുടെഗ്രാമത്തിൽ കുടുയേറി പാർത്തതോടുകൂടി വീടുകളുടെ എണ്ണവും വർദ്ധിച്ചു. യാത്രസൗകര്യവും മറ്റുഭൗതികസൗകര്യങ്ങളും വർദ്ധിച്ചതോടെ നമ്മുടെ പഞ്ചായത്തിൽ വീടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. ഇന്നു നമ്മുടെ ഗ്രാമപഞ്ചായത്തിൽ 5621 വിടുകൾ ഉണ്ട്.ഓരോ വാർഡിലും ശരാശരി അറുനൂറ്വീടുകൾ ഉള്ളതായി മനസ്സിലാക്കാം. ബഹുനില കെട്ടിടങ്ങൾ 25ഉം, കോൺക്രീറ്റുകെട്ടിടങ്ങൾ 586 ഉം ഓട്മേഞ്ഞകെട്ടിടങ്ങൽ 2239 ഉം ആണ്. ബാക്കി ഉള്ളവ ഓലമേഞ്ഞതും കൂടിലുള്ളമാണ്.

ഇത്രയൊക്കെ വീടുകൾ വർദ്ധിച്ചിട്ടും നമ്മുടെ ഗ്രാമത്തിൽ പാർപ്പിട സൗകര്യം ഇല്ലാത്തവർ നൂറുകണക്കിനാണ്. ഭൂരഹിതരായിട്ടുള്ളവർ ഇന്നും ധാരാളമായി നമ്മുടെ പഞ്ചായത്തിലുണ്ട്. നിരവധി ക്ഷേമപ്രവർത്തനത്തിലൂടെ ഭവനരഹിതർക്ക് വീട് നിർവധി ക്ഷേമപ്രവർത്തനങ്ങളിലൂടെ ഭവനരഹിതർക്ക് I.A.Y.J.R.Y അൺടൈഡ് ഫണ്ട്, രാജീവ്ദശലക്ഷപാർപ്പിടപദ്ധതി, മൈത്രീ ഭവനനിർമ്മ പദ്ധതി തുടങ്ങിയവയിലൂടെ അനേകർക്ക് വീടുവച്ച് നല്കിയെങ്കിലും ഇനിയും യോഗ്യമായ വാസസ്ഥലം ഇല്ലാത്തവർ നിരവധിയാണ് വീട് നിർമ്മി

8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇപ്പോൾ സർക്കാരിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണത്തിനുള്ള വായ്പയുടെ തുക വർദ്ധിപ്പിക്കുക.

9. കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലുമായ ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പഞ്ചായത്ത് വഴി സാമ്പത്തികസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവർക്ക് പട്ടയം നൽകുകയും ചെയ്യുക.

10. 4 സെന്റ് ഭൂമി നൽകിയ എല്ലാപേർക്കും പട്ടയം നൽകുകയും അവർക്ക് ഭവനങ്ങൾ നിർമ്മിക്കാൻ സൗജന്യസഹായവും ചെയ്യുക.

11. വിവിധ ഏജൻസികൾ മുഖേന നൽകുന്ന ഭവന വായ്പയും സാമ്പത്തിക സഹായത്തിനും ഹാജരാക്കുന്ന സ്റേറ്റജ് സർട്ടിഫിക്കറ്റും പഞ്ചായത്ത് മെംബർമാർ മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക.

12. ഹൗസിംഗ് ബോർഡിന്റെ നിലവിലുള്ള പദ്ധതിയായ നഗരപ്രദേശങ്ങളിൽ വസ്തു വാങ്ങി ഫ്ളാറ്റുകളും അതുപോലെ വീടുകളും വെച്ചു കൊടുക്കുന്ന പദ്ധതി ലഘുകരിക്കുകയും അവർക്കുള്ള വായ്പ കൃത്യസമയത്ത് ലഭിക്കാനുള്ള നടപടി കൈക്കൊള്ളുക.

14. വെള്ളപ്പൊക്കദുരിദാശ്വാസത്തിന്റെ ഭാഗമായി വീടു നശിച്ചവർക്ക്നൽക്കുന്ന ഹൗസിംഗ് ധന സഹായം പദ്ധതിയുടെ തവണകൾ യഥാസമയം ഉപഭോക്താക്കൾക്ക് നൽക്കുക.

15. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ വിഭാഗത്തിൽ പ്പെട്ടവർക്കും സൗജന്യമായി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്നതിനുള്ള നടപടിസ്വീകരിക്കുക.

## ക്ഷേമപ്രവർത്തനങ്ങൾ

കാൽനൂറ്റാണ്ടുകൾക്കുമുൻപ് നമ്മുടെ ഗ്രാമത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനങ്ങളായിരുന്നു അധികവും ആ കാലഘട്ടത്തിൽ ദുർബ്ബലവിഭാഗങ്ങളുടെയും സാമ്പത്തിക പിന്നോക്കം നില്ക്കുന്നവരുടേയും ക്ഷേമങ്ങൾക്കായുള്ള പദ്ധതികളും വളരെ വിരളമായിരുന്നു. വിധവകളും വാർദ്ധക്യം ബാധിച്ചവർക്കും പര സഹായമില്ലാത്തവരും നിരാലംബരും ആ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ കുറവല്ലായിരുന്നു. അംഗവൈകല്യം സംഭവിച്ചവർ മന്ദബുദ്ധികൾ ബധിരർ മൂകർ എന്നിവർ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു വെങ്കിലും അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി അന്നുയാതൊരു വിധ പദ്ധതികളും ഇല്ലായിരുന്നു. ഗർഭിണികൾക്കും ശിശുകൾക്കും ശുശ്രൂഷയും പോഷകാഹാരങ്ങളും അന്ന് നമ്മുടെ പഞ്ചായത്തിൽ പരിമിതമായിരുന്നു. വാർദ്ധ്യക്യം അംഗവൈകല്യം മാരകമായ രോഗങ്ങൾ പിടിപ്പെട്ടവർ തുടങ്ങിയ സമൂഹത്തിലെ ദുർബലരായ ജനങ്ങൾക്ക് ആശ്വാസ മേകുന്ന ക്ഷേമപ്രവർത്തനങ്ങൾ അക്കാലത്ത് കുറവായിരുന്നു.

കർഷകത്തൊഴിലാളികളും മറവു നിർമ്മാണത്തൊഴിലാളികളും ആ കാലഘട്ടങ്ങളിൽ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നു വെങ്കിലും അവരുടെ ജീവിത ഉന്നമനത്തിനായുള്ള ക്ഷേമപദ്ധതികൾ കുറവായിരുന്നു കാലക്രമേണ കേന്ദ്രസംസ്ഥാനഗവൺമെന്റുകളും മറ്റു സന്നദ്ധസംഘടകളും നടപ്പിലാക്കിയ വിവിധ ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി നമ്മുടെ ഗ്രാമത്തിലും ദുർബ്ബലപിന്നോക്ക് വിഭാഗങ്ങൾക്കായുല്ല ഒട്ടനവധികൾക്കും വാർദ്ധ്യക്യം ബാധിച്ചവർക്കും പെൻഷൻഉൾപ്പെടയുള്ള ക്ഷേമപദ്ധതികൾ ഉണ്ടെങ്കിലും പലകാരണത്താൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ നിരവധി പേർക്കും ഇപ്പോഴും ആനുകൂല്യം ലഭിക്കുന്നില്ല. ഗൃഹനാഥൻ മരണപ്പെട്ടാൽ ഒരാശ്വാസം എന്ന നിലയിൽ നൽക്കുന്ന സാമ്പത്തിക സഹായപദ്ധതി യഥാസമയങ്ങളിൽ ലഭിക്കുന്നില്ല. കർഷകത്തൊഴിലാളികൾക്കു പെൻഷനും, മറ്റാനുകൂല്യങ്ങളും നല്ക്കുന്ന പദ്ധതി നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. വികലംഗർക്കുള്ള അന്ധർക്കും മറവുരോഗങ്ങൾ ബാധിച്ചവർക്കും ഉള്ള ആശ്വാസപദ്ധതികളും പെൻഷനുകളും സാക്ഷിപത്രങ്ങൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ടുകൾ കാരണം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. തൊഴിലില്ലാത്ത അഭ്യസ്ഥ വിദ്യാർക്കു തൊഴിൽ കണ്ടെത്തുന്നതിനുള്ള സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. തൊഴിലില്ലായ്മ വേതനം നിലവിലുണ്ടു എങ്കിലും അർഹതപ്പെട്ടവർക്ക് മുഴുവൻ ലഭിക്കുന്നതിന് നടപടിക്രമങ്ങൾ തടസ്സമാക്കുന്നു. പ്രസവക്ഷേമപദ്ധതി നിലവിലുണ്ടെങ്കിലും യഥാസമയം നല്കുവാൻ കഴിയുന്നില്ല. മാരകരോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാസൗകര്യത്തുനുള്ള സാമ്പത്തിക സഹായം പരിമിതമാണ്.

### സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും പരിഹാരനിർദ്ദേശങ്ങളും

1. ഈ പഞ്ചായത്തിൽ അർഹരായ എല്ലാപേർക്കും വൃദ്ധജനങ്ങൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കുക

2. അംഗവൈകല്യം സംഭവിച്ചവർക്കും മന്ദബുദ്ധികൾക്കും പെൻഷനും മറ്റു ആനുകൂല്യങ്ങളും നൽക്കുക.

3. കർഷകത്തൊഴിലാളി പെൻഷൻ നൽക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ പരിഹരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ കൂടിക്കാഴ്ച മൂന്നു മാസത്തിലൊരിക്കൽ പഞ്ചായത്താഫീസിൽ വെച്ചുനടത്തുക

4. മുടങ്ങിക്കിടക്കുന്ന എല്ലാ പെൻഷനുകളും കുടിശ്ശിക സഹിതം ഉടൻ വിതരണം നടത്തുക.

5. പ്രസവ ക്ഷേമാനുകൂല്യം യഥാസമയം നൽകുക.

6. കുട്ടികളുടെയും ഗർഭിണികളുടെയും ദേഹ പരിശോധനയും ചികിത്സയും പോഷകാഹാര വിതരണവും ശക്തിപ്പെടുത്തുവാൻ പഞ്ചായത്തിന്റെ എല്ലാ വാർഡികളിലും ആരോഗ്യ സെന്ററുകൾ സ്ഥാപിക്കുക.

7. പഞ്ചായത്തിന്റെ എല്ലാ വാർഡുകലിലും ബേബി ക്രഷുകൾ സ്ഥാപിക്കുക.

8. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത അർഹരായവർക്കെല്ലാം തൊഴിലില്ലായ്മ വേതനം നൽകുക.

9. പൂർണ്ണമായി അംഗവൈകല്യം സംഭവിച്ച ഈ ഗ്രാമപഞ്ചായത്തിലെ എല്ലാപേർക്കും വീൽചെയർ സ്ട്രെച്ചർ തുടങ്ങിയ ഉപകരണങ്ങൾ നൽകുക.

10. ജില്ലാ കളക്ടറുടെ ഫണ്ടിൽ നിന്നും രോഗികൾക്കുള്ള ചികിത്സാ ആവശ്യത്തിനുള്ള നടപടി ക്രമം ലഘൂകരിക്കുക.

11. വിവിധ പെൻഷനുകളുടെ അപേക്ഷകൾ പരിഗണിക്കുന്നതിനായി താലൂക്ക് ആഫീസ് ഉദ്യോഗസ്ഥാൻമാരുടെ കൂടിക്കാഴ്ച മൂന്നു മാസത്തിലൊരിക്കൽ പഞ്ചായത്ത് ആഫീസിൽ വെച്ചു നടത്തുക.

12. എല്ലാവിധ പെൻഷനുകൾക്കും ശുപാർശ നൽകുന്നതിനുള്ള അധികാരം പഞ്ചായത്ത് മെമ്പർമാർക്കു നൽകുക.

13. തൊഴിലില്ലാത്ത അഭ്യസ്ഥ വിദ്യർക്ക് കൊടുക്കുന്ന തൊഴിലില്ലായ്മ വേതനം പഞ്ചായത്തുകളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുക.

14. സാമൂഹ്യ വകുപ്പുകളുടെയും വനിതാക്ഷേമ കോർപ്പറേഷനുകളുടെയും സ്വയം തൊഴിലനുവേണ്ടി നൽകുന്ന സഹായ പദ്ധതികളുടെ ഉദാരവത്കരിക്കുക.

15. അതിഥികളെയും വൃദ്ധരെയും പാർപ്പിക്കുന്നതിനു തൊളിക്കോട് ആസ്ഥാനമാക്കി ഒരു അതിഥി മന്ദിരം സ്ഥാപിക്കുക.

തൊളിക്കോട് ഗ്രാമ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കേണ്ടതാണ്. അതിനാവശ്യമായ സ്ഥലം കണ്ടെത്തേണ്ടതാണ്.

# വിഭവസമാഹരണം.

പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമാണ് തൊളിക്കോട് ഗ്രാമ പഞ്ചായത്ത്. ഏകദേശം അര നൂറ്റാണ്ടുകൾക്ക് മുമ്പ് ഇന്നത്തെ തൊളിക്കോട് പഞ്ചായത്തിന്റെ നല്ലൊരു ഭാഗവും വനങ്ങളായിരുന്നു! ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ മഴക്കാലങ്ങളിൽ നിറഞ്ഞൊഴുകുന്ന അരുവികളും, തോടുകളും, പാറക്കൂട്ടങ്ങളും, സമതലങ്ങളും, കുന്നുകളും ഈ പ്രദേശത്തിന്റെ ഒരു പ്രത്യേകതയായി ഇന്നും നിലനിൽക്കുന്നു! ഇവിടുത്തെ വനങ്ങളിലുണ്ടായിരുന്ന തേക്ക്, വീട്ടി, തുടങ്ങിയ വൻമരങ്ങൾ വെട്ടി സർക്കാർ ഉടമയിൽ ലേലം ചെയ്തിരുന്ന സലക്ഷൻഫെല്ലിംഗ് നിലനിന്നിരുന്നതായി രേഖകളിൽ നിന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. കാലക്രമത്തിലുള്ള കുടിയേറ്റങ്ങളുടെ ഫലമായി വനഭൂമി കുറയുകയും, കൃഷി അഭിവൃദ്ധിപ്പെടുകയും ചെയ്തു. നിബിഡവനങ്ങളിൽ നിന്ന് മെഴുക്, തേൻ, സുഗന്ധവ്യഞ്ജനങ്ങൾ, എന്നീ വിഭവങ്ങൾ ശേഖരിച്ച് കയറ്റി അയക്കുകയും, ഉപയോഗിക്കുകയും ചെയ്തിരുന്നു! വനങ്ങളിൽ നിന്ന് വെട്ടിയെടുത്ത ഈറ്റ, ചൂരൽ എന്നിവയിൽ ഗിരിവർഗ്ഗക്കാർ വട്ടി, കുട്ട, മുറം, മുതലായ വീട്ടു ഉപകരണങ്ങൾ നിർമ്മിച്ച് വിറ്റ് ഉപജീവനം നടത്തിയിരുന്നു!.

ഇവിടുത്തെ കാർഷിക വിഭവങ്ങൾക്ക് (നാണ്യ വിളകൾ ഉൾപ്പെടെ) മറ്റ് പ്രദേശങ്ങളിൽ വലിയ മതിപ്പായിരുന്നു! നെല്ല്, മരച്ചീനി, അടയ്ക്ക, കുരുമുളക്, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ മുതലായ കാർഷിക വിഭവങ്ങൾ, തൊളിക്കോട്, പുളിമൂട്, പറണ്ടോട്, എന്നീ വ്യാപാരകേന്ദ്രങ്ങളിൽ ക്രയവിക്രയം ചെയ്തിരുന്നു! കാള വണ്ടിയിലും, തലചുമടിലുമായാണ് ഇവ നിശ്ചിത സ്ഥലങ്ങളിൽ എത്തിച്ചിരുന്നത്.

പശു, കാള, എരുമ, കോഴി, പട്ടി, എന്നീ വളർത്തു മൃഗങ്ങളെയും പക്ഷികളെയും വീടുകളിൽ ധാരാളമായി വളർത്തിയിരുന്നു! നിലം ഉഴുന്നതിനും, ചരക്കുകൾ കൊണ്ടു പോകുന്ന വണ്ടിയിലും, കാളകളെയും, പോത്തുകളെയുമാണ് ഉപയോഗിച്ചിരുന്നത്. മിക്കവീടുകളിലും വളർത്തു മൃഗങ്ങളുണ്ടായിരുന്നതിനാൽ അന്ന് സംതൃപ്തമായ ഒരു കാലി സമ്പത്ത് ഉണ്ടായിരുന്നതായി കണക്കാക്കാം.

ഈ പഞ്ചായത്തിന് നല്ലൊരു ജല സമ്പത്തുണ്ട്. കുളങ്ങളെയും കിണറുകളെയുമാണ് കുടിവെള്ളത്തിനും, കുളിക്കുവാനും ആശ്രയിക്കുന്നത്. ഈ ജല ലഭ്യത ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികൾ ഒന്നും ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല.

കെട്ടിടങ്ങൾ നിർമ്മിക്കുവാനും, റോഡുകൾ മെറ്റൽ ചെയ്യുന്നതിനും, പാറകൾ ഉപയോഗിക്കുന്ന രീതി ഇവിടെ പഴയകാലം മുതൽ നിലവിലുണ്ട്. ചീറ്റിപാറ, ചെട്ടിയാംപാറ, തേക്കുംമൂട, തുടങ്ങിയ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ ധാരാളം പാറകൂടങ്ങളുണ്ടെങ്കിലും, ഈ പ്രകൃതി വിഭവത്തെ പ്രയോജനപ്പെടുത്തുവാനുള്ള സംവിധാനങ്ങൾ ഒന്നും ഈ പഞ്ചായത്തിലില്ല.

ഈ പ്രദേശത്തെ വനങ്ങളിൽ നിന്നും, റബ്ബർ തോട്ടങ്ങളിൽ നിന്നും ധാരാളം മരങ്ങൾ വെട്ടി അന്യ സംസ്ഥാനങ്ങളിൽ കൊണ്ടു പോകുന്ന രീതിയാണ് ഇന്നുള്ളത്. ഇത് ഇവിടെ ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതികൾ ഒന്നും നിലവിലില്ല.

പൊതു സ്ഥാപനങ്ങളുടെ വരവോടു കൂടി ജന ക്ഷേമപ്രവർത്തനങ്ങൾ ആരംഭിച്ചു. പഞ്ചായത്ത് നിലവിൽ വന്നതോടുകൂടി നികുതിപിരിവ് ഊർജിതമാകുകയും, ഈ ഗ്രാമത്തിൽ ധനകാര്യസ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തു. ധനകാര്യ സ്ഥാപനങ്ങളും, മറ്റ് പൊതു സ്ഥാപനങ്ങളും നിലവിലുണ്ടെങ്കിലും പലതും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

. ഈ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം നികുതിയിനത്തിൽ പിരിഞ്ഞുവരുന്ന ധനമാണ്. കെട്ടിട നികുതി, വ്യാപാര നികുതി, തൊഴിൽ നികുതി, വിനോദനികുതി, വസ്തുകൈമാറ്റ നികുതി, ലേലം, മുതലായ വയിലൂടെ പഞ്ചായത്തിന് ഇപ്പോൾ 1333017 രൂപ വരുമാനമുണ്ട് എങ്കിലും, പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും, മറ്റ് വികസനപ്രവർത്തനങ്ങൾക്കും ഈ വക അപര്യാപ്തമാണ്. വീട്ടുകരം വർദ്ധിപ്പിക്കുന്നതിലൂടെയും, കാർഷിക നികുതി ചുമത്തിയും, തൊഴിൽ നികുതി വർദ്ധിപ്പിച്ചു, ലൈസൻസ് ഫീസുകൾ വർദ്ധിപ്പിച്ചും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് നികുതി ഈടാക്കിയും പഞ്ചായത്തിന്റെ വിഭവസമാഹരണം വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള തോടുക

ളിൽ മഴക്കാലങ്ങളിൽ വന്നടിയുന്ന മണൽ ലേലം ചെയ്തും, പഞ്ചായത്ത് പുറംമ്പോക്കിലുള്ള ഫലവൃക്ഷ ങ്ങൾ തിട്ടപ്പെടുത്തിലേലം ചെയ്തും, പഞ്ചായത്തു മാർക്കറ്റുകളുടെ പ്രവർത്തനം വിപുലീകരിച്ചും കൂടുതൽ സമ്പത്ത് കണ്ടെത്താവുന്നതാണ്. പഞ്ചായത്ത് സ്ഥലങ്ങ ളിൽ മാർക്കറ്റ് കോംപ്ലക്സുകൾ സ്ഥാപിച്ചും, സിനിമാ ശാലകളിൽ നിന്നും നികുതികൾ വർദ്ധിപ്പിച്ചും, കൃത്യ മായി വസൂലാക്കിയും, വിഭവസമാഹരണം വർദ്ധിപ്പി ക്കാൻ കഴിയും, അസംസ്കൃത പദാർത്ഥങ്ങൾകൊ ണ്ടുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചും, ഈ പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന കളിമണ്ണു ഉപയോ ഗിച്ച് ശില്പങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചും, ഇഷ്ടിക നിർമ്മാണത്തിന് ഏറെ സാധ്യതയുള്ള ഈ ഗ്രാമപഞ്ചായത്തിൽ ആയ തിന്റെ നിർമ്മാണത്തിലൂടെയും, ചെറുകിട വ്യവസായ മേഖലയിൽ വിഭവസമാഹരണം നടത്താവുന്നതാണ്.

മറ്റ് ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചും, മനുഷ്യപ്രയത്നം വിവിധ തൊഴിൽ മേഖ ലകളിൽ കാര്യക്ഷമമായി ഉപയുക്തമാക്കിയും, വിഭവ സമാഹരണം സാധ്യമാക്കാവുന്നതാണ്. നിലവിലുള്ള നെല്ല്, തെങ്ങ്, പച്ചക്കറികൾ, തുടങ്ങിയ കാർഷിക വിള കൾ നിലനിർത്തിയും, കൂടുതൽ അഭിവൃദ്ധിപ്പെടു ത്തിയും കാർഷിക മേഖലയിൽ അധിക വിഭവസമാഹ രണം നടത്താവുന്നതാണ്.

കുടിവെള്ളത്തിന് ഉപയോഗിക്കാത്ത ജലസ്രോത സ്സുകളിൽ മത്സ്യം വളർത്തലിലൂടെയും, കൂൺകൃഷി, കുറ്റിമുല്ലകൃഷി, സെറിക്കൾച്ചർ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ, തുടങ്ങിയ ചെറുകിട വ്യവസായങ്ങ ളിലൂടെയും, ഈ പഞ്ചായത്തിൽ സാമ്പത്തിക മുന്നേറ്റം കൈവരിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ധാരാ ളമായി കാണുന്ന റബ്ബർ തടികൊണ്ട് പ്ലൈവുഡ്, പാക്കിംഗ് പെട്ടികൾ, എന്നിവയുടെ നിർമ്മാണത്തിലൂ ടെയും മറ്റ് അനുബന്ധ പദ്ധതികളിലൂടെയും റബ്ബർ കൊണ്ട് നിർമ്മാണം നടത്തുന്ന റബ്ബർ അധിഷ്ഠിത നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ചു, വിഭവസമാഹരണം വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ കെട്ടിടനിർമ്മാണത്തിനാവ ശ്യമായ എല്ലാ അസംസ്കൃത സാധനങ്ങളും, ഈ പഞ്ചാ യത്തിൽ നിന്നും ഉൽപാദിപ്പിക്കുന്നതിലൂടെയും, വിപ ണനം നടത്തുന്നതിലൂടെയും വിഭവസമാഹരണം സാദ്യ മാക്കാവുന്നതാണ്. നമ്മുടെ ഗ്രാമത്തിൽ ധാരാളമായി ലഭിക്കുന്ന തടി കൊണ്ടുള്ള ഫർണ്ണിച്ചർ നിർമ്മാണത്തി ലൂടെയും, അവയുടെ വിപണനത്തിലൂടെയും, സാമ്പ ത്തിക നില മെച്ചപ്പെടുത്താവുന്നതാണ്.

കാലിവളർത്തലിന് അനുയോജ്യമായ നമ്മുടെ പ്രദേശത്ത് കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കു ന്നതിലൂടെയും, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിലൂ ടെയും, മേൽത്തരം കോഴി സഹകരണാടിസ്ഥാന ത്തിൽ വളർത്തി മുട്ട ഉൽപാദനത്തിലൂടെയും സാമ്പ ത്തികസ്ഥാപനങ്ങളിലൂടെ ആടുവളർത്തൽ യൂണിറ്റു കൾക്ക് സഹായങ്ങൾ നൽകിയും, കന്നു കാലി രംഗത്ത് ഉള്ള വിഭവസമാഹരണം സാധിക്കാവുന്നതാണ്.

പഞ്ചായത്തടിസ്ഥാനത്തിൽ വിദ്യാഭ്യാസ നില വാരം ഏകീകരിച്ച്, പ്രതിമാസ ടെസ്റ്റ് പേപ്പർ, ടെർമിനൽ പരീക്ഷ, എന്നിവയ്ക്ക് ചോദ്യക്കടലാസുകൾ അച്ചടിച്ച് വിൽക്കാവുന്നതാണ്. താമസ സൗകര്യമില്ലാത്ത സർക്കാർ ഉദ്യോഗസ്ഥർക്ക് ക്വോർട്ടേഴ്സുകൾ നിർമ്മിച്ച് വാടകക്ക് നൽകി സമ്പത്തുണ്ടാക്കാവുന്നതാണ്.

## വിഭവസമാഹരണത്തിനുള്ള ചില നിർദ്ദേശങ്ങൾ.

1) പഞ്ചായത്തിൽ നിലവിലുള്ള വിവിധ നികുതിക ളുടെ നിരക്ക് വർദ്ധിപ്പിക്കുക!

2) റബ്ബർ കൃഷിക്ക് കാർഷിക നികുതി ചുമത്തിയും പഞ്ചായത്ത് പുറംമ്പോക്കിലുള്ള ഫലവൃക്ഷ ങ്ങൾ ലേലം ചെയ്തും വരുമാനം വർദ്ധിപ്പിക്കേ ണ്ടതാണ്.

3) അനധികൃത മണലൂറ്റ് തടഞ്ഞ് പഞ്ചായത്ത്, മണൽ ലേലം ചെയ്തു കൊടുക്കുക!

4) പഞ്ചായത്ത് പ്രദേശത്ത് പരസ്യബോർഡുകൾ വയ്ക്കുന്നതിന് നികുതി ചുമത്തുക!

5) വയൽ നികത്തി പുരയിടമാക്കിയ നിലങ്ങൾക്ക് കൺവർട്ടബിൾ ഫീസ് ചുമത്തുക!

6) അലങ്കാര ചെടികൾ ഉൽപാദിപ്പിക്കുന്ന നഴ്സറി കൾക്കും, റബ്ബർ നഴ്സറികൾക്കും നികുതി ചുമ ത്തുക!

7) നമ്മുടെ ഗ്രാമത്തിലെ വനങ്ങളിൽ സമൃദ്ധമായി കാണുന്ന പാറകൾ കെട്ടിട നിർമ്മാണത്തിന് ഉപ യോഗിക്കുന്നതിനായി സർക്കാർ അനുമതി നൽകുക!

8) പഞ്ചായത്തിലുള്ള 667-ഹെക്ടർ പുറമ്പോക്ക് ഭൂമി തിട്ടപ്പെടുത്തി ഗുണപരമായി വിനിയോഗിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക!

9) പഞ്ചായത്തിലുള്ള പാരൽകോളേജുകൾക്ക് വിദ്യാഭ്യാസ നികുതി ചുമത്തുക!

10) ശുദ്ധജല സംമ്പുഷ്ടമായ ചെട്ടിയാം പാറയിൽ ഒരു മിനറൽ വാട്ടർയൂണിറ്റ് ആരംഭിക്കുക!

11) ഔഷധചെടികൾ നട്ടുവളർത്തിയും, സംര

ക്ഷിച്ചും, പാരമ്പര്യ വൈദ്യ ചികിത്സ പ്രോത്സാഹിപ്പിച്ചു, ആ രംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നും നികുതി ഈടാക്കണം.

12) റബ്ബർതടിയും, റബ്ബറും കൊണ്ടുള്ള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക।

13) അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുള്ള കുടിൽ വ്യവസായം ആരംഭിക്കുകയും അത് പ്രോത്സാഹിപ്പിക്കുകയും അതിനായി ബോധവൽക്കരണം നടത്തുകയും ചെയ്യുക।

14) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാലി സമ്പത്ത് പോഷിപ്പിക്കുന്നതിനും, ചെട്ടിയാംപാറയിൽ ഒരു മിനി ജഴ്സി ഫാം സ്ഥാപിക്കുക।

15) മനുഷ്യസമ്പത്തും, പങ്കാളിത്തവും, സഹകരണവും, സംഭാവനകളും, സമാഹരിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക।

**"പഞ്ചായത്ത് ഭരണം ജനങ്ങളുടെ സ്വന്തം ഭരണം"**

**"അധികാരം ജനങ്ങളിലേക്ക്"**

# സേവന മേഖല

സർക്കാർ

വിദ്യാഭ്യാസ സ്ഥാപനം

സ്വകാര്യം

സർക്കാർ
മൃഗാശുപത്രി

ആരോഗ്യകേന്ദ്രവും
മൃഗാശുപത്രിയും

മൃഗാശുപത്രി ഇല്ല
സ്വകാര്യം

സർക്കാർ

ഇതര മേഖലാ സ്ഥാപനം
സ്വകാര്യമേഖല ഇല്ല

സർക്കാർ

വിദ്യാഭ്യാസം – ജീവനക്കാർ

സ്വകാര്യം

സർക്കാർ

ആരോഗ്യം – ജീവനക്കാർ

സ്വകാര്യം

സർക്കാർ

ഇതരമേഖല – ജീവനക്കാർ
സ്വകാര്യം – ഇല്ല

# സേവന മേഖല

| ക്രമ നമ്പർ | സ്ഥാപനത്തിന്റെപേര് | ജീവനക്കാർ എണ്ണം. |
|---|---|---|
| 1 | 2 | 3 |
| 1. | പഞ്ചായത്താഫീസ് | 7 |
| 2 | P.H.C തൊളിക്കോട് | 6 |
| 3 | HS. തൊളിക്കോട് | 6 |
| 4 | St.victoria പറണ്ടോട് | 6 |
| 5 | U.P.S തൊളിക്കോട് | 12 |
| 6 | S.H.L.P.S തേവൻപാറ | 10 |
| 7 | B.P.M പനയ്ക്കോട് | 4 |
| 8 | BPM പരപ്പാറ | 3 |
| 9 | BPM പറണ്ടോട് | 4 |
| 10 | B.P.M തൊളിക്കോട് | 3 |
| 11 | B.P.M വിനോബാനികേതൻ | 3 |
| 12 | UPS വിനോബാനികേതൻ | 12 |
| 13 | മൃഗാശുപത്രിമലയടി. | 4 |
| 14 | K.S.E.B തൊളിക്കോട് | 10 |
| 15 | പ്രീമെട്രിക്ഹോസ്റ്റൽ ചെട്ടിയാംപാറ | 3 |
| 16 | ആൾസെയിന്റ്സ് UPS ഇംഗ്ലീഷ് മീഡിയം | 10 |
| 17 | ഇൻഡ്യൻ ബാങ്ക് | 8 |
| 18 | ആയൂർവേദാശുപത്രി. മലയടി | 4 |
| 19 | U.P.S. കടക്കാക്കുന്ന് | 8 |
| 20 | T.S. മേത്തോട്ടി | 4 |
| 21 | ഫോറസ്റ്റാഫീസ് ചൂളിയാമല | 4 |
| 22 | SCS പനയ്ക്കോട് | 9 |
| 23 | PHC മലയടി | 13 |
| 24 | V.V.ദായിനി U.P.S | 15 |
| 25 | V.K.കാണി HS | 28 |
| 26 | T.S ചെട്ടിയാംമ്പാറ | 2 |
| 27 | V.E.O തൊളിക്കോട് | 1 |
| 28 | V.E.O മലയടി | 1 |
| 29 | ചായം SCS പുളിമൂട്ബ്രാഞ്ച് | 3 |
| 30 | വില്ലേജാഫീസ് | 4 |
| 31 | ഫോറസ്റ്റ് ഡവലപ്പ്മെന്റ് യൂണിറ്റ് | 5 |

# വരവ് സംബന്ധിച്ച് വിവരങ്ങൾ

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | |
|---|---|---|---|
| കെട്ടിട നികുതി | 250000 | 42052 | |
| സർവ്വീസ് ചാർജ്ജ്<br>തൊഴിൽനികുതി | 200000 | 42063 | |
| വാഹനനികുതി<br>വിനോദ നികുതി | | 21832.90 | |
| അഡി.വിനോദ നികുതി | | 11410.95 | |
| പ്രദർശന നികുതി | 10000 | 4690 | |
| പ്രദർശന നികുതിയിൽമേലുള്ള<br>സർചാർജ്ജ് | 10000 | 1160-50 | |
| ചന്തവരവ് | 100000 | 14051- | |
| ലാന്റ് സെസ്<br>ലൈസൻസ് ഫീസ് | 60000 | 5949 | |
| കെട്ടിട നികുതി സർചാർജ്ജ്<br>വസ്തു കൈമാറ്റ നികുതി 75% | 500000 | 85037 | |
| വസ്തു കൈമാറ്റ നികുതി 25% | 300000 | 95970 | |
| സർക്കാർ ഗ്രാന്റുകളും മറ്റും<br>ഒഴികെയുള്ള മറ്റു വരവുകളും | 1500000 | | |
| സംഭാവന<br>ഡെപ്പോസിറ്റ് | 65000 | | |
| മറ്റുള്ളവ | 1866500 | 1008800-72 | |
| ആകെ. | 4809500 | 1333017-07 | |

# ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക | |
|---|---|---|
| 1 | 2 | |
| ഭരണം | 426725 – | |
| പൊതുമരാമത്ത് | 52625 – | |
| വിദ്യാഭ്യാസം | 11168 – | |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 4334 – | |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 66456 – | |
| മറ്റുള്ളവ | 311731 – 00 | |
| ആകെ | 873239 – 00 | |

# പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടംസംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1333017-07 | 169–45 | 5103 – 77 |
| ചെലവ് | 606938 – 00 | 260101 – 00 | 6200 – 00 |

# പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ.

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റു തുക | പഞ്ചായത്ത് ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 122000/- | 121317 | – | 121315 |
| തോട് കെട്ടിടം | 20000 – 00 | 20000 | – | 20000 |
| നടപ്പാലം | 36000 – 00 | 35087 | – | 35087 |
| മറ്റുള്ളവ | 30000 – 00 | 310000 | – | 30000 |
| ആകെ | 208000 – 00 | 486402 | – | 188402 |

# അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര്. | ലൈബ്രറി ഉണ്ട്/ഇല്ല പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. | | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല. | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം | | | | | | | | ബ്ലാക്ക്ബോർഡ്. | | | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ | പ്രത്യേകപഠന അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം. | മാതൃസംഗമം, സജീവം/സജീവമല്ല. | ക്ലാസ് റൂം, പി.ടി.എകൾ പ്രവർത്തിക്കുന്നു/പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി.സെറ്റ് | വി.സി.ആർ വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം. | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| തൊളിക്കോട് U.P.S | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | - | 13 | 194 | ഇല്ല. | 10 | തൃപ്തികരം. | തൃപ്തികരമല്ല. |
| ചായം ആൾ സെയിൻസ്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട് | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | ഉണ്ട്. | 4 | 9 | 198 | 2 | 12 | തൃപ്തികരം | തൃപ്തികരം |
| SH.L.P.S. തേവൻപാറ | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 5 | 7 | 193 | ഇല്ല | 16 | തൃപ്തികരം | തൃപ്തികരം. |
| മോഡേൺ L.P.S മണലയം | ഉണ്ട് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 2 | 8 | 194 | ഇല്ല. | 6 | തൃപ്തികരം. | തൃപ്തികരം. |
| V.V.ദായിനി U.P.S | ഉണ്ട് പ്രവർത്തിക്കുന്നു. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 4 | 5 | 192 | ഇല്ല. | 8 | തൃപ്തികരം. | തൃപ്തികരം. |
| ഗവ:ഹൈസ്ക്കൂൾ തൊളിക്കോട്. | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഇല്ല. | ഉണ്ട് | ഉണ്ട് | ഇല്ല. | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 5 | 26 | 193 | 9 | 98 | തൃപ്തികരം. | തൃപ്തികരം. |
| വിനോബാ നികേതൻ U.P.S. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | – | 10 | 195 | 2 | 16 | തൃപ്തികരം. | തൃപ്തികരം. |
| St. വിക്ടേഴ്സ് L.P.S പറങ്ങോട്. | ഉണ്ട് | ഇല്ല. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | – | 8 | 198 | – | 32 | തൃപ്തികരം. | തൃപ്തികരം. |
| കടുക്കാക്കുന്ന് U.P.S. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 8 | 4 | 194 | – | 14 | തൃപ്തികരം. | തൃപ്തികരം. |
| T.S.ചെട്ടിയാംപാറ. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഉണ്ട്. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | ഇല്ല. | 4 | 1 | 187 | 10 | 40 | തൃപ്തികരമല്ല | തൃപ്തികരമല്ല |
| V.K.കാണി H.S | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 28 | 22 | 194 | – | 58 | തൃപ്തികരം. | തൃപ്തികരം. |
| T.S.മേത്തൊട്ടി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | – | – | 196 | – | 4 | തൃപ്തികരം. | തൃപ്തികരം. |

# തോളിക്കോട് ഗ്രാമപഞ്ചായത്ത്

## സ്കൂളിന്റെ പൊതുവിവരം


| | സ്കൂളിന്റെ പേര് | ഹൈസ്കൂൾ യു.പി എൽ.പി പ്രീ പ്രൈമറി | സർക്കാർ | എയിഡഡ് | അൺ എയ്ഡഡ് | അംഗീകാരം മില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ള വരുമാന എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാലമി ലുള്ളവർ | സ്കൂൾ ക്യാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥല ത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥല ത്തിന്റെ വിസ്തീർണ്ണം | മറ്റുകുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ ണികൾ, ഫർണിച്ചർ റിപ്പൺ തുടങ്ങിയ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. | H.S. തോളിക്കോട് | H.S. | | | | | 397 | 453 | 850 | 30 | 29 | 1 | - | 3 ഏക്കർ | | 50 C | ചുറ്റുമതിൽ |
| 2. | V.K.ഗമിശ പനയ്ക്കോട് | H.S | | | | | 533 | 561 | 1099 | 32 | 31 | 1 | - | 1ഏക്കർ 1സെന്റ് | | | - |
| 3. | U.P.S.തൊളിക്കോട് | UPS | | | | | 162 | 163 | 325 | 12 | 10 | 1 | - | 1 ഏക്കർ | | | ചുറ്റുമതിൽ |
| 4. | V.V. Dayimi UPS | U.PS | | | | | 184 | 164 | 348 | 13 | 12 | - | - | 50 സെന്റ് | | 10 C | - |
| 5. | Vinobanikatan U.PS | U.PS | | | | | 135 | 174 | 309 | 12 | 12 | - | - | 60 സെന്റ് | | | |
| 6. | St. Viclors L.PS Paran | L.PS | | | | | 154 | 142 | 296 | 9 | 9 | - | - | 2 ഏക്കർ | 50 സെന്റ് | | - |
| 7. | Kadukkakurul | L.PS | | | | | 133 | 147 | 280 | 8 | 8 | - | | 1ഏക്കർ | 40 C | 30C | ചുറ്റുമതിൽ അറ്റകുറ്റ പണികൾ, ഫർണിച്ചർ റിപ്പയർ |
| 8. | T.S. Chittiampal | L.PS | | | | | 13 | 7 | 20 | 1 | 1 | - | - | 1ഏക്കർ 50 | 40 C | 30C | നിലവിൽ 25 സെന്റ് ഭൂമിയേ ഉള്ളൂ. |
| 9. | T.S. Methotty | L.PS | | | | | 03 | 6 | 9 | 2 | 2 | - | - | 1ഏക്കർ 50സെന്റ് | 50 C | 30C | |
| 10. | SH L.PS Therampara | L.PS | | | | | 209 | 177 | 386 | 11 | 11 | - | - | 1 1/2 ഏക്കർ | 50 C | | |
| 11. | Moden & PS Manalyam | L.PS | | | | | 105 | 89 | 194 | 7 | 7 | - | - | 22 സെന്റ് | - | | |
| 12. | Al Saimts, Chayam | L.PS | | | | | 32 | 37 | 69 | 6 | 6 | - | - | 2 1/2 ഏക്കർ | 50 C | 50 C | |

# അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതു നിലവാരം | | | | | S.S.L.C വിജയ ശതമാനം | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30–40 ശതമാനം മാർക്കു നേടുന്ന വൻ | 40–50 ശതമാനം നേടുന്ന വൻ | 50–60 ശതമാനം നേടുന്ന വർ | 60% കൂടുതൽ നേടുന്ന വർ | 91-92 | 92-93 | 93-94 | 94-95 | 95-96 | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | Remarks |
| 32 | 465 | 156 | 115 | 90 | 50 | 54 | | | | | | |
| 43 | 510 | 144 | 143 | 86 | 75 | 62 | | | | | | |
| 54 | 419 | 181 | 101 | 51 | 51 | 41 | | | | | | |
| 65 | 418 | 170 | 104 | 66 | 35 | 43 | | | | | | |
| 76 | 423 | 149 | 91 | 60 | 51 | 40 | | | | | | |
| 87 | 241 | 115 | 41 | 35 | 30 | 20 | | | | | | |
| 98 | 232 | 121 | 40 | 25 | 25 | 11 | | | | | | |
| 109 | 213 | 141 | 30 | 15 | 17 | 10 | | | | | | |
| S.S.L.C പരീക്ഷ എഴുതിയവർ | 221 | 1177 | 665 | 428 | 334 | 283 | 15 | 18 | 16 | 21 | 29 | H.S തൊളിക്കോട് |
| | | | | | | | 33 | 26 | 27 | 29 | 26 | VK. Kani HS |
| | | | | | | | | | | | | |

# വിദ്യാർത്ഥികൾ




| | | | | |
|---|---|---|---|---|
| 1. | L.P | വിദ്യാർത്ഥികൾ | - | 1706 |
| 2. | U.P. | വിദ്യാർത്ഥികൾ | - | 1260 |
| 3. | H.S. | വിദ്യാർത്ഥികൾ | - | 686 |

# ഇതരമേഖലകൾ

## 1. വാർത്താവിതരണ മേഖല

തൊളിക്കോട് ഗ്രാമപഞ്ചായത്തിൽ അഞ്ച് ബ്രാഞ്ച് പോസ്റ്റാഫീസുകൾ പ്രവർത്തിക്കുന്നു. എന്നാൽ സബ് പോസ്റ്റാഫീസ് 8 കിലോമീറ്റർ അകലെയുള്ള വിതുരയിലാണ് സ്ഥിതിചെയ്യുന്നത്. ഒരു സബ് പോസ്റ്റാഫീസ് തൊളിക്കോട് പഞ്ചായത്തിൽ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ലെറ്റർ ബോക്സ് ഇല്ലാത്ത എല്ലാ പ്രധാന ജംഗഷനുകളിലും, ലെറ്റർ ബോക്സ് സ്ഥാപിക്കന്നതിന് നടപടി ഉണ്ടാകേണ്ടതാണ്.

## 2. ടെലഫോൺ

ടെലഫോൺ എക്സേഞ്ച് ഈ പഞ്ചായത്തിൽ നിന്നും 8 കിലോമീറ്റർ അകലെ വിതുരയിലാണ് സ്ഥിതിചെയ്യുന്നത്. ടെലഫോൺ ഗുണഭോഗ്താക്കൾ നമ്മുടെ ഗ്രാമത്തിൽ നൂറ് കണക്കിനുണ്ട് പുതുതായി ടെലിഫോൺ കണക്ഷൻ കിട്ടാൻ അപേക്ഷ സമർപ്പിച്ചവർ നിരവധിയാണ്. ടെലഫോൺ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തൊളിക്കോട് കേന്ദ്രമാക്കിഒരു ടെലഫോൺ എക്സേഞ്ച് സ്ഥാപിക്കുക.

## ബാങ്കിംഗ് മേഖല

തൊളിക്കോട് കേന്ദ്രമാക്കി ഇന്ത്യൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട് എങ്കിലും നമ്മുടെ ഗ്രാമപഞ്ചായത്തിലുള്ള തോട്ടുമുക്ക്, ആനപ്പെട്ടി, പൂളിച്ചാമല, ചായം, എന്നീ വാർഡുകൾ അടുത്ത പഞ്ചായത്തായ വിതുരയിൽ സ്ഥിതിചെയ്യുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ പ്രവർത്തന മേഖലയിലാണ്. ഇത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആകയാൽ മേൽപ്പറഞ്ഞ പ്രദേശങ്ങൾ തൊളിക്കോട് ഇന്ത്യൻ ബാങ്കിന്റെ പ്രവർത്തന പരിധിയിലാക്കുകയോ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖ തൊളിക്കോട് പഞ്ചായത്തിൽ ആരംഭിക്കുകയോ ചെയ്യുക!

തൊളിക്കോട് പഞ്ചായത്താഫീസിൽ വൺ മാൻ ട്രഷറി സ്ഥാപിക്കുക!

പഞ്ചായത്തിലെ സാമ്പത്തിക ഇടപാടുകൾ നെടുമങ്ങാട് സബ്ട്രഷറിനിന്നു മാറ്റി വിതുര സബ് ട്രഷറിയിലാക്കി മാറ്റുക.

മറ്റ് ആവശ്യങ്ങൾ

അമൂല്യ ഔഷദച്ചെടികളുടെ വിപണനത്തിനായി പാലോട് ട്രോപ്പിക്കൽ ബോട്ടാണിക്കൽ റിസർച്ച് സെന്ററിന്റെ ഒരു ഔഷധച്ചെടി വിപണനകേന്ദ്രം തൊളിക്കോട് പഞ്ചായത്തിൽ ആരംഭിക്കുക.

സർക്കാർ ഉടമയിലുള്ള ഔഷധിയുടെ ഒരു വിപണന ഡിപ്പോ തൊളിക്കോട് പഞ്ചായത്തിൽ ആരംഭിക്കുക

പാചകവാതക വിതരണ യൂണിറ്റ് തൊളിക്കോട് പഞ്ചായത്തിൽ സ്ഥാപിക്കുക

ഈഗ്രാമ പഞ്ചായത്തിന്റെ മധ്യ ഭാഗത്തു കൂടിയാണ് ആര്യനാട് വിതുര റോഡ് കടന്നു പോകുന്നത്. ഈ റോഡിന്റെ വലതുവശം മാത്രമാണ് ഇപ്പോൾ ഹിൽ എരിയാ ആയി പ്രഖ്യാപിച്ചിട്ടുള്ളത്. ഈ പഞ്ചായത്തിലുള്ളതും റോഡിന്റെ ഇടതു വശത്തുള്ളതുമായ ചെട്ടിയാംപാറ മേത്തോട്ടി പോലുള്ള പലപ്രദേശങ്ങളും യഥാർത്ഥത്തിൽ ഹില്ലിൽ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും ഹിൽ എരിയാ ആയി പ്രഖ്യാപിക്കണം.

# ഉപസംഹാരം.

ഒൻപതാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി നടത്തുന്നതിലൂള്ള നടപടികളിലാണല്ലോ നാം ഏർപ്പെട്ടിരിക്കുന്നത്. കേന്ദ്രീകൃത ആസൂത്രണം വരുത്തി തീർത്ത താള പിഴകൾ പരമാവധി പരിഹരിക്കാനാണ് വികേന്ദ്രീകൃത ആസൂത്രണത്തിലൂടെ പരിശ്രമിക്കുന്നത്. നമ്മുടെ രാജ്യവും ജനസാമാന്യവും എത്തിപ്പെട്ടിരിക്കുന്ന പ്രതിസന്ധി വിവരണാതീതമാണ്. മാനസികമായും ശാരീരികമായും ഉണ്ടാകാൻ പാടില്ലാത്ത ഒരു തരം മുരടിപ്പാണ് ബഹുഭൂരിപക്ഷം പേരിലും കൂടിയിരിക്കുന്നത്. ഇതുമൂലമുണ്ടായിട്ടുള്ള സ്വാർത്ഥതയും പക്ഷപാതവും മാറ്റി സൗഹൃദത്തിന്റെയും സാഹോദര്യത്തിന്റെയും മൃദുലഭാവങ്ങൾ കരുപിടിപ്പിച്ച് കൂട്ടായ്മയുടെയും വികസനത്തിന്റെയും നൂതനഭാവങ്ങൾ പുനസൃഷ്ടിച്ചേതീരു. ചുരുങ്ങിയ വിഭവങ്ങളുടെ സമൃദ്ധമായ ഉപയോഗം കൊണ്ട് പരമാവധി ഫലമുണ്ടാക്കുകയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ലക്ഷ്യം. 'എല്ലാവരുടെയും അത്യാവശ്യങ്ങൾ പരിഹരിക്കാനുള്ള വിഭവങ്ങൾ നമുക്ക് ധാരാളം ഉണ്ട്; എന്നാൽ എല്ലാവരുടേയും അത്യാഗ്രഹങ്ങൾ പരിഹരിക്കാൻ തക്ക വിഭവങ്ങളില്ല'.

ഗ്രാമസഭകളിലൂടെ ഉയർന്നുവന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ നാഡീസ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നതായിരുന്നു. അവശ്യം പരിഹരിക്കേണ്ട നിരവധി കാര്യങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. ഒൻപതാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുന്നതോടെ സ്വയം പര്യാപ്തമായ ഗ്രാമം സൃഷ്ടിച്ച് കൊണ്ട് ബഹുഭൂരിപക്ഷം പ്രശ്നങ്ങൾക്കും പരിഹാരം കാണാനാവും എന്ന് നമുക്ക് പ്രത്യാശിക്കാം. ഘട്ടംഘട്ടമായി പദ്ധതി വിഹിതം ഉപയോഗിച്ചും വിഭവസമാഹരണം നടത്തിയും കൈകോർത്തുനിന്ന് പ്രവർത്തിച്ചാൽ ലക്ഷ്യം ഫലപ്രാപ്തിയിലെത്തുക തന്നെ ചെയ്യും. മുൻപത്തേതിൽ നിന്നും വ്യത്യസ്തമായ് പഞ്ചായത്തുകൾക്ക് നിരവധി അധികാര അവകാശങ്ങൾ ലഭിച്ചിരിക്കുകയാണ്. എട്ടാം പഞ്ചവത്സരപദ്ധതിവരെ വികസനാവശ്യങ്ങൾ കണ്ടറിഞ്ഞത് ഉദ്യോഗസ്ഥൻമാരായിരുന്നെങ്കിൽ ഇപ്പോൾ വികസന മേഖലകൾ തൊട്ടറിയുന്നത് ബഹുജനങ്ങളാണ്. ഇന്ത്യയിലെ ജനങ്ങളിൽ വികസനമേഖലയെ ഉയർത്തികാട്ടി പഞ്ചായത്തുകളിലൂടെ നടപ്പിലാക്കാൻ ആദ്യമായി അവസരം ലഭിക്കുന്നത് കേരളീയരായ നമുക്കാണ്. പദ്ധതികൾ രൂപീകരിക്കുന്നതും പരിരക്ഷിക്കുന്നതും വിഭവങ്ങൾ കണ്ടെത്തുന്നതും അത് വിനിയോഗിക്കുന്നതും അനുഭവിക്കുന്നവരുടെ കാർമ്മികത്വത്തിൽ തന്നെയെന്നതാണ് ശ്രദ്ധേയമായ കാര്യം. സമഗ്രവികസന റിപ്പോർട്ടിൽ ഉയർത്തികാണിച്ചിട്ടുള്ള പ്രശ്നങ്ങളുടെ തീവ്രതയിലേക്ക് മുഴുവൻ ഗ്രാമവാസികളുടെയും ഏകാത്മകമായ ശ്രദ്ധയുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ച് കൊള്ളട്ടെ! കക്ഷിരാഷ്ട്രീയ പരിഗണനകൾക്കും വ്യക്തിതാല്പര്യപരിഗണനകൾക്കും അതീതമായി നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ക്ഷേമഐശ്വര്യങ്ങൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ എല്ലാഗ്രാമവാസികളുടെയും ശ്രദ്ധേയമായ പങ്ക് ആദരവോടെ ക്ഷണിച്ചു കൊണ്ട് ക്രിയാത്മകമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി ഈ വികസനരേഖ വിനയപൂർവ്വം സമർപ്പിക്കുന്നു.

എന്ന്

തൊളിക്കോട് ഗ്രാമപഞ്ചായത്ത് സമിതിക്കുവേണ്ടി

**ശോഭനാ ജോർജ്**

ഗ്രാമ പഞ്ചായത്തു പ്രസിഡന്റ്.

23.12.1996-ൽ നടന്ന [illegible]ക്കോട് ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ പദ്ധതിയോടനുബന്ധിച്ചുള്ള
വികസന സെമിനാറിൽ ഉയർന്നുവന്ന
നിർദ്ദേശങ്ങൾ

കൃഷി - മണ്ണു സംരക്ഷണം

22. നെൽകൃഷി പരിപോഷിപ്പിക്കുന്നതിനുവേണ്ടി നെൽകൃഷി സഹകരണസംഘം രൂപീകരിക്കുക. പ്രസ്തുത സംഘം മുഖേന വിത്ത്, വളം, കീടനാശിനി, കാർഷികയന്ത്രങ്ങൾ, മറ്റുപാധികൾ എന്നിവ ലഭ്യമാക്കുക.

23. നെൽകൃഷി ചിലവിന്റെ 50% സർക്കാർ ഗ്രാന്റായി നൽകുക.

24. കർഷകർക്ക് ആധുനിക കൃഷി വിജ്ഞാനം പകരുന്നതിനുവേണ്ടി മാസത്തിൽ ഒരുദിവസം വാർഡടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

25. "[illegible] പദ്ധതി" പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

ചെറുകിട ജലസേചന തോടുകൾ

| | |
|---|---|
| 43. ചെറുപ്പണി മേലെ തോട് | 2 കി.മീ. |
| 44. കടറക്കുന്നം തോട് | 2 കി.മീ. |
| 45. തച്ചൻകോട് മേലെതോട് | 2 കി.മീ. |
| 46. വെടിയൻപാറ തച്ചൻകോട് തോട് | 3 കി.മീ. |
| 47. വേട്ടുവൻ തോട് പ്രേപ്പയം തോട് | 2 കി.മീ. |
| 48. പടിപ്പേടുപ്പാറ-ചേന്നപ്പാറ | 1 കി.മീ. |
| 49. ചംവേടുപ്പാറ-മുതുകുഴി | 1 കി.മീ. |

മൃഗസംരക്ഷണം

23. പനയ്ക്കോടെത്തിലെ ഐ.സി.ഡി.പി.യുമായി ബന്ധപ്പെട്ട് സ്വയം പ്രവർത്തിക്കത്തക്കവിധം ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറെ നിയമിക്കുക.

24. കനാലുകൾക്കുള്ള ഉൾ ചാനൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുക.

25. ആഴ്ചയിൽ രണ്ടു ദിവസം ക്ഷീരസഹകരണസംഘങ്ങളിൽ മൃഗഡോക്ടർമാർ എത്തി ചികിത്സ നൽകുന്ന രീതി ആരംഭിക്കുക.

26. പേ വിഷബാധയ്ക്കെതിരെയുള്ള കുത്തിവെപ്പ് സൗജന്യവും സാർവ്വത്രികവും ആക്കുക.

പൊതുജനാരോഗ്യം

18. തെളിക്കോട് ഗ്രാമ പഞ്ചായത്തിന്റെ 10 വാർഡുകളിലും ആരോഗ്യപ്രവർത്തനം നടത്തുന്നത് മലയടി പ്രാഥമികാരോഗ്യകേന്ദ്രമാണ്. ഈ സംവിധാനം മറ്റ് ഗ്രാമപഞ്ചായത്തതിർത്തിയിലുള്ള മലയടി പി.എച്ച്.സി., തെളിക്കോട് പി.എച്ച്.സി. എന്നിവയുടെ കീഴിൽ 5 വാർഡുകൾ വീതം നൽകി ജോലി ക്രമീകരിക്കുക.

19. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന പീപ്പിൾസ് കർമ്മ സംഘങ്ങളിലെ വനിതകൾക്ക് സർക്കാരിൽനിന്നും വേതനം അനുവദിക്കുക.

20. തെളിക്കോട് പി.എച്ച്.സി.യിൽ ശുദ്ധജലത്തിനായി പമ്പ്സെറ്റും പൈപ്പും സ്ഥാപിക്കുക.

ഊർജ്ജവും ഗതാഗതവും

ഊർജ്ജം

17. എല്ലാ ലക്ഷംവീടുകളിലും വയറിംഗ് നടത്തുക.

18. കണ്ണങ്കര ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വിദ്യാഭ്യാസം

32. ഹൈസ്കൂളുകളിൽനിന്നും പ്രീപ്രൈമറി വിഭാഗം വേർപെടുത്തുമ്പോൾ തെളിക്കോട് ഗവ.ഹൈസ്കൂളിൽ ഒരു പ്രീപ്രൈമറി ക്ലാസ് തുടങ്ങാനുള്ള നടപടി സ്വീകരിക്കുക.

33. പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കുക.

.....3

34. കായികപരിശീലനം, പ്രവൃത്തിപരിചയം, സംഗീതം, ചിത്രകല തുടങ്ങി വിഷയങ്ങൾക്ക് പ്രത്യേക അദ്ധ്യാപകരെ നിയമിക്കുകയും, ഈ വിഷയങ്ങൾക്ക് സിലബസ്സും പരീക്ഷയും ഏർപ്പെടുത്തുകയും ചെയ്യുക.

35. ഉച്ചക്കഞ്ഞിവിതരണം കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടി സ്വീകരിക്കുക.

36. ബാലവാടി, അംഗൻവാടി, നേഴ്സറികൾ എന്നിവയുടെ പ്രവർത്തനം ഏകീകരിക്കുക.

37. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ലീഷിൽ ബിരുദം നേടിയ അദ്ധ്യാപകരെ തന്നെ നിയമിക്കുക.

<u>വ്യവസായം</u>

21. നാളികേരത്തിൽനിന്നും എണ്ണ, പിണ്ണാക്ക്, വിനാഗിരി, ക്രീമുകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്ന ഒരു സംസ്കരണയൂണിറ്റ് പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കുക.

<u>വനിതാക്ഷേമം</u>

20. നിർദ്ധനരായ വനിതകൾക്കുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ വർഷത്തി-ലൊരിക്കൽ സമൂഹവിവാഹം ഏർപ്പെടുത്തുക.

<u>പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം</u>

38. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗകോളനികളും ഐ.എച്ച്.ഡി.പി. കോളനികളാക്കുക.

39. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും സർക്കാർ പ്രസിദ്ധീകരണ-ങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

<u>ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും</u>

16. മൂന്നുംമുക്ക് ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് പ്രവർത്തനം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.

<u>വിഭവസമാഹരണം</u>

16. പഞ്ചായത്തിലെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കു മുൻപിലും റോഡിനിരു-വശങ്ങളിലും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക.